2025 AUGUST 11

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# ഭാരതാംബക്ക് ആദരവുമായി നഗരങ്ങളിൽ സ്വാതന്ത്ര്യ ദിനാഘോഷം



## സ്വാതന്ത്ര്യദിന സന്ദേശവുമായി രാജ്മോഹൻ ഉണ്ണിത്താൻ എം.പി




SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
HYUNDAI
RAM
INFINITI
ACURA
Jeep
KIA
FIAT
NISSAN
GT R CERTIFIED COLLISION REPAIR PROVIDER
COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ഭാരതാംബക്ക് ആദരവുമായി നഗരങ്ങളിൽ സ്വാതന്ത്ര്യ ദിനാഘോഷം

## ക്യൂൻസിൽ വർണാഭമായ ഇന്ത്യ ഡേ പരേഡ്

## വലിയ മലയാളി പങ്കാളിത്തം




ന്യൂ യോർക്ക്: മൻഹാട്ടൻ കഴിഞ്ഞാൽ ന്യൂ യോർക്ക് സിറ്റിക്കുള്ളിൽ തന്നെ നടക്കുന്ന ക്വീൻസ് ഇന്ത്യ ഡേ പരേഡിൽ ആയിരങ്ങൾ ഭാരതാംബക്ക് ആദരവുമായി അണിനിരന്നപ്പോൾ ഹിൽസൈഡ് അവന്യൂ ത്രിവർണങ്ങളിൽ മുങ്ങി. ഫ്ലോറൽ പാർക്ക് ബെൽറ്റ്സ് മർച്ചന്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരേഡ് പത്താം വർഷത്തിലേക്കു കടന്നപ്പോൾ ഇന്ത്യാക്കാരുടെ ഒരുമയും ശക്തിയും പ്രകടിപ്പിക്കുന്ന വാർഷോകോത്സവമായി അത് . മലയാളികൾ നേതൃത്വം നൽകുന്ന ഏക പരേഡ് എന്ന നിലയിൽ മലയാളി സാന്നിധ്യവും പരേഡിനെ വ്യത്യസ്തമാക്കി.

കടുത്ത ചൂടിനെ അവഗണിച്ചും ആബാലവൃദ്ധം ജനങ്ങൾ പരേഡിന് ഹിൽസൈഡ് അവന്യൂവിൽ 268 മത് സ്ട്രീറ്റിൽ അണിനിരന്നു. ഫ്ളോട്ടുകളും താളമേളങ്ങളും ത്രിവർണ പതാകകളും ഭാരതമാതാവിനു ജയ് വിളികളുമായി ജനം അണിനിരന്നപ്പോൾ കാഴ്ചക്കാരായും റോഡിനിരുവശത്തും നിരവധി ജനങ്ങൾ.

ന്യൂ യോർക്ക് പോലീസിന്റെ സജീവ സാന്നിധ്യമായിരുന്നു ആദ്യം സ്യൃതിഹയിൽ പെടുക. അശ്വാരൂഢരായ പോലിസ് ഓഫിസർമാർ നയിച്ച പരേഡിന് പിന്നിൽ പൊലീസിലെ ദേശി അംഗങ്ങൾ മാർച്ച് ചെയ്തു. സിറ്റി പൊലീസിലെ ദേശി സൊസൈറ്റിയും പരേഡിനെത്തി. അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് അംഗബലത്തോടെ പരേഡിനെത്തി.

മതഭേദമില്ലാതെ ബി.എ.പി.എസ്, ജൈന സൊസൈറ്റി, ക്രിസ്ത്യൻ സംഘടനകൾ എന്നിവ



പരേഡിൽ മാർച്ച് ചെയ്തതും ഇന്ത്യയുടെ പ്രത്യേകതയായ ബഹുസ്വരതയുടെ പ്രതിഫലനമായി.

ബോളിവുഡ് നടി ശേഷാൽ ശർമ്മ ആയിരുന്നു ഗ്രാൻഡ് മാർഷൽ. മിസ് ന്യൂ യോർക്ക് ആയിരുന്ന മീരാ മാത്യൂസ്, കേരളത്തിൽ നിന്ന് വന്ന മുൻ ഡി.ജി.പി. ഋഷിരാജ് സിംഗ്, മുൻ ന്യൂ യോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ് തുടങ്ങിവരും പരേഡിനെ നയിച്ചു.

അസൗകര്യം മൂലം മേയർ എറിക്ക് ആഡംസിനു എത്താനായില്ല. എന്നാൽ മേയർ സ്ഥാനത്തേക്ക് മത്സരിക്കുന്ന റിപ്പബ്ലിക്കൻ സ്ഥാനാർഥി കർട്ടിസ് സ്ലീവാ, ഡമോക്രാറ്റിക് സ്ഥാനാർത്ഥിയും ക്വീൻസിലെ തന്നെ അസംബ്ലിമാനുമായ സൊഹ്റാൻ മാംദാനി എന്നിവർ എത്തി. ഇരുവരും ഔദ്യോഗിക ക്ഷണിതാക്കളല്ലായിരുന്നുവെങ്കിലും അവരുടെ സാന്നിധ്യം ശ്രദ്ധിക്കപ്പെട്ടു. പ്രത്യേകച്ചു യുവജനതയുടെ വലിയ സംഘവുമായി എത്തിയ ഇന്ത്യാക്കാരൻ കൂടിയായ മാംദാനിയുടെ സാന്നിധ്യം.

ക്വീൻസ് ബോറോ പ്രസിഡന്റ് ഡൊണോവൻ റിച്ചാർഡ്സ്, അസംബ്ലിമാൻ ബൗണ്സ്റ്റെയിൻ, അസംബ്ലിവുമണും ഇന്ത്യാക്കാരിയുമായ ജെന്നിഫർ രാജ്കുമാർ, ഇന്ത്യൻ കോൺസുലേറ്റിൽ നിന്നുള്ള കോൺസൽ സെവാഗ്, നാസാ കൗണ്ടി ലെജിസ്ളേറ്റർ ക്രിസ്റ്റിൻ ലു തുടങ്ങിയവർ പ്രസംഗിച്ചു.

സാംസ്കാരിക പരിപാടികൾ, ട്രേഡ് ഷോ, ഫുഡ് സ്റ്റാൾ, ഡിജെ



എന്റർടെയ്ന്മെന്റ് എന്നിങ്ങനെ പ്രായഭേദമന്യേ എല്ലാവർക്കും ആസ്വദിക്കാവുന്ന തരത്തിലാണ് ആഘോഷങ്ങൾ അണിയിച്ചൊരുക്കിയത്. വിവിധ കലാപരിപാകളോടെ ചടങ്ങുകൾക്ക് സമാപനമായി. പരേഡ് കമ്മിറ്റി ചെയർ കോശി തോമസ് (കോശി ഉമ്മൻ) ആയിരുന്നു.

സുഭാഷ് കപാഡിയ (ചെയർമാൻ), ഉജ്വല ഷാ (വൈസ് ചെയർമാൻ), കളത്തിൽ വർഗീസ്, മാത്യു തോമസ്, കോശി തോമസ് എന്നിവരാണ് അസോസിയേഷന്റെ ഡയറക്ടർമാർ. ഇവർക്ക് പുറമെ ഡിൻസിൽ ജോർജ് (പ്രസിഡന്റ്), മേരി ഫിലിപ്പ് (സെക്രട്ടറി), ആശ മാമ്പിള്ളി (ട്രഷറർ), ജോർജ്ജ് സി.പറമ്പിൽ, അരുൺ ചന്ദ്ര, വി.എം.ചാക്കോ, രാജു എബ്രഹാം, അശോക് ജെയിൻ, വിനോദ് ആർ.പട്ടേൽ, ദിവ്യേഷ് ത്രിപാഠി, രജ്നിബായ് ഗാന്ധി തുടങ്ങിയ പ്രമുഖർ അടങ്ങുന്ന കമ്മിറ്റിയുടെ അദ്ധ്വാനത്തിന്റെ ഫലമായാണ് ഇന്ത്യയുടെ സ്വാതന്ത്ര്യദിനം മാതൃരാജ്യത്തെ അതേ ആവേശത്തോടെ അമേരിക്കയിലും ആഘോഷിക്കപ്പെട്ടത്.







BRIDE & GROOM
EXPERT TAILORING
NEW YORK CITY
DEPARTMENT OF CORRECTION


CURTIS
SLIWA
SliwaForNYC.com


FARMERS MARKET
Xclusif
BRIDE & GROOM
NEW YORK CITY
DEPARTMENT OF CORRECTION
CORRECTION DEPARTMENT
CITY OF NEW YORK


JAIN
JAIN CENTER OF AMERICA INC.
NEW YORK
43- 11 ITHACA STREET,
ELMHURST, NY - 11373
TEL. : (718) 478 9141
FAX : (718) 478 9144


KOSHY OOMMEN THOMAS
@ LENDME.COM
LOWRATE LOANS
347 867 1200

# 2025 ഇന്ത്യയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും അപകടത്തിലായ വർഷം: രാജ്മോഹൻ ഉണ്ണിത്താൻ എംപി

ന്യു യോർക്ക്: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ട്രൈസ്റ്റേറ്റ് ചാപ്റ്റേഴ്സ് റോക്ക് ലാൻഡിലെ കോക്കേഴ്സിൽ സംഘടിപ്പിച്ച സ്വാതന്ത്യദിനാഘോഷത്തിൽ മുഖ്യാതിഥിയായി കാസർകോഡ് എം.പി രാജ്മോഹൻ ഉണ്ണിത്താൻ പങ്കെടുത്തു.




ഐ.ഓ.സി. പ്രസിഡന്റ് മൊഹിന്ദർസിംഗ് ഗിൽസിയൻ, ഐ.ഓ.സി. വൈസ് ചെയർ ജോർജ് എബ്രഹാം, കേരള ചാപ്ടർ നേതാക്കളായ ലീല മാരേട്ട്, പോൾ കറുകപ്പള്ളി, ജോസ് ജോർജ്, നോവ ജോർജ്, ഷൈമി ജേക്കബ്, വർഗീസ് പോത്താനിക്കാട്, തുടങ്ങിയവർ നേതൃത്വം നൽകി. റോക്ക് ലാൻഡ് ലെജിസ്ളേറ്റർ ഡോ. ആനി പോൾ, ബൽദേവ് രൺധാവ തുടങ്ങിയവർ പ്രസംഗിച്ചു.

1968 ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ച താൻ ആദ്യമായാണ് അമേരിക്കയിൽ വരുന്നതെന്നും ജീവിതത്തിൽ ആദ്യമായാണ് ഒരു വിദേശരാജ്യത്ത് ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതെന്നും പറഞ്ഞുകൊണ്ടാണ് രാജ്മോഹൻ ഉണ്ണിത്താൻ എം.പി. പ്രസംഗം ആരംഭിച്ചത്.

പോർച്ചുഗീസുകാർ,ഡച്ചുകാർ, ഈസ്റ്റ് ഇന്ത്യ കമ്പനി,ബ്രിട്ടീഷുകാർ എന്നിങ്ങനെ 200 വർഷക്കാലം നമ്മുടെ രാജ്യം വൈദേശിക ആധിപത്യത്തിൽ കഴിഞ്ഞത് അദ്ദേഹം അനുസ്മരിച്ചു. അവരൊക്കെയും കച്ചവടത്തിനായി വന്ന് ഭാരതത്തിന്റെ സമ്പത്ത് അവരുടെ നാട്ടിലേക്കു കൊണ്ടുപോയപ്പോൾ, ബ്രിട്ടീഷുകാർ സമ്പത്ത് കൊള്ളയടിക്കുന്നതുകൂടാതെ ബ്രിട്ടന്റെ ഒരു കോളനിയാക്കി നമ്മുടെ രാജ്യത്തെ മാറ്റുകയും ചെയ്തു.

ആ ദുർഭരണത്തിനെതിരെ






ആദ്യം ശബ്ദമുയർത്തിയ മംഗൽ പാണ്ഡെ എന്ന പട്ടാളക്കാരനെക്കുറിച്ചും 1857 ൽ നടന്ന ഒന്നാം സ്വാതന്ത്ര്യസമരം അഥവാ ശിപ്പായി ലഹളയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിന് പിന്നാലെ ആഫ്രിക്കയിൽ നിന്ന് ഭാരതത്തിലേക്കുള്ള മഹാത്മാ ഗാന്ധിയുടെ വരവും വഴിത്തിരിവായി.

ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കും മുൻപ്, അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗുരുവായ ഗോപാലകൃഷ്ണ ഗോഖലെയുടെ ഉപദേശപ്രകാരം ഭാരതത്തിലെ ജനങ്ങൾ അനുഭവിച്ച ക്ലേശങ്ങൾ മനസ്സിലാക്കുന്നതിന് രാജ്യത്തിന്റെ അങ്ങോളമിങ്ങോളം സഞ്ചരിച്ചു. ഓരോ സംസ്ഥാനത്തെയും നവോത്ഥാന നായകന്മാരെ നേരിൽ കണ്ട് അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടാണ് ഗാന്ധിജി ഭാരതപര്യടനം പൂർത്തിയാക്കിയത്.



ഒരു മനുഷ്യായുസ്സ് മുഴുവൻ ഹിംസയ്ക്കെതിരെ അഹിംസ ആയുധമാക്കിക്കൊണ്ട് പോരാടിയാണ് ഗാന്ധിജി നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. 'നിവേദനം' നൽകിയിട്ട് ബ്രിട്ടീഷുകാർ വഴങ്ങാതെ വന്നപ്പോൾ 'നിസഹകരണം' പ്രയോഗിച്ചു. അതും ഫലം കാണാതിരുന്നപ്പോൾ 'നിയമലംഘന'ത്തിന് മുതിർന്നു. ബ്രിട്ടീഷുകാർ പുറപ്പെടുവിക്കുന്ന എല്ലാ നിയമങ്ങളെയും എതിർത്തുകൊണ്ടുള്ള ആ പോരാട്ടത്തിന്റെ ഭാഗമായിരുന്നു ദണ്ഡിയാത്ര ഉൾപ്പെടെയുള്ള ചരിത്ര സംഭവങ്ങൾ.

അതിലും വഴങ്ങാതെ വന്നപ്പോൾ 'നിരാഹാരസമരം' ആരംഭിച്ചു. അതിലും വഴങ്ങാതെ വന്നപ്പോഴാണ് എഐസിസി പ്രസിഡന്റായി മൗലാനാ അബ്ദുൽ കലാം ആസാദ് അധ്യക്ഷത വഹിച്ച വേദിയിൽ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു ക്വിറ്റ് ഇന്ത്യ പ്രമേയം അവതരിപ്പിച്ചത്. ഇന്ത്യയുടെ ഉരുക്കുമനുഷ്യനായ സർദാർ വല്ലഭായ് പട്ടേൽ പ്രമേയത്തെ പിന്താങ്ങി. ആ യോഗത്തിൽ വച്ച് മഹാത്മജി നടത്തിയ പ്രസംഗത്തിൽ 'ഇന്ത്യയ്ക്ക് വേണ്ടി പ്രവർത്തിക്കുക അല്ലെങ്കിൽ രാജ്യത്തിനുവേണ്ടി മരിച്ചുവീഴുക' എന്ന വഴിയേ മുൻപിലുള്ളു എന്ന് വ്യക്തമാക്കിയിരുന്നു.

ദേശീയ നേതാക്കൾ ഒന്നടങ്കം അറസ്റ്റിലായി. ജനങ്ങൾ നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതി

**കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 400 സീറ്റ് കിട്ടിയാൽ ഇന്ത്യയുടെ ഭരണഘടന മാറ്റിയെഴുതും എന്നുപറഞ്ഞവരാണ് ഇന്ന് രാജ്യം ഭരിക്കുന്നത്. ആർഎസ്എസ് രൂപീകരിച്ച് 100 വർഷത്തിനുള്ളിൽ ഇന്ത്യയിലെ ജനാധിപത്യം തകർക്കുമെന്നും ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റുമെന്നുമുള്ള അവരുടെ പ്രഖ്യാപനവും അദ്ദേഹം ഊന്നിപ്പറഞ്ഞു.**

ഷേധിച്ച് തെരുവിലിറങ്ങി. രാജ്യമാസകാലം രക്തപ്പുഴയൊഴുകി. അവസാനം ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ക്യാബിനറ്റ് കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാനുള്ള തീരുമാനം അറിയിക്കുന്നത്. 1946 സെപ്റ്റംബർ 6 ന് നെഹ്റു പ്രധാനമന്ത്രി ആയിക്കൊണ്ടുള്ള കൂട്ടുകക്ഷി മന്ത്രിസഭയെ ബ്രിട്ടൻ അധികാരമേല്പിച്ചു.1947 ഓഗസ്റ്റ് 14 അർദ്ധരാത്രി ഇന്ത്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനം ഉണ്ടാകുമ്പോൾ വീണ്ടും മതത്തിന്റെ പേരിൽ ഭിന്നത ഉടലെടുത്തു-പാകിസ്ഥാനും ഇന്ത്യയും രൂപപ്പെട്ടു. മുഹമ്മദലി ജിന്ന പാകിസ്താന്റെ രാഷ്ട്രപിതാവായി. രാജ്യത്ത് വിവിധ ഇടങ്ങളിൽ വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു.













സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് നെഹ്റു പാർലമെന്റിൽ നടത്തിയ പ്രസംഗം കേൾക്കാൻ മഹാത്മാ ഗാന്ധി എത്തിച്ചേർന്നില്ല, സമാധാനത്തിന്റെ ദൂതുമായി ആ അർദ്ധനഗ്നനായ ഫക്കീർ കലാപം നടന്ന ഇടങ്ങളിൽ ആയിരുന്നു . നെഹ്റുവിന് ഹിന്ദു മഹാസഭ ഒരു തീവണ്ടി സമ്മാനമായി അയച്ചുകൊടുത്തു. മുസ്ലീങ്ങളുടെ ദുർഗന്ധം വമിക്കുന്ന മൃതശരീരങ്ങളുടെ കൂമ്പാരമായിരുന്നു അതിൽ. സ്വതന്ത്ര ഭാരതത്തിന്റെ ആദ്യ പ്രധാനമന്ത്രിക്ക് ഹിന്ദു മഹാസഭയുടെ ഉപഹാരം എന്ന് ആ തീവണ്ടിയിൽ എഴുതിയിരുന്നു.

ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാക്കണമെന്ന ആവശ്യവും അവർ മുന്നോട്ടുവച്ചു. കരിമ്പിൻചണ്ടി പോലെ ബ്രിട്ടീഷുകാർ വലിച്ചെറിഞ്ഞ ഒരു രാജ്യമാണ് നെഹ്റു ഏറ്റെടുത്തത്. ആലസ്യത്തിൽക്കിടന്ന ജനതയെ തട്ടിയുണർത്തി അദ്ദേഹം കർമ്മപഥത്തിൽ കൊണ്ടുവന്നു. ഇന്ന് കാണുന്ന ആധുനിക ഇന്ത്യയ്ക്ക് അടിത്തറ പാകിയത് നെഹ്രുവാണ്. പിന്നീട് അദ്ദേഹത്തിന്റെ പുത്രി ഇന്ദിര ഗാന്ധി ഹരിത വിപ്ലവവും ധവള വിപ്ലവവും കൊണ്ടുവന്നതും ബാങ്കുകൾ ദേശസാത്കരിച്ചതും അണ്വായുധ രംഗത്തേക്കും വികസനത്തിന്റെ പാതയിലേക്കും നടത്തിച്ചത് ഉണ്ണിത്താൻ എണ്ണിയെണ്ണി പറഞ്ഞു.

ഖലിസ്ഥാൻ തീവ്രവാദത്തെ എതിർത്തതിന്റെ പേരിൽ അവർക്ക് ജീവത്യാഗം ചെയ്യേണ്ടി വന്നു. പിന്നീട് രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയപ്പോൾ ഇൻഫോർമേഷൻ റെവല്യൂഷന് തുടക്കം കുറിച്ചതും രാജ്മോഹൻ ഉണ്ണിത്താൻ ചൂണ്ടിക്കാട്ടി. ലോകത്തിലെ ഏറ്റവും വലിയ വാർത്താവിനിമയ വിപ്ലവം നമ്മുടെ രാജ്യത്തുണ്ടായി.

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയൊമ്പതാം വാർഷികത്തിൽ അത് നേടിത്തന്നതും രാജ്യത്ത് ജനാധിപത്യവും മതേതരത്വവും സാധ്യമാക്കിയതും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഐതിഹാസിക പോരാട്ടം കൊണ്ടാണെന്ന് ഓർക്കണമെന്ന് ഉണ്ണിത്താൻ പറഞ്ഞു .

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 400 സീറ്റ് കിട്ടിയാൽ ഇന്ത്യയുടെ ഭരണഘടന മാറ്റിയെഴുതും എന്നുപറഞ്ഞവരാണ് ഇന്ന് രാജ്യം ഭരിക്കുന്നത്. ആർഎസ്എസ് രൂപീകരിച്ച് 100 വർഷത്തിനുള്ളിൽ ഇന്ത്യയിലെ ജനാധിപത്യം തകർക്കുമെന്നും ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കി മാറ്റുമെന്നുമുള്ള അവരുടെ പ്രഖ്യാപനവും അദ്ദേഹം ഊന്നിപ്പറഞ്ഞു. 2025 ഇന്ത്യയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും അപകടത്തിലായ വർഷമാണെന്നും എംപി ചൂണ്ടിക്കാട്ടി.

രാഹുൽ ഗാന്ധി പുറത്തുകൊണ്ടുവന്ന കർണാടകയിലെ വോട്ടിങ് ക്രമക്കേടുകളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

# റോക്ക് ലാൻഡ് പരേഡിൽ മുഖ്യാതിഥിയായി രാജ്മോഹൻ ഉണ്ണിത്താൻ എം.പി






ICSR
INDIA CULTURAL
SOCIETY OF ROCKLAN


HUDSON VALLEY
MALAYALEE ASSOCIATION
FOKANA®




ICSR
INDIA CULTURAL
SOCIETY OF ROCKLAN

# റോക്ക് ലാൻഡിൽ ദേശസ്നേഹം തുടിച്ചു നിന്ന സ്വാതന്ത്ര്യദിന പരേഡ്

ന്യൂ യോർക്ക്: റോക്ക് ലാൻഡിലെ ന്യൂ സിറ്റിയിൽ ഇന്ത്യൻ കൾച്ചറൽ സൊസൈറ്റി ഓഫ് റോക്ക് ലാൻഡിന്റെ (ഐ.സി.എസ്. ആർ) നേതൃത്വത്തിൽ ഇന്ത്യ ഡേ പരേഡ് വർണാഭമായി. ദേശസ്നേഹം തുടിച്ചു നിന്ന അന്തരീക്ഷത്തിൽ ന്യൂ സിറ്റി ലൈബ്രറിക്കു മുന്നിൽ നിന്നാരംഭിച്ച പരേഡ് കൗണ്ടി കോർട്ടിന് മുന്നിൽ സമാപിച്ചു.

ഇന്ത്യൻ വസ്ത്രങ്ങളണിഞ്ഞ് എത്തിയ ജനങ്ങൾ ഭാരതമാതാ കീ ജെയ്, വന്ദേമാതരം മുദ്രാവാക്യങ്ങളുമായി മാർച്ച് ചെയ്തു. ചെണ്ടമേളത്തിന്റെ മുഴങ്ങുന്ന ശബ്ദം ഇന്ത്യൻ സമൂഹത്തിന്റെ മുന്നേറ്റത്തിന്റെ കാഹളമായി. അശ്വാരൂഢരായ പോലീസ് മാർച്ച് മുന്നിൽ നിന്ന് നയിച്ചു.

ഫൊക്കാന, ഹഡ്സൺവാലി മലയാളി അസോസിയേഷൻ തുടങ്ങി വിവിധ മലയാളി സംഘടനകളും പരേഡിൽ പങ്കെടുത്തു . റോക്ക് ലാൻഡ് കൗണ്ടി ടൂറിസവും പരേഡിനെ പിന്തുണച്ചു.

കൗണ്ടി കോർട്ടിന് മുന്നിൽ ഐ.സി.എസ്. ആർ പ്രസിഡന്റ് അൽക ഷാ ഇന്ത്യൻ പതാക ഉയർത്തി.

ഇന്ത്യയിൽ നിന്ന് എത്തിയ രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ആയിരുന്നു മുഖ്യാതിഥി. സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം എടുത്തുകാട്ടിയ അദ്ദേഹം പ്രവാസ നാട്ടിലും ഇന്ത്യാക്കാർ ജന്മനാടിനോടുള്ള സ്നേഹം അചഞ്ചലമായി കാത്തു സൂക്ഷിക്കുന്നതിൽ അഭിമാനം കൊണ്ടു. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയവർക്കും ജീവൻ ബലിയർപ്പിച്ചവർക്കും അദ്ദേഹം ആദരാഞ്ജലി അർപ്പിച്ചു.

റോക്ക് ലാൻഡ് കൗണ്ടി എക്സിക്യൂട്ടീവ് എഡ് ഡേ, ക്ലാർക്സ്ടൗൺ ടൗൺ സൂപ്പർവൈസർ ജോർജ്ജ് ഹോമൻ, സ്റ്റേറ്റ് സെനറ്റർ ബിൽ വെബ്ബർ, റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ തുടങ്ങിയവർ ജനങ്ങളെ അഭിസംബോധന ചെയ്തു.

ഓഗസ്റ്റ് 15 റോക്ക്ലാൻഡ് കൗണ്ടിയിൽ ഇന്ത്യാ ദിനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രൊക്ലമേഷൻ ഡോ ആനി പോൾ വായിച്ചു. സമ്മേളനത്തിന് ശേഷം വിവിധ കലാപരിപാടികൾ നടന്നു. ഭക്ഷണ വിതരണം , വിവിധ സ്റ്റാളുകൾ എന്നിവയും ഏറെപ്പേരെ ആകർഷിച്ചു.








T Mobile


HUDSON VALLEY
MALAYALEE ASSOCIATION
FOKANA®
Stop&Shop
JOB LOT


GUEST






India Press Club of North America
IPCNA
India Press Club of North America
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
SHERATON
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# മഹാത്മ ഗാന്ധി എങ്ങനെ ആത്മഹത്യ ചെയ്തു എന്ന് പഠിപ്പിക്കുന്ന കാലം; ഇത് നാം നേരിടണം: രാജ്മോഹൻ ഉണ്ണിത്താൻ എം.പി.



ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ പെൻസിൽവാനിയ ഘടകം സംഘടിപ്പിച്ച ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത രാജ്മോഹൻ ഉണ്ണിത്താൻ എം.പി. നടത്തിയ ശ്രദ്ധേയയാമായ പ്രസംഗം ഇന്ത്യയുടെ ഭൂതകാലവും വർത്തമാന കാലവും കൃത്യമായി അടയാളപ്പെടുത്തുന്നതായിരുന്നു.

ക്രിസ്റ്റോസ് മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ തിങ്ങി നിറഞ്ഞ കോൺഗ്രസ് പ്രവർത്തകരെ അഭിസംബോധന ചെയ്ത അദ്ദേഹം രാജ്യം നേരിടുന്ന വെല്ലുവിളികളും രാജ്യത്തിന്റെ ബഹുസ്വരത അട്ടിമറിച്ച് ഹിന്ദു രാഷ്ട്രം രൂപീകരിക്കാനുള്ള നീക്കങ്ങളും എടുത്തു കാട്ടി.

രാജ്മോഹൻ ഉണ്ണിത്താൻ ഡിസ്സയ പതാക ഉയർത്തിയതോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയിൽ അദ്ദേഹത്തെ ഹാളിലേക്ക് എതിരേറ്റു.

സമ്മേളനത്തിൽ പെൻസിൽവാനിയ സ്റ്റേറ്റ് സെനറ്റർ ഷെരിഫ് സ്ട്രീറ്റ്, സ്റ്റേറ്റ് റെപ് ഷോൺ ഡോഹട്രി എന്നിവർ പങ്കെടുത്ത് ഇന്ത്യൻ സമൂഹത്തെ അഭിവാദ്യം ചെയ്തു.

ചാപ്റ്റർ പ്രസിഡന്റ് ഡോ. ഈപ്പൻ ഡാനിയേൽ, ചെയർമാൻ സാബു സ്കറിയ, ജനറൽ സെക്രട്ടറി സുമോദ് റ്റി നെല്ലിക്കാല, ട്രെഷറർ- ഫിലിപ്പോസ് ചെറിയാൻ, വൈസ് ചെയർ ജീമോൻ ജോർജ്, അലക്സ് തോമസ് എന്നിവർ പ്രസംഗിച്ചു.

ഗാനമേള, നൃത്തം, മിമിക്രി, സ്റ്റാൻഡ് അപ്പ് കോമഡി, ചെണ്ടമേളം ഉൾപ്പെടെ മികച്ച കലാപ്രകടങ്ങളാണ് ഐ. ഒ. സി. പെൻസിൽവാനിയ ചാപ്റ്റർ ഇത്തവണ ഒരുക്കിയത്.

പ്രശസ്ത സിനിമ പിന്നണി ഗായകർ പന്തളം ബാലന്റെ ഗാനസന്ധ്യ പരിപാടിക്ക് മികവേകി. പ്രശസ്ത കോമേഡിയനും കേരളാ സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ സുനീഷ് വാരനാടിൻറ്റെ കോമഡി ഷോയും ഹൃദ്യമായി.

സ്വാതന്ത്ര്യ സമരതിന്റെ ഹ്രസ്വ ചരിത്രം വിവരിച്ച രാജ്മോഹൻ ഉണ്ണിത്താൻ മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്ന ശേഷം രാജ്യത്തുണ്ടായ വർഗ്ഗീയ കലാപം, അഭയാർത്ഥി പ്രവാഹം, ദാരിദ്ര്യം, എന്നിവ എടുത്തുകാട്ടി. ഇവിടുന്നാണ് ഇന്ത്യയുടെ പ്രയാണം ആരംഭിക്കുന്നത്. ഒന്നുമില്ലായ്മയുടെ ഈ അവസ്ഥയിൽ







നിന്നാണ് ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉയർത്തിക്കൊണ്ട് വന്നത്. ഇന്ന് ഭാരതത്തിൽ എന്തൊക്കെ വികസന പ്രക്രിയ കാണുന്നുവോ അതൊക്കെ ഉണ്ടാക്കിയെടുക്കുവാൻ അദ്ദേഹമാണ് പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചത്. അവനവനുണ്ടാകുന്ന ഉയർച്ചയ്ക്കും താഴ്ചയ്ക്കും കാരണക്കാരൻ അവനവൻ തന്നെയാണെന്ന് യുക്തിബോധത്തിലധിഷ്ഠിതമായ ശാസ്ത്രാവബോധം ഇന്ത്യൻ ജനകോടികൾക്ക് പകർന്നുകൊടുത്ത് ആലസ്യത്തിലാണ്ടുകിടന്ന ഒരു തലമുറയെ തട്ടിയുണർത്തി കർമ്മപഥത്തിൽ കൊണ്ടുവന്നു . അതുകൊണ്ടാണ് നമ്മൾ അദ്ദേഹത്തെ രാഷ്ട്രശില്പി എന്നു വിളിക്കുന്നത്.

പ്ലാനിംഗ് കമ്മീഷൻ മാത്രമല്ല, ഹോമി ജെ ബാബയെ കൊണ്ടു വന്ന് അറ്റോമിക് എനർജി കമ്മീഷൻ ഉണ്ടാക്കി. അണക്കെട്ടുകൾ നിർമ്മിച്ചു. അമേരിക്ക എന്ന മുതലാളിത്ത രാജ്യത്തു നിനും സോവിയറ്റ് യൂണിയൻ എന്ന കമ്മ്യൂണിസ്റ്റ് രാജ്യത്തു നിന്ന് സ്വാംശീകരിക്കുവാൻ കഴിയുന്ന മുഴുവൻ നല്ല കാര്യങ്ങളും സാംശീകരിച്ച് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന







അദ്ദേഹം ഉണ്ടാക്കി. ഒരു മിക്സഡ് എകണോമി, ഒരു സമ്മിശ്ര സമ്പദ് ഘടന.

മാത്രമല്ല മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനുമെതിരെ ഒരക്ഷരം ഉരിയാടാൻ ഒരു രാഷ്ട്രത്തിനും ധൈര്യമില്ലാതിരുന്ന കാലത്താണ് നെഹറു അമേരിക്കയ്ക്കും റഷ്യയ്ക്കുമെതിരെ മൂന്നാമത്തെ ഒരു ചേരി നോൺ അലൈൻ മൂവ്മെന്റ് ഉണ്ടാക്കിയത്. എങ്കിലും നെഹ്റു ചൈനയുടെ അപ്രതീക്ഷിത ആക്രമണത്തിൽ മനംനൊന്താണ് ഹൃദയസ്തംഭനം വന്ന് 1964ൽ മരിക്കുന്നത്. ബ്രിട്ടീഷുകാർ കരിമ്പിന് ചണ്ടി പോലെ വലിച്ചെറിഞ്ഞ ഈ രാജ്യത്തെ അടിത്തറ പാകി മുന്നോട്ട് നയിച്ചത് നെഹ്രുവാണ് .

അടുത്ത പ്രധാനമന്ത്രിയായ ലാൽ ബഹാദൂർ ശാസ്ത്രി ചെറിയ കാലം കൊണ്ടു തന്നെ കാർഷിക രാജ്യമായ ഇന്ത്യയിൽ ഒരുപാട് പരിഷ്കാരങ്ങൾ വരുത്തുകയും സൈനിക ശക്തി വർദ്ധിപ്പിക്കുകയും ചെയ്തത്.

ശാസ്ത്രിയുടെ കാലത്താണ് ഇന്ദിരാ ഗാന്ധി പാർലമെന്ററി രാഷ്ട്രീയത്തിലേക്ക് കടന്നുവരുന്നത്. നെഹ്റു 47 മുതൽ 64 വരെ ഇന്ത്യ ഭരിച്ചുവെങ്കിലും മകൾ ഇന്ദിരയെ അധികാര സ്ഥാനത്തേക്ക് കൊണ്ടുവരാൻ ഒരവസരവും നൽകിയില്ല. കോൺഗ്രസിന്റെ പ്രസിഡന്റ് സ്ഥാനത്തേക്ക് അവർ മത്സരിച്ച് ജയിച്ചത് പിതാവിന്റെ ഒരു സഹായവും ഇല്ലാതെയാണ്.

ശാസ്ത്രി അവരെ രാജ്യസഭയിൽ കൊണ്ടുവന്ന് വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രിയാക്കി. ശാസ്ത്രിയുടെ മരണ ശേഷം ഇന്ദിരാഗാന്ധിയും മൊറാൾജി ദേശായിയും തമ്മിൽ പാർലിമെന്ററി പാർട്ടിയിലേക്ക് മത്സരം നടക്കുകയും വമ്പിച്ച ഭൂരിപക്ഷത്തോടു കൂടി ദേശായിയെ ഇന്ദിര പരാജയപ്പെടുത്തി കോൺഗ്രസ് പാർലിമെന്ററി പാർട്ടി നേതാവായി. പ്രധാനമന്ത്രിയായി.

പിന്നീടങ്ങോട്ട് അവർ കൊല്ലപ്പെടുന്നതുവരെ ഇന്ത്യയുടെ ചരിത്രം ഇന്ദിരയുടെ ചരിത്രമായി മാറി. രാജാക്കൻമാരുടെ ചെങ്കോലും





കിരീടവും ഇല്ലാതാക്കിയത് ഇന്ദിരാഗാന്ധിയാണ്. അവരുടെ ഏറ്റവും വിപ്ലവാത്മകമായ നടപടി 1969 ലെ ബാങ്ക് ദേശസാൽക്കരണമാണ്. ബാങ്കുകൾ സാധാരണക്കാർക്കായി തുറന്നു കൊടുത്തു.

പാകിസ്ഥാനെതിരെ കിഴക്കൻ ബംഗാളിൽ മുജിബൂർ റഹ്മാന്റെ നേതൃത്വത്തിൽ പ്രക്ഷോഭമുണ്ടായപ്പോൾ ഇന്ത്യ മുജിബൂറിനനുകൂലമായി നിലപാടെടുത്തു. ഏഴാം നാവികപടയെ അയക്കുമെന്ന് പാക്കിസ്ഥാനുവേണ്ടി ഇന്ത്യയെ ഭീഷണിപ്പെടുത്താൻ അമേരിക്ക തയ്യാറായിട്ടുപോലും ഇന്ത്യ പിന്മാറിയില്ല. പാക്കിസ്ഥാൻ ആയുധം വച്ച് കീഴടങ്ങി. ബംഗ്ലാദേശ് എന്ന് ഒരു രാജ്യം ഉണ്ടാക്കി.





ഇന്ദിരാഗാന്ധിയുടെ കാലത്ത് രണ്ട് വിപ്ലവങ്ങൾ നടന്നു. മലയാളിയായ ഡോ.എം.എസ്.സ്വാമിനാഥൻ നേതൃത്വം നൽകിയ ഹരിതവിപ്ലവവും മറ്റൊരു മലയാളി അമുൽ കുര്യന്റെ നേതൃത്വത്തിലുള്ള ധവള വിപ്ലവവും.

ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ഭക്ഷ്യധാന്യം ഉൽപാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യ മാറി. ലോകത്ത് ഏറ്റവും കൂടുതൽ ഭക്ഷ്യധാന്യം കയറ്റി അയക്കുന്ന രാജ്യവും . ഒരുകാലത്ത് അമേരിക്കയിൽ നിന്ന് അരിവാങ്ങി ഊട്ടിയ നമ്മുടെ ഇന്ത്യ ഭക്ഷ്യധാന്യം കയറ്റി അയക്കുന്ന സ്ഥിതിയിലെത്തിയ ഹരിതവിപ്ലവം നടപ്പിലാക്കിയത് ഇന്ദിരാഗാന്ധിയാണ്.

അതുപോലെ ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യയെ അവർ മാറ്റി.

ലോകത്തിലെ ആറാമത്തെ അണുവായുധ രാജ്യമാക്കി ഇന്ത്യയെ മാറ്റിയത് ഇന്ദിരയാണ് . ഖലിസ്ഥാൻ തീവ്രവാദികൾ പഞ്ചാബിലെ സുവർണ്ണക്ഷേത്രം ഒരായുധപുരയാക്കി മാറ്റിയപ്പോൾ അവിടെ ഓപ്പറേഷൻ ബ്ലാക്ക് തണ്ടർ വഴി അവരെ അമർച്ച

ചെയ്ത് ക്ഷേത്രം പഞ്ചാബികൾക്ക് തുറന്നുകൊടുത്തു. അതിന്റെ പ്രതികാരാഗ്നി ഇന്ദിരാഗാന്ധിയുടെ പേഴ്സണൽ സ്റ്റാഫിലേക്കും വ്യാപിച്ചു. 1984 ൽ അവർ വധിക്കപ്പെട്ടു.

പിന്നീട് ഭരണാധികാരിയായി കടന്നുവന്നത് 21-ാം നൂറ്റാണ്ടിലേക്ക് ഈ രാജ്യത്തെ നയിച്ച രാജീവ് ഗാന്ധിയാണ്. ഇന്ന് ഇന്ത്യൻ ഓവർസീസിന്റെ നേതാവായിരിക്കുന്ന സാം പത്രോദയെ കൊണ്ടുവന്ന് മൂന്നാമത്തെ റവലൂഷൻ ഇന്ത്യയിൽ ഉണ്ടാക്കിയത് രാജീവ് ഗാന്ധിയാണ്. ആ റവലൂഷനാണ് ഇന്ന് ലോകത്തും നമ്മുടെ ഇന്ത്യയിലും നടന്നുകൊണ്ടിരിക്കുന്നത്. ഇൻഫർമേഷൻ റവലൂഷൻ. വാർത്താവിനിമയ വിപ്ലവം.

ഈ രാജ്യം ഇന്ന് എവിടെ നിൽക്കുന്നോ അവിടേക്ക് ഇന്ത്യയെ കൊണ്ടുചെന്ന് എത്തിച്ചത് കോൺഗ്രസാണ്. ഈ രാജ്യം അന്നും ഇന്നും എൺപതു ശതമാനം ഹിന്ദുക്കൾക്ക് ആധിപത്യം ഉള്ള രാജ്യമാണ്. പക്ഷെ ഹിന്ദുവിനെ പോലെ മുസൽമാനും ക്രിസ്ത്യാനിയ്ക്കും പാഴ്സിക്കും ജൈനനും ഒന്നുപോലെ ജീവിക്കാൻ മതേതരത്വം ഇന്ത്യയിൽ കൊണ്ടുവന്നത് കോൺഗ്രസാണ്.

ഇന്ന് സ്വാതന്ത്ര്യം നേടിയെടുത്തിട്ട് 79 വർഷങ്ങൾ പൂർത്തിയായി. സ്വാതന്ത്ര്യം നേടിയെടുത്ത രാഷ്ട്രീയ പ്രസ്ഥാനമല്ല ഇന്ന് ഇന്ത്യ ഭരിക്കുന്നത്. സ്വാതന്ത്ര്യ സമരവുമായി പുലബന്ധമില്ലാത്ത ആളുകളാണ് ഈ രാജ്യം ഭരിയ്ക്കുന്നത്. മാത്രമല്ല സ്വാതന്ത്ര്യ സമരത്തെ ബ്രിട്ടീഷുകാർക്കൊപ്പം നിന്ന് അട്ടിമറിക്കാൻ ശ്രമിച്ചവർ. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വധിച്ച ആളുകളുടെ കൈയ്യിലാണ് ഇന്ന് ഇന്ത്യയുടെ ഭരണാധികാരം. അവർ ജർമ്മനിയിൽ ഹിറ്റ്ലർ ചെയ്ത പോലെയും ഇറ്റലിയിൽ മുസോളിനി ചെയ്തപോലെയും റഷ്യയിൽ സ്റ്റാലിൻ ചെയ്ത പോലെയും അവർക്കുവേണ്ടി ഒരു ചരിത്രം ഇന്ത്യയിൽ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം സമര ചരിത്രം തിരുത്തിയെഴുതുന്നു.

ഗുജറാത്തിലെ ഒരു പാഠപുസ്തകത്തിൽ മഹാത്മഗാന്ധി എങ്ങനെയാണ് ആത്മഹത്യ ചെയ്തത് എന്നൊരു ചോദ്യം കാണാം. മഹാത്മാഗാന്ധിയെ കൊന്നിട്ടും അവരുടെ കലിതീരുന്നില്ല. ഗാന്ധിജിയുടെ പ്രതിമയുണ്ടാക്കി വീണ്ടും വീണ്ടും നിറയൊഴിക്കുന്നു. മഹാത്മാഗാന്ധിയെ കൊന്നവർക്ക് അമ്പലം പണിയുന്നു. ഇന്നും ഗാന്ധിജിയോട് അടങ്ങാത്ത കലി, ഈ രാജ്യത്തെ മതേതരത്വ രാഷ്ട്രമായി നിലനിർത്തിയതിന്റെ ആ പക ഇന്നും അവർ വീട്ടികൊണ്ടിരിക്കുന്നു.

പുത്തൻ ചരിത്രത്തിൽ സ്വാതന്ത്ര്യസമരത്തിന്റെ പല ഏടുകളും ഒഴിവാക്കപ്പെടുന്നു. ചൗരിചൗരാ, ജാലിയൻവാലാബാഗ്, ക്വിറ്റ് ഇന്ത്യാ, കേരളത്തിൽ നടന്ന മാപ്പിള കലാപം, വാഗൻ ട്രാജഡി, വാരിയം കുന്നത്ത് കുഞ്ഞമഹദ് ഹാജി, ഇവരൊക്കെ സ്വാതന്ത്ര്യ സമര പട്ടികയിലെ നിഘണ്ടുവിൽ നിന്നും എടുത്തുമാറ്റിയിരിക്കുന്നു.

ഹിന്ദുരാഷ്ട്ര സൃഷ്ടിക്ക് ഓരോഘട്ടമായി അവർ പ്രവർത്തിക്കുന്നു . ആദ്യം കാശ്മീരിന്റെ പ്രത്യേക പദവി എടുത്തു കളഞ്ഞു. അതുകഴിഞ്ഞ് 35അ എടുത്തു കളഞ്ഞു. അതു കഴിഞ്ഞ് മുത്തലാഖ് നിയമം, ഒരു സിവിൽ നിയമം ക്രിമിനൽ നിയമമാക്കി മാറ്റി. മാത്രമല്ല മുസ്ലീങ്ങളെ ഓരോരുത്തരെയും ഇല്ലാതാക്കാൻ വേണ്ടി അവസാനം വഖഫ്





സ്വത്തുകളിൽ കൈവയ്ക്കാൻ ആരംഭിച്ചു.

ക്രിസ്ത്യാനികൾക്കും നമ്മുടെ രാജ്യത്ത് രക്ഷയില്ല. മണിപ്പൂർ രണ്ടുവർഷമായി കത്തിയെരിയുന്നു. അവിടെ മേത്തികൾക്ക് വേണ്ടി കുക്കി ക്രിസ്ത്യാനികളെ കൊന്നു കൊണ്ടിരിക്കുന്നു. അവരുടെ സ്ക്കൂളുകൾ,ആരാധനാലയങ്ങൾ ഒക്കെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മധ്യപ്രദേശിൽ, ഒറീസയിൽ, ഡൽഹിയിൽ ക്രൈസ്തവരുടെ ആചാരങ്ങൾ നടത്താൻ അവരെ അനുവദിക്കാത്ത രീതിയിൽ ക്രിസ്ത്യാനികൾ മതപരിവർത്തനം നടത്തുന്നുവെന്ന് പറഞ്ഞ് കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്യുന്നു. പുരോഹിതൻമാരെ പീഡിപ്പിക്കുന്നു. ബജറംഗൾ രാജ്യമാസകലം ക്രിസ്ത്യാനികൾക്കെതിരെ അക്രമണം അഴിച്ചുവിട്ടിരിക്കുന്നു. വഖഫിനു ശേഷം ചർച്ച ആക്ട് വരുമെന്ന് അവരെ ഭീഷണിപ്പെടുത്തികൊണ്ടിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ക്രിസ്ത്യാനികൾ ഇല്ലാത്ത, മുസൽമാനില്ലാത്ത ഇന്ത്യയാണ് ഹിന്ദുരാഷ്ട്രം. അതിനായി ഭരണഘടന പൊളിച്ചെഴുതാൻ ശ്രമം നടത്തുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം ഭരണഘടന നില നിൽക്കേണ്ടത് ഓരോ ഇന്ത്യൻ പൗരൻമാരുടെയും ആവശ്യമാണ് . ആ ഭരണഘടനയില്ലെങ്കിൽ നമ്മളില്ല.

ഭരണഘടനയുടെ ആമുഖത്തില് സ്വാതന്ത്ര്യം സമത്വം, സാഹോദര്യം, നീതി, മതേതരത്വം, സോഷ്യലിസം എന്നിവ എടുത്തുകളഞ്ഞാൽ ഇന്ത്യയുടെ ആത്മാവ് നഷ്ടപ്പെടുന്നു. ഇന്ത്യയുടെ മണ്ണിൽ ജനിച്ചു വീണ എല്ലാ പൗരൻമാരും ഭരണഘടനയുടെ മുന്നിൽ സമൻമാരാണ്. ഭൂരിപക്ഷമെന്നോ ന്യൂനപക്ഷമെന്നോ വ്യത്യാസമില്ല. ആ ഭരണഘടന നിലനിൽക്കുമ്പോഴാണ് പൗരത്വ നിയമം ഭേദഗതി ചെയ്യുന്നത്. മാത്രമല്ല ഇനി ഏകീകൃതമായ സിവിൽ കോഡ് വരാൻ പോകുന്നു.

ഇന്ത്യയുടെ ഭരണഘടനാ സ്ഥാപനങ്ങളോരോന്നോരോന്നായി പിടിച്ചടക്കുന്നു. തിരഞ്ഞെടുപ്പു കമ്മീഷൻ ബി.ജെ.പി.യുടെ ഒരു പോഷക സംഘടനയെ പോലെ പ്രവർത്തിക്കുന്നു. ഈ അടുത്ത കാലത്ത് കർണ്ണാടകയിലെ മഹാ ദേവപുരയിൽ ഏഴുമാസക്കാലം ആഹോരാത്രം കഷ്ടപ്പെട്ട് തെരഞ്ഞെടുപ്പിന്റെ പട്ടിക പരിശോധിച്ച് ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ രാഹുൽ ഗാന്ധി പുറത്തുകൊണ്ടുവന്നു. ഈ പട്ടിക പുറത്തു വന്നതോടുകൂടി ഒരു കാര്യം മനസിലായി. കഴിഞ്ഞ തവണ ഇന്ത്യയുടെ പ്രധാനമന്ത്രി കസേരയിലേക്ക് നരേന്ദ്രമോദി കടന്നു വന്നത് ജനാധിപത്യത്തെ അട്ടിമറിച്ചിട്ടാണ്. സുതാര്യമായി, നിഷ്പക്ഷമായി, നീതിപൂർവ്വമായി തിരഞ്ഞെടുപ്പ് നടന്നിരുന്നുവെങ്കിൽ, ഇന്ന് നരേന്ദ്രമോദി ഇരിക്കുന്ന കസേരയിൽ രാഹുൽ ഗാന്ധിയാണ് ഇന്ത്യയുടെ ഇരിക്കേണ്ടിയിരുന്നത്.

അപ്പോൾ ജനാധിപത്യം അപകടത്തിലാണ്. ഈ സ്വാതന്ത്ര്യദിനത്തിൽ ചില കാര്യങ്ങളെപ്പറ്റി ബോധവാൻമാരാകണം. ഒന്ന് നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം, പൈതൃകം, സംസ്കാരം, ഇത് തകർക്കാൻ അധികാരം ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. രണ്ട് ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ അട്ടിമറിക്കുന്നു. ബി.ജെ.പി.കാരെല്ലാത്ത ഒരാളിനു പോലും നീതി ലഭിക്കാത്ത രീതിയിൽ ഗവർണ്ണർമാരെ ഉപയോഗിച്ച് ഗവൺമെന്റുകളെ സൃഷ്ടിക്കുന്നു.

രാജ്യം ഹിന്ദുരാഷ്ട്രത്തിലേക്ക് നീങ്ങുന്നു. ആ ഹിന്ദുരാഷ്ട്രം നടക്കാതിരിക്കണമെങ്കിൽ ജനങ്ങൾ അതിശക്തമായി രംഗത്തിറങ്ങണം.

സ്വാതന്ത്ര്യദിനാശംസകൾ നേരുന്നതോടൊപ്പം സമ്പൽസമൃദമായ ഒരു ഓണം കൂടി ഞാൻ ആശംസിക്കുന്നു. മാവേലി വരാൻ പോകുകയാണ്. മാവേലി നാടു പോലെ ഒരു സുവർണ്ണ കാലം ഇനിയും ഉണ്ടാകണമെന്ന ആഗ്രഹമാണ് നമ്മടേത്. പക്ഷെ, ഇന്ന് കേരളം വാമനൻമാരുടെ കയ്യിലാണ്.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



# രാമായണമാസവും കുറെ കഥകളും

**സുധീർ പണിക്കവീട്ടിൽ**

ഹരിഃ ശ്രീഗണപതയേ നമഃ അവിഘ്നമസ്തു

ഭക്തഭവനങ്ങളിൽ മുഴങ്ങട്ടെ

രാമായണ പാരായണം

ശ്രീരാമനാമം പാടി വന്ന പൈങ്കിളിപ്പെണ്ണേ! ശ്രീരാമചരിതം നീ ചൊല്ലീടു മടിയാതെ

ശാരികപ്പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ, ശ്രീരാമസ്മൃതിയോടെ പറഞ്ഞുതുടങ്ങിനാൾ.

ഒരു മാസം നീണ്ടു നിന്ന രാമായണമാസം ഇന്ന് സമാപിക്കുന്നു. നാളെ പൊന്നിൻ ചിങ്ങം പിറക്കുകയായി. ഓരോ വർഷം രാമായണം വായിക്കുമ്പോഴും പുതിയ അറിവുകളും പുതിയ അർത്ഥതലങ്ങളും ലഭിക്കുന്നു. നമ്മൾ വായിക്കുന്നതും നമ്മൾ മനസ്സിലാക്കുന്നതും നമ്മളെ മോക്ഷപ്രാപ്തിക്ക് സഹായിക്കുമെന്ന് ഭകതർ വിശ്വസിക്കുന്നതിൽ തെറ്റില്ല. കാരണം നന്മയുടെ മാർഗ്ഗം എന്നും നന്മകൾ മാത്രം നൽകുന്നു.

ഹിന്ദുക്കളെ സംബന്ധിച്ചേടത്തോളം ഭക്തി ആത്മീയപാതകളിൽ ഒന്നായാണ് കണക്കാക്കുന്നത്. ഇതിനെ ഭക്തിമാർഗ്ഗം എന്ന് വിശേഷിപ്പിക്കുന്നു. ഭാരതത്തിന്റെ ഇതിഹാസ ഗ്രന്ഥങ്ങളിൽ ഒന്നായ രാമായണം പാരായണം ചെയ്യുന്നതിനായി കേരളത്തിലെ മലയാളി ഹിന്ദുക്കൾ കർക്കിടക മാസം നീക്കിവച്ചിരിക്കുന്നു.


ദക്ഷിണായണകാലം ആരംഭിക്കുന്നത് കർക്കിടകത്തിലാണ്. ഇത് ദേവന്മാർക്ക് രാത്രികാലമാണ്. ഉത്തരായണം പകൽ കാലവും. കർക്കിടകം ദേവന്മാർക്ക് രാത്രി തുടങ്ങുന്നതിന്റെ ആദ്യഘട്ടമായതിനാൽ ദേവസന്ധ്യ എന്നും ഇത് അറിയപ്പെടുന്നു. ഇക്കാലത്ത് ശ്രീരാമചന്ദ്രന്റെ അപദാനങ്ങൾ വാഴ്ത്തുന്നത് പുണ്യമായി വിശ്വാസികൾ കരുതുന്നു. ധർമ്മങ്ങൾ പാലിക്കേണ്ട ആവശ്യകതയും പാലിക്കാത്തവരുടെ പതനവും രാമായണം വ്യക്തമാക്കുന്നു. രാമായണം പാരായണം ചെയ്യുമ്പോൾ രോഗങ്ങളിൽ നിന്നും മുക്തി ലഭിക്കുന്നുവെന്ന് പറയുന്നു. അതിനു കാരണം വായനയിൽ ഏർപ്പെടുന്ന

ഭക്തന്റെ മനസ്സ് ശുദ്ധമാകുന്നു. ശുദ്ധമായ മനസ്സ് ശരീരത്തിന് ആരോഗ്യം പ്രദാനം ചെയ്യുന്നു. മനസ്സ് വ്യാകുലപ്പെടുമ്പോൾ അത് ശരീരത്തെ ബാധിക്കുന്നു. അതേ സമയം രാമായണം വായിച്ചാൽ രോഗം വരില്ലെന്നു പരിഹസിക്കുന്നത് മൂഢത്വമാണ്.

മലയാളി ഹിന്ദുക്കൾ കർക്കിടക മാസത്തിൽ രാമായണം വായിക്കുന്നതിനു കാരണം രാമൻ കർക്കിടക ലഗ്നത്തിൽ ജനിച്ചതുകൊണ്ടാകാം. ജ്യോതിശാസ്ത്രത്തിലെ നാലാമത്തെ രാശിയായി ഇതിനെ കണക്കാക്കുന്നു. രാമായണം ത്രിസന്ധ്യ സമയം വായിക്കരുതെന്നു വിശ്വസിക്കുന്നുണ്ട്. രാമായണപാരായണം നടക്കുന്നേടത്തെല്ലാം ഹനുമാൻ, ഗന്ധർവന്മാർ, കിന്നരന്മാർ തുടങ്ങിയവരുടെ സാന്നിധ്യമുണ്ടാകും. ആ സമയത്ത് രാമായണം വായിച്ചാൽ അവരുടെയെല്ലാം സന്ധ്യാവന്ദനം മുടങ്ങിപോകും. ഇങ്ങനെ അനവധി വിശ്വാസങ്ങൾ ഈ ചടങ്ങുമായി ബന്ധപ്പെട്ടു കിടക്കുന്നു. പക്ഷെ അതാരും മുടക്കുന്നില്ല.



ഈ മാസക്കാലം എന്നെ ഓർമ്മിപ്പിച്ച ചില രസകരമായ വിവരങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കാൻ സന്തോഷമുണ്ട്. സീതയെ അന്വേഷിച്ച് കണ്ടുപിടിക്കാമെന്ന ദൗത്യം സുഗ്രീവൻ ഏറ്റെടുത്തപ്പോൾ അദ്ദേഹം തന്റെ സൈന്യത്തെ ലോകത്തിന്റെ നാനാഭാഗത്തേക്കും അയച്ചുവെന്നു രാമായണം പറയുന്നുണ്ട്.അതിൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു രാജ്യം ജപ്പാൻ ആയിരുന്നുവെന്നു ഇന്നത്തെ ശാസ്ത്രജ്ഞർ പറയുന്നു. അന്റാർട്ടിക്കയെപ്പറ്റിയും പരാമർശമുണ്ടത്രേ. അപ്പോൾ വാല്മികിക്ക് ലോകരാജ്യങ്ങളെക്കുറിച്ചു അറിവുണ്ടായിരുന്നുവെന്നു വിശ്വസിച്ചുവരുന്നു. എങ്ങനെയാണ് ഭൂമിശാസ്ത്രപരമായ അറിവ് സുഗ്രിവിനു കിട്ടിയത് എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി 'ബാലിയെ പേടിച്ചു നടക്കുമ്പോൾ പുതിയ സ്ഥലങ്ങൾ കണ്ടെത്തുക എന്റെ നിലനിൽപ്പിനും ജീവനും ആവശ്യമായിരുന്നു' ഇങ്ങനെയൊരു പ്രതിസന്ധി ഉണ്ടായില്ലെങ്കിൽ സുഗ്രിവിനു ഈ അറിവ് ലഭിക്കുമായിരുന്നില്ല. നമുക്ക് ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അതിൽ നിരാശപ്പെടാതെ അതിനെ അതിജീവിക്കുകയും അതിലൂടെ മറ്റു മാർഗങ്ങൾ കണ്ടെത്തുകയും വേണം. പൂക്കളെപോലെ തന്നെ മുള്ളുകളും ദൈവത്തിന്റെ അനുഗ്രഹമാണെന്നു കരുതണം.



വാൽമീകി രാമായണത്തിലോ അധ്യാത്മരാമായണത്തിലോ വ്യക്തമായി പറയുന്നില്ലെങ്കിലും പലരും പല ഉപകഥകൾ മെനഞ്ഞെടുത്തിരിക്കുന്നത് അറിയുക രസകരമാണ്. രാവണവധത്തിനുശേഷം ശ്രീരാമൻ ദുഖിതനാകുന്നുണ്ട്. കാരണം രാവണന്റെ പത്ത് തലകളിൽ ഒന്നിൽ വലിയ ജ്ഞാനം, അറിവ്, ധാർമ്മികത, ഭക്തി, എന്നിവയുണ്ടായിരുന്നു. ആ ശിരസ്സ് ഞാൻ ഛേദനം ചെയ്യരുതായിരുന്നു. ആ ശിരസ്സ് അവിടെ നിർത്തി മറ്റു ശിരസ്സുകൾ ഛേദിക്കാൻ എനിക്ക് കഴിയുമായിരുന്നില്ല. ആ ശിരസ്സ് ഛേദിച്ചതിന്റെ പ്രായശ്ചിത്തം എനിക്ക് ചെയ്യണം എന്ന് രാമൻ നിശ്ചയിച്ച്. അങ്ങനെ നിൽക്കുമ്പോൾ രാവണവധം അറിഞ്ഞു രാമനെ ശപിക്കാൻ മണ്ഡോദരി വരികയായിരുന്നു. കീഴ്പോട്ട്

നോക്കി നിന്ന രാമൻ ഒരു സ്ത്രീയുടെ നിഴൽ തന്നിലേക്ക് അടുത്ത് വരുന്നത് കാണുന്നു. രാമൻ അത് കണ്ടു രണ്ടടി പിന്നോക്കം വച്ച്. ഏകപത്നീവ്രതകാരനായ രാമന് പരസ്ത്രീയുടെ നിഴൽ പോലും സ്പർശിക്കാൻ കഴിയില്ല.ആ മനസ്സ് കണ്ടു മണ്ഡോദരി തിരികെ പോയി. രാമൻ എത്രമാത്രം സീതയെ സ്നേഹിക്കുന്നുവെന്നു അവർ ഓർത്തുകാണും.

ശ്രീരാമലക്ഷ്മണന്മാർ പമ്പനദിയുടെ തീരത്തുകൂടി നടക്കുമ്പോൾ ഒരു കാക്ക നദിയിലേക്ക് നടന്നു വരുന്നു. വെള്ളം കുടിക്കാൻ വേണ്ടി കൊക്കുകൾ വെള്ളത്തിനോടടുപ്പിക്കുന്നു. എന്നാൽ ഉടനെ തന്നെ കരയിലേക്ക് തിരിച്ചുപോകുന്നു. ഇത് പലതവണ ആവർത്തിച്ചപ്പോൾ ലക്ഷ്മണൻ രാമനോട് അതിന്റെ കാരണം ചോദിച്ചു. രാമൻ പറഞ്ഞു. ഈ കാക്ക എന്റെ ഒരു ഭക്തയാണ്. അത് എന്റെ നാമം ഇടതടവില്ലാതെ ജപിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ അത് ദാഹിച്ച് വലിഞ്ഞിരിക്കയാണ്. വെള്ളം കുടിക്കാൻ വന്നിരിക്കയാണ്.എന്നാൽ വെള്ളം കുടിക്കുമ്പോൾ രാമനാമ ജപം നിർത്തേണ്ടിവരും അതിനു കഴിയാതെ അത് തിരിച്ചുപോകുന്നു. ഭക്തിയോടെ ഭഗവാന്റെ നാമം ജപിക്കുന്നത് ഭഗവാന്റെ കൃപ ലഭിക്കാൻ സഹായകമാകുന്നു. ശ്രീരാമന്റെ നാമത്തിനുള്ള ശക്തിയെപ്പറ്റി വേറൊരു കഥയുണ്ട്. രാവണവധത്തിനുശേഷം വിഭീഷണന്റെ ഒരു പരിചാരകൻ ചോദിച്ചു. ഈ വാനരന്മാർ എങ്ങനെ ഈ പാലം പണിതു. ഓരോ കല്ലിലും രാമന്റെ പേര് എഴുതിയപ്പോൾ അവ കടലിൽ പൊങ്ങി കിടന്നുവെന്നാണ് വിശ്വാസം. ശ്രീരാമന്റെ പേരിനു ഏതു പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ കഴിവുണ്ട്. പക്ഷെ പരിചാരകൻ സംശയിച്ചു നിന്ന്. വിഭീഷണൻ ഒരു ഇലയിൽ രാമന്റെ പേര് എഴുതി മടക്കി പരിചാരകന്റെ കയ്യിൽ കൊടുത്ത് പറഞ്ഞു നീ ഇതുകൊണ്ടു സമുദ്രം മറി കടന്നു വരിക. പരിചാരകൻ കടലിൽ ഇറങ്ങിയപ്പോൾ മുട്ടിനു വെള്ളമേ ഉണ്ടായിരുന്നുള്ളു. പരിചാരകന് വിഭീഷണനിൽ വിശ്വാസം ഉണ്ടായിരുന്നു. എന്നാലും സമുദ്രത്തിന്റെ പകുതിയെത്തിയപ്പോൾ സംശയം കൂടി ഇല നിവർത്തി നോക്കി. ഉടനെ മുങ്ങി ചാവുകയും ചെയ്തു.

രാമ ലക്ഷ്മണന്മാർ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ രാമൻ തന്റെ വില്ലു നിലത്ത് വച്ചു. അത് ഒരു തവളയുടെ മേലെയായിരുന്നു. തവള വില്ലിന്റെ ഭാരം കൊണ്ട് പിടയുന്നത് ലക്ഷമണൻ കണ്ടു രാമനോട് പറഞ്ഞു രാമൻ വില്ലു നീക്കിയിട്ട് തവളയോട് ചോദിച്ചു നിനക്ക് വേദനിച്ചപ്പോൾ നീ എന്തെ മിണ്ടാതിരുന്നത്, എന്തെ സഹായത്തിനു വേണ്ടി നിലവിളിച്ചില്ല.തവള പറഞ്ഞു മറ്റുള്ളവർ എന്നെ ഉപദ്രവിക്കുമ്പോൾ ഞാൻ നിന്റെ പേര് വിളിക്കുന്നു. ഇതിപ്പോൾ നിന്റെ തന്നെ വില്ലു കൊണ്ട് വേദനിക്കുമ്പോൾ ഞാൻ അതിനെ നിന്റെ അനുഗ്രഹമായി കരുതി.



ഒരു ദിവസം വിഭീഷണൻ അദ്ദേഹത്തിന്റെ വീടിന്മേൽ രാമ (ഇരുട്ടിനെ അകറ്റുക എന്നർത്ഥമുണ്ട്, ശ്രീരാമചന്ദ്രന്റെ പേരാണ്) എന്നെഴുതി വച്ചു. രാവണൻ വീട്ടിൽ വന്നപ്പോൾ എന്തിനാണ് എന്റെ ശത്രുവിന്റെ പേര് നീ വീടിന്മേൽ എഴുതിവച്ചിരിക്കുന്നത് എന്ന് ചോദിച്ചു സഹോദരനെ ശാസിച്ചു. അപ്പോൾ വിഭീഷണൻ പറഞ്ഞു ഇത് രാവണൻ എന്ന പേരിന്റെ രായും മണ്ഡോദരി എന്ന പേരിന്റെ മായും ആണ്. രാവണൻ അതീവ സന്തുഷ്ടനായി ഈ പേര് ലങ്കയിലെ എല്ലാ വീടുകളിലും എഴുതിവയ്ക്കാൻ കൽപ്പന നൽകി.

വായനക്കാർക്ക് കഥകൾ ഇഷ്ടമായികാണുമല്ലോ? വർഷത്തിൽ ഒരു മാസമല്ല, പ്രതിദിനം ഈശ്വരചിന്തയിൽ ഏർപ്പെടുന്നത് മാനസിക ആരോഗ്യം വളർത്താനും നന്മയുടെ വഴിയിലൂടെ നടക്കാനും ശക്തി പകരുന്നു.ഏതു ഈശ്വരൻ ശരിയെന്നു വാദിച്ചു സമയം കളയുമ്പോഴാണ് മനുഷ്യരാശി യുദ്ധക്കളങ്ങളിൽ ജീവൻ വെടിയുന്നത്. എന്തിനാണ് ഈശ്വരന്റെ മേൽവിലാസം അന്വേഷിക്കുന്നത്. ഓരോ മതത്തിലും നേരായമാർഗത്തിലൂടെനടക്കാനുള്ള നിർദേശങ്ങൾ ഉണ്ടല്ലോ.

ചിങ്ങമാസം വരുന്നു. ഐതിഹ്യങ്ങളും ആഘോഷങ്ങളുമായി. നമ്മുടെ മലയാള നാട് ഒരു വധുവിനെപോലെ ഈ മാസക്കാലം അണിഞ്ഞൊരുങ്ങുന്നു. ഒപ്പം ജനങ്ങളും പുത്തൻ കോടിയുടുപ്പും പാട്ടും കളിയുമായി അഭിരമിക്കുന്നു . ജീവിതം ആഘോഷമാക്കുക. എല്ലാവരെയും സ്നേഹിക്കുക. ലോകാ സമസ്താഃ സുഖിനോ ഭവന്തു.!

ശുഭം

# സെപ്റ്റംബറിൽ മോദിക്ക് 75 വയസ്; പടിയിറക്കത്തിന് സമയമായെന്ന് ആർ.എസ്.എസ്?




എ.എസ് ശ്രീകുമാർ

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് വരുന്ന സെപ്റ്റംബർ 17-ന് 75 വയസ് തികയും. എന്നാൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഈ ഡയമണ്ട് ജൂബിലി പിറന്നാൾ ദിനം അത്ര സന്തോഷം പകരുന്ന ഒന്നായിരിക്കില്ല. തുടർച്ചയായി മൂന്നാം വട്ടവും ഇന്ത്യയുടെ പ്രധാനമന്ത്രിയായി ചരിത്രമെഴുതിയ മോദിക്ക് ഇനിയൊരു തവണകൂടി ആ സ്ഥാനത്ത് ഇരിക്കുമോ എന്നതാണ് നിരീക്ഷകർ ഉറ്റു നോക്കുന്നത് . ബി.ജെ.പിയുടെ മാതൃ സംഘടനയും പാർട്ടിയുടെ സൈദ്ധാന്തിക ഘടകവുമായ ആർ.എസ്.എസിന്റെ ഒരു അലിഖിത നിയമം മോദിക്കുമേൽ ചൂഴ്ന്ന് നിൽക്കുന്നു. അതിനൊരു തടയിടുകയെന്ന ലക്ഷ്യത്തോടെയാണ് ഇക്കഴിഞ്ഞ സ്വാതന്ത്ര്യ ദിനാഘോഷവേളയിൽ രാജ്യത്തെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽ മോദി ആർ.എസ്.എസിനെ വാനോളം പുകഴ്ത്തിയത്.

ഇത് വലിയ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നെങ്കിലും പ്രധാനമന്ത്രി പദത്തിന്റെ നിലനിൽപ്പാണ് മോദിയെക്കൊണ്ട് അങ്ങനെ പറയിച്ചതെങ്ങ് പലരും കരുതുന്നു. രാജ്യത്തെ സംബന്ധിക്കുന്ന അടിയന്തര പ്രാധാന്യമുള്ളതും ഗൗരവതരവുമായ വിഷയങ്ങളെപ്പറ്റിയാണ് സാധാരണ സ്വാതന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രിമാർ ചെങ്കോട്ടയിൽ ദേശീയ പതാക ഉയർത്തിക്കൊണ്ട് രാജ്യത്തോട് സംസാരിക്കുക. പക്ഷേ ഇന്ത്യയുടെ പൊതു താത്പര്യത്തെ ഒട്ടും ബാധിക്കാത്ത ഒരു ആർ.എസ്.എസ് സ്തുതി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കടന്നുവന്നു. പതിറ്റാണ്ടുകൾ നീണ്ട സജീവവും സംഭവബഹുലവുമായ മോദിയുടെ പാർലമെന്ററി രാഷ്ട്രീയത്തിന് അന്ത്യം കുറിക്കാൻ പോവുകയാണോ എന്ന അശരീരി സമീപത്തു നിന്നു തന്നെ മുഴങ്ങുന്നുന്നത് തന്നെ കാരണം.

ലോകത്തിലെ ഏറ്റവും വലിയ സർക്കാരിതര സംഘടന, അതായത് എൻ.ജി.ഒ ആണ് ആർ.എസ്.എസ് എന്നാണ് മോദി പറഞ്ഞത്. ഇക്കൊല്ലം ആർ.എസ്.എസ് 100-ാം വാർഷികം ആഘോഷം

നടക്കുമെങ്കിലും മോദിയുടെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ ഇതിന് യാതൊരു പ്രസക്തിയുമില്ല. ആർ.എസ്.എസിനെ പ്രീതിപ്പെടുത്തി സ്വന്തം വിരമിക്കൽ തടയാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് മോദിയുടെ ആർ.എസ്.എസ് സ്തുതിയെന്നാണ് കോൺഗ്രസിന്റെ വിമർശനം. 75 വയസ് പൂർത്തിയായാൽ നേതാക്കൾ പുതിയ തലമുറയ്ക്കുവേണ്ടി വഴിമാറിക്കൊടുക്കണം എന്നാണ് ആർ.എസ്.എസിന്റെ പരമ്പരാഗത രീതിശാസ്ത്രം. ഇതിൽ മോദിയെന്നോ അമിത്ഷായെന്നോ യാതൊരു ഭേദവുമില്ല. എൽ.കെ. അദ്വാനി, മുരളി മനോഹർ ജോഷി തുടങ്ങിയ നേതാക്കൾ ഈ പ്രായ പരിധി മാനദണ്ഡത്തിൽ വിരമിച്ച ഉന്നത നേതാക്കളാണ്.

അപ്പോൾ മോദിയും ഈ കീഴ്‌വഴക്കം പാലിച്ചേ മതിയാവൂ. കാരണം ആർ.എസ്.എസിന്റെ നിയമസംഹിതയ്ക്ക് ബി.ജെ.പി വഴങ്ങാതെ മറ്റ് മാർഗങ്ങളൊന്നുമില്ല. 80 വയസ് കഴിഞ്ഞിട്ടും പിണറായി വിജയന് പലവിധ ഇളവുകളും പദവികളും കൊടുത്ത സി.പി.എമ്മിന്റെ വീരാരാധന പോലെയല്ല ആർ.എസ്.എസിന്റെ നിലപാട്. മോദി ഈ പ്രായ പരിധി പാലിക്കണമെന്ന തരത്തിൽ ആർ.എസ്.എസ് മേധാവി മോഹൻ ഭാഗവത് കഴിഞ്ഞമാസം ജൂലൈയിൽ നാഗ്പുരിൽ വച്ച്, ആർ.എസ്.എസ് നേതാവായിരുന്ന മോറോപന്ത് പിംഗ്ലയെ പറ്റിയുള്ള പുസ്തകത്തിന്റെ പ്രകാശന വേളയിൽ ഒരു സുപ്രധാന അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി.

75 വയസ്സ് തികഞ്ഞ് ഷാൾ നൽകി ആദരിക്കുകയാണെങ്കിൽ, അതിനർഥം നിങ്ങൾക്ക് വയസ്സായി മാറിക്കൊടുത്ത് മറ്റുള്ളവർക്ക് വഴിയൊരുക്കുക എന്ന് മോറോപന്ത് പിംഗ്ലെ പറഞ്ഞത് ഓർമപ്പെടുത്തിയായിരുന്നു അന്ന് ഭാഗവതിന്റെ പരാമർശം. രാഷ്ട്ര സേവനത്തോടുള്ള സമർപ്പണം ഉണ്ടായിരുന്നിട്ടും, പ്രായമായി എന്ന് തിരിച്ചറിഞ്ഞ് മാന്യമായി പിന്മാറണമെന്നതിൽ മൊറോപന്ത് വിശ്വസിച്ചിരുന്നുവെന്നും ഭാഗവത് ഭംഗ്യന്തരേണ പറഞ്ഞിരുന്നു. മോഹൻ ഭാഗവതിന്റെ ഈ പരാമർശം മറ്റാരെയുമല്ല, മോദിയെത്തന്നെയാണ് ലക്ഷ്യം വെച്ചതെന്ന് സ്പഷ്ടമാണ്. ലോകരാഷ്ട്രങ്ങൾ ശ്രദ്ധിക്കുന്ന ഒരു പ്രതിച്ഛായയിലേയ്ക്ക് അതിവേഗം നടന്നുകയറിയ മോദിക്ക് 75 തികയുമ്പോൾ പ്രധാനമന്ത്രി പദം വിട്ടൊഴിയുകയെന്നതിനെപ്പറ്റി ചിന്തിക്കാനാവില്ല.

ആ വൈകാരികതയിൽ തളയ്ക്കപ്പെട്ടതിനാലാണ് അനവസരത്തിലും മോദി ചില്ലറ ഇളവുകൾക്കായി ആർ.എസ്.എസിനെ പ്രകീർത്തിച്ച് ചെങ്കോട്ടയിൽ സംസാരിച്ചത്. ബി.ജെ.പിയും ആർ.എസ്.എസും തമ്മിലുള്ള മൂപ്പിളമ തർക്കങ്ങളിൽ തീവ്ര ഹിന്ദുത്വ ദേശീയവാദ സംഘടനയായ ആർ.എസ്.എസിനാണ് എന്നും മേൽക്കൈ. നാലുമാസങ്ങൾക്ക് മുമ്പ് നരേന്ദ്ര മോദി നാഗ്പൂരിലെ ബി.ജെ.പി ആസ്ഥാനത്തെത്തി മോഹൻ ഭാഗവതുമായി ചർച്ച നടത്തിയിരുന്നു. ആർ.എസ്.എസുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിരുന്നു മോദിയുടെ ഈ സന്ദർശനം. പ്രധാനമന്ത്രി പദത്തിലിരിക്കെ ആദ്യമായാണ് ഒരു ബി.ജെ.പി നേതാവ് ആർ.എസ്.എസ് ആസ്ഥാനത്തെത്തുന്നത്. ഈ കൂടിക്കാഴ്ചയിൽ ആർ.എസ്.എസ് നിശ്ചയിച്ച വ്യക്തിയാണ് ബി.ജെ.പി പ്രസിഡന്റായ ജെ.പി നദ്ദയെന്നോർക്കണം. അങ്ങനെയെല്ലാക്കാര്യത്തിലും ബി.ജെ.പിയെ നിയന്ത്രിക്കുന്ന സംഘടനയാണ് ആർ.എസ്.എസ്.

വാസ്തവത്തിൽ ആർ.എസ്.എസിന്റെ ഇഷ്ടങ്ങളെല്ലാം അതിന്റെ മെരിറ്റ് നോക്കാതെ സാധിച്ചുകൊടുത്ത പ്രധാനമന്ത്രിയാണ് മോദി. ജമ്മു കശ്മീർ സംസ്ഥാനത്തിന് പ്രത്യേക പദവി നൽകിയ ആർട്ടിക്കിൾ 370 റദ്ദാക്കിയത്, അയോധ്യയിലെ രാമക്ഷേത്ര സമർപ്പണം തുടങ്ങിയവ ഉദാഹരണം. 2024-ലെ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ഭൂരിപക്ഷം ലഭിക്കാതെ വന്നത് ആർ.എസ്.എസിന്റെ വിമർശനത്തിനിടയാക്കി. തങ്ങൾക്ക് സ്വന്തം കാലിൽ നിൽക്കാൻ ശേഷിയുണ്ട്, ആർ.എസ്.എസിന്റെ പിന്തുണയൊന്നും വേണ്ട എന്ന ചില ബി.ജെ.പി നേതാക്കളുടെ നിലപാടും അവരെ ചൊടിപ്പിച്ചു.

ഈ സാഹചര്യത്തിൽ ആർ.എസ്. എസിനോട് കൂടുതൽ അടുക്കാനുള്ള ശ്രമങ്ങളാണ് കുറേ നാളുകളായി നരേന്ദ്ര മോദി നടത്തിക്കൊണ്ടിരിക്കുന്നത്. ലോക്സഭയിലെ 240 ബി.ജെ.പി എം.പിമാരിൽ 190 പേർ കടുത്ത ആർ.എസ്.എസ് നിലപാട് പുലർത്തുന്നവരാണ്. 50 പേർ മാത്രമാണ് മോദിയുടെ വ്യക്തിപ്രഭാവത്തിൽ കൂറ് പുലർത്തുന്നവർ. 75 വയസ് പൂർത്തിയാവുമ്പോൾ ഇക്കാര്യങ്ങളൊക്കെ മോദിയുടെ പടിയിറക്കത്തിന് കാര്യകാരണങ്ങളാവുമെന്നാണ് രാഷ്ട്രീയ ഉപശാലാ വൃത്തങ്ങളിൽ നിന്നുള്ള സൂചനകൾ. സൂര്യൻ ഒരിക്കലും അസ്തമിക്കുന്നില്ല. ഭൂമിയാണ് കറങ്ങുന്നത്. ഇവിടെ ആർ.എസ്.എസ് എന്ന സൂര്യന് ചുറ്റും ബി.ജെ.പി ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. ഉപഗ്രഹമായ ചന്ദ്രനെപ്പോലെ, മോദി ഉൾപ്പെടെയുള്ള നേതാക്കൾക്ക് വൃദ്ധിക്ഷയങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ മോൻസ് ജോസഫും മാണി സി. കാപ്പനും അതിഥികൾ



**ജോസ് കണിയാലി**

ചിക്കാഗോ: ആഗസ്റ്റ് 31-ാം തീയതി ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ അഡ്വ. മോൻസ് ജോസഫ് എംഎൽഎ, മാണി സി. കാപ്പൻ എംഎൽഎ എന്നിവർ അതിഥികളായി പങ്കെടുക്കുമെന്ന് ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു. രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയും ഇത്തവണ അതിഥിയാണ്. കേരള നിയമസഭയിലെ മൂന്ന് ജനപ്രതിനിധികൾ വടംവലി മത്സരത്തിന്റെ വേദിയിലെത്തുന്നത് തികച്ചും അഭിമാനകരമാണെന്ന് ഭാരവാഹികൾ പറഞ്ഞു.

കേരളാ കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയിലൂടെ രാഷ്ട്രീയത്തിൽ സജീവമായ മോൻസ് ജോസഫ് 1984-ൽ കോട്ടയം ബസേലിയസ് കോളജ് യൂണിയൻ ചെയർമാനായിരുന്നു. കെ.എസ്.സി സംസ്ഥാന പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, കേരള യൂത്ത്ഫ്രണ്ട് പ്രസിഡണ്ട്, കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡണ്ട് തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള മോൻസ് ജോസഫ് സോഷ്യോളജിയിൽ മാസ്റ്റർ ബിരുദവും ലോ അക്കാഡമിയിൽ നിന്നും നിയമബിരുദവും നേടിയിട്ടുണ്ട്. 1996-ൽ കെ.എസ്.സി സംസ്ഥാന പ്രസിഡണ്ടായിരിക്കുമ്പോൾ കടുത്തുരുത്തിയിൽ നിന്നും നിയമസഭയിലേക്ക് 15,000 വോട്ടിന്റെ തിളക്കമാർന്ന വിജയം നേടി കന്നിമത്സരത്തിൽ വിജയിച്ചു. തുടർന്ന് 2006, 2011, 2016, 2021 വർഷങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ കടുത്തുരുത്തിയിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിയമസമാജികനെന്ന നിലയിൽ 25 വർഷത്തെ സേവനപാരമ്പര്യം കൈമുതലായുള്ള മോൻസ് ജോസഫ് 2007 ഒക്ടോബർ 18-ന് വി.എസ്. മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. രണ്ടര വർഷക്കാലം മന്ത്രിയായും തിളക്കമാർന്ന പ്രവർത്തനം കാഴ്ചവെച്ചു. കേരളാ കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് ചെയർമാനായ അഡ്വ. മോൻസ് ജോസഫ് എംഎൽഎ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്.

2019 മുതൽ പാലായിൽ നിന്നുള്ള ജനപ്രതിനിധിയാണ് മാണി സി. കാപ്പൻ എംഎൽഎ. കോളജ് വിദ്യാഭ്യാസ കാലഘട്ടത്തിൽ കേരള സംസ്ഥാന വോളിബോൾ ടീമിൽ നാല് വർഷ





ത്തോളം അംഗമായിരുന്നു. കാലിക്കറ്റ് സർവകലാശാലാ വോളിബോൾ ടീം ക്യാപ്റ്റൻ എന്ന നിലയിൽ കാഴ്ചവെച്ച മിന്നുന്ന പ്രകടനം കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ വോളിബോൾ ടീമിൽ എത്താൻ സഹായിച്ചു. ജിമ്മി ജോർജിനൊപ്പം അബുദാബി സ്പോർട്സ് ക്ലബിൽ കളിക്കുവാൻ അവസരം ലഭിച്ച ചുരുക്കം ചില മലയാളികളിൽ ഒരാളാണ് മാണി സി. കാപ്പൻ. സിനിമാ രംഗത്ത് നിർമ്മാതാവ്, സംവിധായകൻ, അഭിനേതാവ് എന്നീ നിലകളിലും ശ്രദ്ധേയനായി. 25-ഓളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. മേലേപ്പറമ്പിൽ ആൺവീടാണ് അദ്ദേഹം നിർമ്മിച്ച ആദ്യത്തെ സിനിമ. നാഷണലിസ്റ്റ് കോൺഗ്രസ് കേരള പാർട്ടിയുടെ സ്ഥാപകാംഗവും എൻ.സി.പിയുടെ മുൻ സംസ്ഥാന ട്രഷററുമാണ് മാണി സി. കാപ്പൻ.

ആഗസ്റ്റ് 31-ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ മത്സരം ആരംഭിക്കും. 5 മണിക്ക് മത്സരങ്ങൾ അവസാനിക്കിം. 5 മണി മുതൽ രാത്രി 10 മണി വരെ വൈവിധ്യമാർന്ന ഇന്ത്യൻ ഭക്ഷണവിഭവങ്ങൾ ആസ്വദിക്കാനുള്ള 'ഇന്ത്യ ഫുഡ് ടേസ്റ്റ്' നടത്തപ്പെടും. 7 മണി മുതൽ 10 മണി വരെയാണ് അഫ്സലിന്റെ നേതൃത്വത്തിലുള്ള കലാസന്ധ്യ അരങ്ങേറും. ഈ വർഷം പുതിയ സ്ഥലത്താണ് വടംവലി മത്സരം നടക്കുക. വിശാലവും വിപുലവുമായ പാർക്കിംഗ് സൗകര്യങ്ങളുള്ള മോർട്ടൻഗ്രോവ് പാർക്ക് ഡിസ്ട്രിക്ട് സ്റ്റേഡിയം കാണികളെ സ്വീകരിക്കാനുളള തയ്യാറെടുപ്പിലാണ്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരങ്ങളിൽ പങ്കെടുക്കും. ഇരുപതിൽപ്പരം ടീമുകളെയാീണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. കൃത്യനിഷ്ഠയോടെ ഈ വർഷത്തെ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം ഇന്ത്യാ ഫുഡ്ഫെസ്റ്റ് ചെയർമാൻ ജോസ് മണക്കാട്ട് എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു. പുതിയ അഡ്രസ് ശ്രദ്ധിക്കുക:

MORTON GROVE PARK DISTRICT STADIUM

6834 DEMPSTER ST, MORTON GROVE, ILLINOIS 60053.

വിശദവിവരങ്ങൾക്ക്: റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്) -(630) 935-9655

സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)-(630) 673-3382



# ഒരു ദിവസം കടന്നുപോകുന്നു



മനോഹർ തോമസ്

ഇന്ന് ഇൻഡിപെന്റൻസ് ഡേ ആണ്. ഇന്ത്യക്ക് ഇംഗ്ലീഷുകാരിൽ സ്വാതന്ത്രം കിട്ടിയ ദിവസം . കൊടി ഉയർത്തലും ,പ്രസംഗങ്ങളും, കാര്യമായി ഉണ്ടെന്നു കേരള സെന്ററിലെ അലക്സ് എസ്തപ്പാൻ വിളിച്ചു പറഞ്ഞിരുന്നു .പോകാൻ തീരുമാനിച്ചു തലേ ദിവസം അലാറം വച്ചു കിടന്നു ,അതിരാവിലെ അഞ്ചു മണിക്ക് ഉണർന്നു .പണ്ടൊക്കെ ഒരു മണിക്കൂർ കൊണ്ട് കേരള സെന്ററിൽ എത്തുമായിരുന്നു .ഇപ്പോൾ കാറുകളും ,ആളുകളും കൂടിയകൊണ്ട് രണ്ടു മണിക്കൂറെങ്കിലും എടുക്കും .

അതിരാവിലെ എഴുന്നേറ്റാൽ ഓട്ടം പതിവാണ് .കഴിഞ്ഞ നാൽപ്പതു വർഷമായി ഓടുന്നു .എന്തിനാണ് ഇങ്ങനെ ഓടുന്നതെന്ന് പലരും ചോദിച്ചിട്ടുണ്ട്.

വർഷങ്ങൾക്കു മുമ്പ് ,യാതൊരു കാരണങ്ങളുമില്ലാതെ ,വല്ലാത്തൊരു തളർച്ച അനുഭവപ്പെട്ടു .ഭാര്യ പറഞ്ഞു ,എന്തോ തകരാറു പറ്റിയിട്ടുണ്ട് ,അല്ലാതെ ഇങ്ങനെ എവിടെ ഇരുന്നാലും ഉറങ്ങിപ്പോകുന്നത് നല്ലതല്ല .ഡോക്ടറെ കണ്ടു .

രക്തം പരിശോധിച്ചപ്പോൾ ട്രൈഗ്ലിസറൈഡ് ആയിരത്തിനു മുകളിലാണ് .

ഡോക്ടറുടെ കമന്റ് ഇതായിരുന്നു , ' നിങ്ങൾ ജീവിച്ചിരിക്കുന്നത് തന്നെ ഒരത്ഭുതമാണ് .ഞരമ്പുകൾ ഒടിഞ്ഞു പോകേണ്ടതാണ് . മരണം വരെ മരുന്ന് കഴിക്കണം .'' ഡോക്ടറുടെ അടുത്ത മുറിയിലെ പല ഡോക്ടറുമാരും എന്നെ വന്ന് ഒരത്ഭുത ജീവിയെ കാണുന്ന പോലെ നോക്കിയിട്ടുപോയി .

ചോറും ,കപ്പക്കിഴങ്ങും ,ഉരുളക്കിഴങ്ങും വെട്ടി വിഴുങ്ങിയിരുന്ന നല്ല കാലം അസ്തമിച്ചു .ഡോക്ടർ അഞ്ചുവർഷം കഴിക്കാനുള്ള മരുന്നുകളുടെ കുറിപ്പടി തന്നു . ' ജീവിച്ചിരിക്കാൻ നോക്ക് എന്നൊരു പദേശവും .ഭക്ഷണ നിയന്ത്രണം പറഞ്ഞപ്പോൾ ലോകത്തിൽ എനിക്ക് കഴിക്കാൻ പറ്റിയ ഒന്നും ഉണ്ടായിരുന്നില്ല .

അന്ന് തുടങ്ങിയ ഓട്ടമാണ് .ഇന്നും തുടരുന്നത് . എന്റെ കൂടെയും, പുറകിലുമായി ഒരാൾ ഓടുന്നുണ്ടെന്നു ഞാൻ പലരോടും പറഞ്ഞു . ആരാണയാൾ എന്ന ചോദ്യം ഉടനെ വരും . ഒരാൾ തന്നെ ഓടിയാൽ ഒരിക്കലും ജയിക്കില്ലല്ലോ . ' അത് മറ്റാരുമല്ല .മരണമാണ് .''

കേരള സെന്ററിൽ നേരത്തെ എത്തി .കസേര പിടിച്ചിടലും ,ബ്രേക്ക് ഫാസ്റ്റ് കഴിക്കലും എല്ലാം തകൃതിയായി നടക്കുന്നു .കാവി നിറമുള്ള ജുബ്ബയിട്ട് പുതിയ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ വന്ന് ഹസ്തദാനം തന്നു .സ്റ്റേജിൽ കേരള സെന്ററിന്റെ ചെറിയൊരു ബാനർ വലിച്ചുകെട്ടിയിരിക്കുന്നു .അതിനു താഴെയായി പയനിയർ ക്ലബുകാരുടെ ഒരു വലിയ ബാനർ സ്ഥാപിച്ചിരിക്കുന്നു. സർഗ്ഗവേദിയുടെ ബാനർ അവിടെ ഉണ്ടായിരുന്നില്ല .

ഓർത്തുപോകുകയായിരുന്നു ,കേരള സെന്റർ എന്ന് പറഞ്ഞാൽ സ്റ്റീഫൻ സ്റ്റീഫൻ എന്ന് പറഞ്ഞാൽ കേരള സെന്റർ എന്ന് കൂട്ടി വായിച്ചിരുന്ന കാലം.

കുറെ വർഷങ്ങൾക്കു മുമ്പ് സർഗവേദി സന്തൂർ ഹോട്ടലിൽ കൂടിക്കൊണ്ടിരുന്ന കാലം . ചെറിയാൻ കെ ചെറിയാനൊക്കെ ഉണ്ടായിരുന്ന സർഗ്ഗവേദിയുടെ സുവർണ്ണ കാലം . ''മാസാമാസം കൂടാൻ ഒരിടം തരാമോ ' എന്ന് സ്റ്റീഫനോട് ചോദിക്കുന്നു .ഉത്തരം ഇതായിരുന്നു . ' മലയാള ഭാഷയും സാഹിത്യവുമില്ലെങ്കിൽ പിന്നെന്തു കേരള സെന്റർ നിങ്ങൾ ധൈര്യമായി വന്ന് കൂടണം .'' അതിനു ശേഷം വർഷങ്ങൾ എത്ര കടന്നു പോയി .

ഇരുപത്തഞ്ചു വർഷങ്ങളിലേക്ക് നീളുന്ന ആ യാത്രയിൽ സർഗവേദി സംഘടിപ്പിച്ചിടത്തോളം മീറ്റിങ്ങുകളോ ,ശില്പശാലകളോ ,സ്വീകരണങ്ങളോ ആരും നടത്തി

യിട്ടില്ല .ഏതു കവിയോ ,സാഹിത്യകാരനോ സാമൂഹ്യ നേതാവോ വന്നാൽ സർഗ്ഗവേദി ആദരിക്കാൻ മടിക്കാറില്ല .

ഏതോ സിനിമയിൽ മോഹൻ ലാൽ പറഞ്ഞപോലെ,' സ്ഥാപിച്ചെടുത്തതും വെട്ടിപ്പിടിച്ചതും,കീഴടക്കിയതും ,അടയാളങ്ങളും എല്ലാം മാഞ്ഞുപോകും '

കേരള സെന്റർ തുടങ്ങാൻ സഹായിച്ച പത്തു പേരെ ആദരിക്കുന്ന ചടങ്ങുണ്ടായിരുന്നു.അപ്പോൾ സെക്രട്ടറി രാജു തോമസ് സ്റ്റീഫന്റെ പേര് എടുത്തു പറയുകയുണ്ടായി . അവിടെയും വളർച്ചയുടെ പടവുകളിൽ സർഗ്ഗവേദിയും ഉണ്ടായിരുന്നു എന്ന് പറയാമായിരുന്നു. പെട്ടന്ന് ഓർമവന്നത് ഏതോ മീറ്റിംഗ് നടക്കുമ്പോൾ രണ്ടു വാക്ക് പറയാനായി എന്നെ സ്റ്റേജിലേക്ക് വിളിച്ചഭാഗമാണ്.'' അടുത്തതായി ഇവിടുത്തെ ഓൾഡ്മെൻസ് അസോസിയേഷൻ പ്രസിഡന്റായ മനോഹർ തോമസ് നിങ്ങളോട് സംസാരിക്കുന്നതാണ്.' സർഗവേദി എന്ന സാഹിത്യ സംഘടന എങ്ങിനെയാണ് പെട്ടന്ന് മാറിയതെന്ന് ജനങ്ങൾ അന്തം വിട്ടു .

പറയുമ്പോൾ എല്ലാം പറയണമല്ലോ. രാജ് മോഹൻ ഉണ്ണിത്താന്റെ പ്രസംഗം ഗംഭീരമായിരുന്നു . നമ്മളുടെ കുട്ടിക്കാലത്തു ജനങ്ങളെ നയിച്ച ,സ്വാതന്ത്ര്യം നേടിത്തന്ന നേതാക്കന്മാരെ സ്കൂളിൽ ഓർമിക്കുകയും ,പരാമർശിക്കുകയും ചെയ്യുന്നത് ഒരു സാധാരണ സംരംഭമായിരുന്നു . അങ്ങിനെയാണ് വല്ലഭായി പട്ടേലും ,ദാദാഭായി നവറോജിയും ,രാജേന്ദ്രപ്രസാദും ,നെഹ്‌റും ,മഹാത്മാ ഗാന്ധിയും ഒക്കെ നമ്മുടെ മനസ്സിൽഇടം പിടിച്ചത് .

നമുക്ക് 1947 ഓഗസ്റ്റ് 15 നു സ്വാതന്ത്ര്യം കിട്ടിയപ്പോൾ അത് ആഘോഷിക്കണ്ട അതിന് എതിരായി സംഘടിക്കണം എന്ന് പറഞ്ഞു പ്രഖ്യാപനം നടത്തിയത് '' ഹിന്ദു മഹാ സഭ ' ഇന്നത്തെ R S S മാത്രമാണ് .കാരണം അതിന്റെ നേതാവായ സർവേക്കർ ,ആൻഡമാൻ ജെയിലിൽ വച്ച് മാപ്പ് എഴുതിക്കൊടുത്തു തിരിച്ചു വന്ന ആളാണ് .മരണം വരെ ബ്രിട്ടീഷ് സാമ്രാജ്യത്തോട് വിധേയത്വം പാലിച്ചോളാം എന്ന വാക്കിന്റെ ഉറപ്പ് . പതിനായിരക്കണക്കിന് ആളുകൾ പൊരുതി മരിച്ചുവീഴുകയും ,അഹിംസ എന്ന സിദ്ധാന്തത്തിൽ ഉറച്ചുനിൽക്കുകയും ,ഇരുനൂറ്റമ്പതു വർഷത്തെ കൊടും യാതനകളിൽ നിന്ന് മോചനം നേടുകയും ചെയ്ത ഒരു ജനതതിയോട് ചെയ്ത ഏറ്റവും വലിയ ചതിയുടെ കഥയാണ് പറയുന്നത് .

ഉണ്ണിത്താന്റെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞ, ഗാന്ധിജി സ്വികരിക്കാൻ ഉൽബോധനം ചെയ്ത അഞ്ചു ' നി ' കളുണ്ട് .നിവേദനം നിരാഹാരം ,നിസ്സഹകരണം,നീതി നിഷേധം ,തുടങ്ങിയവ .മാർട്ടിൻ ലൂഥർ കിംഗ് നു വരെ ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം ഒരു പാഠമായി ഭവിച്ചു . മതേതരത്വവും

ജനാധിപത്യവും ,ചേരിചേരാനയവും ,അഹിംസയും അടിസ്ഥാന മുല്യങ്ങളായെടുത്ത ഒരു രാജ്യത്തിന് ഇന്നെന്തുപറ്റി .നിങ്ങൾ ഏതുമതക്കാരനായാലും ,ദൈവപ്രാപ്തി ,അത് നിങ്ങളുടെ സ്വകാര്യതയാണ്


ഭാരതീയൻ എന്ന് ചിന്തിക്കുമ്പോൾ നമ്മൾ ഒന്നാണ് , ഒറ്റക്കെട്ടാണ് എന്ന് പറഞ്ഞു പഠിപ്പിച്ച ,നിഷ്കളംഗ ബാല്യത്തിലേക്ക് , എപ്പോഴാണ് ഈ ജാതി വിഷംകലർന്നതു. അതാരാണ് ആ ജാതി വിഷം കലർത്തിയത് . മുസ്തഫയും,ജോസഫും , നാരായണനും കൊണ്ടുവന്ന പുളീംകുരു ക്ലാസിലിരുന്ന് പകുത്തു തിന്ന ബാല്യം എപ്പോഴാണ് നമുക്ക് നഷ്ടപ്പെട്ടത് .

വരികൾക്ക് ഇടയിലൂടെ വായിക്കുമ്പോൾ ഉണ്ണിത്താന്റെ പ്രസംഗം ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥയെ പ്രതിനിധാനം ചെയ്യുന്ന പല കാര്യങ്ങളിലേക്കും വെളിച്ചം വീശുന്നതായിരുന്നു . പടിപടിയായി ചരിത്രമാണ് പറഞ്ഞത് എങ്കിലും ,വന്നെത്തിനിൽക്കുന്നത് അവിടെയാണ് .

വിഭജനകാലത്തു ,തീവണ്ടി നിറയെ ചീഞ്ഞളിഞ്ഞ ശവശരീരങ്ങൾ വന്നപോലെ ഇനിയും സംഭവിക്കാൻ പാടില്ലായ്കയില്ല . ലോകം ആധുനിക സമതലങ്ങൾ തേടി പോകുമ്പോൾ ,ആർട്ടിഫിഷ്യൽ ഇന്റലിജെൻസിനെ വരെ തൊട്ടു നിൽക്കുമ്പോൾ ,ജാതിയുടെ പേരും പറഞ്ഞു കൂട്ടിത്തല്ലി പുറകോട്ടു പോകാനാണ് ,ജനാധിപത്യത്തിൽ ലോകത്തിലെ നാലാമത്തെ വലിയ രാഷ്ട്രം ശ്രമിക്കുന്നതെങ്കിൽ ,കാര്യങ്ങൾ കണ്ടുതന്നെ അറിയണം.

പിന്നെ നടന്നത് KRK യുടെ ട്രസ്റ്റ് ,വില്ല് എന്നിവയെ പറ്റിയുള്ള പ്രഭാഷണമാണ് . നേരത്തെ ആ ചടങ്ങൊക്കെ തീർത്തു വച്ചകാരണം അത് ശ്രദ്ധിക്കാൻ പോയില്ല പലരും സർഗ്ഗവേദിയെപ്പറ്റി ചോദിച്ചു . എല്ലാമാസവും എന്തെങ്കിലും ഒരു സംഭവവുമായി സർഗവേദി കൂടാറുണ്ടെന്നു പറഞ്ഞപ്പോൾ ചിലർക്ക് അത്ഭുതം അധികം പരസ്യം കൊടുക്കാറില്ല . ഇതു ഫോമയും ,ഫൊക്കാനയും ഒന്നും അല്ലല്ലോ .ഒരു സ്ത്രി എന്നോട് ചോദിച്ചു ,സർഗവേദി രെജിസ് നെടുങ്ങാടപ്പള്ളി ഒക്കെ വരുന്ന ആ പ്രസ്ഥാനമല്ലേ ? ' അയാൾ അവിടെ വന്നിട്ട് അഞ്ചു വർഷം കഴിഞ്ഞു . അയാൾ നല്ലൊരു കവിയാണ് . വ്യക്തിപരമായി അയാളെ പ്പറ്റി എനിക്കൊന്നും അറിയില്ല .''

കാറിൽ വീട്ടിലേക്ക് മടങ്ങുമ്പോൾ ,സ്വാതന്ത്ര്യം കിട്ടി 79 വർഷം പിന്നിട്ട ഇന്ത്യയുടെ മുഖം മനസ്സിൽ ചികഞ്ഞെടുക്കുകയായിരുന്നു .ആധുനികതയുടെ എല്ലാ തലങ്ങളിലും നമ്മൾ മുന്നോട്ടു പോയി . ഐ റ്റി മേഖലയിൽ നമ്മൾ ആർജിച്ച വികാസം മറ്റു രാജ്യങ്ങളോട് കിടപിടിക്കത്തക്കതാണ് .എന്നിട്ടും അടുത്ത് നിൽക്കുന്ന ആൾ ഏതു ജാതിക്കാരനാണെന്ന് ചോദിക്കാനുള്ള മനസ്സുമാത്രം മാറിയിട്ടില്ല



the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# മയാമിയിൽ മലയാളി കത്തോലിക്ക വൈദികരുടെ മഹാസംഗമത്തിന്റെ കിക്ക് ഓഫ്



മയാമി: ചിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അമേരിക്കൻ മലയാളി കത്തോലിക്ക ചരിത്രത്തിൽ ഇടം നേടുവാൻ പോകുന്ന വൈദിക മഹാസംഗമം 2025 നവംബർ 18, 19 തീയതികളിൽ കേരളത്തിന്റെ മനോഹാരിതയുമായി സാമ്യമുള്ള സൗത്ത് ഫ്ളോറിഡായിലെ ലോകപ്രശസ്തമായ മയാമിയിൽ വേദി ഒരുങ്ങുന്നു.

മയാമി നഗരാതിർത്തിയിൽ മലയാളികളുടെ ആത്മീയ അഭിമാനകേന്ദ്രമായി നിലകൊള്ളുന്ന ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ഫോറോനാ ദേവാലയത്തിന്റെ ആഭിമുഖ്യത്തിലാണ് ''മലയാളി പ്രീസ്റ്റ് കോയ്നോനിയ'' എന്ന പേര് നൽകിയിരിക്കുന്ന ('കോയ്നോനിയ' എന്ന ഗ്രീക്ക് പദം ഒരുമ, കൂട്ടായ്മ, സൗഹൃദം പങ്കിടൽ) ഈ വൈദിക സമ്മേളനത്തിന് അരങ്ങ് ഒരുങ്ങുന്നത്.

ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ സേവനം ചെയ്യുന്ന സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ റീത്തുകളിലും, വിവിധ കോൺഗ്രിഗേഷനുകൾ, സന്യാസസഭകൾ എന്നിവയിൽ പ്രവർത്തിക്കുന്ന അഞ്ഞൂറിലധികം വരുന്ന മലയാളി കത്തോലിക്ക വൈദികർക്ക് ഒരുമിച്ചു ചേരാൻ സാധിക്കുന്ന ഒരു അപൂർവ്വ വേദിയാണ് ഈ മഹാസമ്മേളനം.

ഇദംപ്രഥമമായി നടക്കുന്ന ഈ ആത്മീയ വൈദിക സമ്മേളനത്തിന്റെ വിജയത്തിനായി മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫോറോനാ ദേവാലയത്തിലെ വിശ്വാസിസമൂഹം ഒന്നുചേർന്ന് ക്രമീകരണങ്ങൾ ഒരുക്കിവരുന്നു.

ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയി ആലപ്പാട്ട് രക്ഷാധികാരിയും, വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം സഹരക്ഷാധികാരിയും, ഫോറോനാ വികാരി റവ. ഫാ. ജോഷി ഇളംബാശ്ശേരി ചെയർമാനും, ജോഷി ജോസഫ് ജനറൽ കൺവീനറുമായി മുപ്പതിലധികം വിവിധ കമ്മിറ്റി ചെയർമാന്മാരും, കൈക്കാരന്മാരും, വിവിധ കമ്മിറ്റി അംഗങ്ങളുമായി ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ ക്രമീകരിച്ചു വരുന്നു.

മയാമിയിൽ നടക്കുന്ന മലയാളി കത്തോലിക്ക വൈദികരുടെ മഹാസംഗമത്തിന്റെ ഭാഗമായി കൃതജ്ഞതാബലിയിൽ നൂറുകണക്കിന് മലയാളി വൈദികർ പങ്കെടുക്കുന്നു.

ഈ മഹാസംഗമത്തിന് ആധ്യാത്മിക ഭംഗി പകരുന്നത് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെയും, അമേരിക്കൻ ബിഷപ്പ് കൗൺസിൽ അംഗങ്ങളുടെയും, മയാമി ആർച്ച് ബിഷപ്പിന്റെയും, പാംബീച്ച് ബിഷപ്പിന്റെയും സാന്നിധ്യമുണ്ട്.

പൊതുസമ്മേളനത്തിലും കലാപരിപാടികളിലും ഫ്ളോറിഡ സംസ്ഥാന ഭരണാധികാരികളും, സെനറ്റർമാരും, കോൺഗ്രസ് അംഗങ്ങളും, മേയർമാരും, പ്രാദേശിക നേതാക്കളും പങ്കുചേരും.

സംഗമത്തിന്റെ സൗഹൃദവും സാംസ്കാരിക വൈവിധ്യവും പ്രതിഫലിപ്പിക്കുന്ന അത്താഴ വിരുന്ന് ഏവർക്കും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ആഘോഷമായിരിക്കും. കൂടാതെ, പങ്കെടുക്കുന്ന വൈദികർക്കായി മയാമിയുടെ മനോഹാരിത അനുഭവിക്കുവാൻ പ്രത്യേക ബോട്ട് ടൂറും ഒരുക്കിയിരിക്കുന്നു.

സംഗമത്തിൽ പങ്കെടുക്കുന്ന വൈദികർക്കായി സൗജന്യ രജിസ്ട്രേഷനും താമസ സൗകര്യവുമാണ് ഒരുക്കിയിരിക്കുന്നത്.

ഈ മഹാസമ്മേളനത്തിനായി വരുന്ന സാമ്പത്തിക ചിലവുകൾ സുമനസ്സുകളുടെ സ്പോൺസർഷിപ്പുകളിൽ നിന്ന് ഏറ്റുവാങ്ങുന്നതിനായുള്ള കിക്ക് ഓഫ് വിജയകരമായി. സംഗമത്തിന്റെ ചെയർമാൻ റവ. ഫാ. ജോഷി ഇളംബാശ്ശേരിയും ഫിനാൻസ് കമ്മിറ്റിയും കിക്ക് ഓഫിന് നേതൃത്വം നൽകി.

അമേരിക്കയിലെ വിവിധ കർമ്മ മേഖലകളിൽ സേവനം ചെയ്യുന്ന മലയാളി വൈദിക സമൂഹത്തെ അമേരിക്കയിൽ ഒരുമിപ്പിക്കുന്ന ആദ്യവേദി ആയിരിക്കും ഈ മഹാസംഗമം. ആത്മീയ ഐക്യത്തിനും, സഭയുടെ ദൗത്യബോധത്തിനും, പരസ്പര ബന്ധങ്ങളിൽ ഊഷ്മളത കൊണ്ടു വരുവാനും, ഭാവി തലമുറയ്ക്ക് പ്രചോദനം നൽകുന്ന ഒരു ചരിത്രനിമിഷമായി തീരും ഈ മഹാസമ്മേളനമെന്ന് ബിഷപ്പ് മാർ ജോയി ആലപ്പാട്ടും, ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്തും ഓർമ്മപ്പെടുത്തി.






# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ദർശനതിരുനാളിന് ഭക്തിനിർഭരമായ സമാപനം

emalayalee.com

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ 8 ദിവസങ്ങൾ നീണ്ടുനിന്ന ഈ വർഷത്തെ പ്രധാന തിരുനാളിന് ഭക്തിനിർഭരമായ സമാപനം. ഓഗസ്റ്റ് പതിനൊന്നുവരെ ദർശനത്തിരുനാളായി ആഘോഷിക്കപ്പെട്ട ഈ തിരുനാളിന് ഓഗസ്റ്റ് മൂന്നിന് രാവിലെ പത്തുമണിക്കുള്ള കുർബ്ബാനയ്ക്ക് ശേഷം നടത്തപ്പെട്ട പതാകയുയർത്തലോടെയാണ് തുടക്കമായത്. വി. കുർബ്ബനയ്ക്ക് ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ മുഖ്യ കാർമികത്വം വഹിക്കുകയും ഗുജറാത്ത് മിഷന്റെ സുപ്പീരിയർ ജനറൽ ഫാ. സ്റ്റീഫൻ ജയരാജ് സന്ദേശം നൽകും ചെയ്തു.

ഒരാഴ്ചയോളം നീണ്ടു നിൽക്കുന്ന തിരുനാളിന്റെ ഭാഗമായി തിങ്കൾ മുതൽ ബുധൻ വരെ ആഘോഷമായ ദിവ്യബലിയും മരിയൻ സന്ദേശത്തോടുകൂടിയുള്ള









തിരുക്കർമ്മങ്ങളും നടത്തപ്പെട്ടു. ഫാ. ജോസ് തറക്കൽ, ഫാ. ടോമി വട്ടുകുളം, ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ ഈ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഫാ. ജോബി പന്നൂറയിൽ, ഫാ. ജോബി വെള്ളൂക്കുന്നേൽ, ഫാ. ബിൻസ് ചേത്തലിൽ എന്നിവരാണ് വ്യാഴം വെള്ളി, ശനി ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചത്. വെള്ളിയാഴ്ച്ച നടത്തിയ തിരുക്കർമ്മങ്ങൾ യുവതി-യുവാക്കൾക്ക് വേണ്ടി ഇഗ്ലീഷിൽ നടത്തപെട്ടപ്പോൾ, ശനിയാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് ചിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ ഇടവകയുടെ അസിസ്റ്റന്റ് വികാരി ഫാ. ബിൻസ് ചേത്തലിൽ, സേക്രഡ് ഹാർട്ടിലെ ഗായക സംഘം, അൾത്താര ശുശ്രൂഷകർ എന്നിവരടക്കമുള്ള സേക്രഡ് ഹാർട്ട് ഇടവകാംഗങ്ങളാണ്.





ഓഗസ്റ്റ് 8 വെള്ളിയാഴ്ചയിലും, ഓഗസ്റ്റ് 9 ശനിയാഴ്ചയിലും കൂടാരയോഗ കലാമേളയും കലാസന്ധ്യയും വൈവിധ്യമാർന്ന പരിപാടികളോടെ ശ്രദ്ധേയമായി. ഇടവകയിലെ കൂടാരയോഗങ്ങളുടെയും, തിരുബാലസഖ്യം, ടീൻ മിനിസ്ട്രി, യൂത്ത് മിനിസ്ട്രി, യുവജനവേദി തുടങ്ങിയവർ വർണ്ണവൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിച്ചു. മെൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നാടകം ഏറെ ശ്രദ്ധിക്കപ്പെട്ടു.

പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10 ഞായറാഴ്ചത്തെ റാസ കുർബ്ബാനയ്ക്ക് ഫാ. ലിജോ കൊച്ചുപറമ്പിൽ മുഖ്യ കാർമികത്വം വഹിച്ചു. ആബാലവൃദ്ധം ജനങ്ങളും പങ്കെടുത്ത തിരുനാൾ പ്രദിക്ഷണവും, വാശിയോടെ നടത്തപ്പെട്ട തിരുനാൾ








ലേലവും, കുട്ടികൾക്കായി തയ്യാറാക്കിയ വളർത്തുമൃഗങ്ങളുടെ കാഴ്ച ബംഗ്ളാവും തിരുനാളിന് വർണ്ണപൊലിമ ചാർത്തി. സ്നേഹവിരുന്നോടെയാണ് ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾ അവസാനിച്ചത്.

ഓഗസ്റ്റ് 11 തിങ്കളാഴ്ച്ച നടത്തപ്പെട്ട മരിച്ചവർക്ക് വേണ്ടിയുള്ള വിശുദ്ധ കുർബ്ബാനയോടും സെമിത്തേരി സന്ദർശനത്തോടെയുമാണ് തിരുനാൾ തിരുക്കർമ്മങ്ങൾ അവസാനിച്ചത്. ഇടവക മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളാണ് ദർശനത്തിരുനാളായി കൊണ്ടാടപ്പെടുന്നത്. ഇടവക സ്ഥാപിതമായിട്ട് പതിനഞ്ചു വർഷങ്ങൾ പൂർത്തിയായ വേളയിൽ നടത്തപ്പെട്ട തിരുനാളിന് മെൻ മിനിസ്ട്രിയിലൂടെ ഇടവകയിലെ എല്ലാ കുടുംബങ്ങളും പ്രസുദേന്തിമാരാകുന്നു എന്ന പ്രത്യേകതകൂടിയുണ്ടായിരുന്നു. നാനൂറോളം പ്രസുദേന്തിമാർ തിരുനാളിൽ പങ്കുകാരായി.

വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, തിരുനാൾ കോർഡിനേറ്റേഴ്സായ സിബി കൈതക്കത്തൊട്ടിയിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, പോൾസൺ കുളങ്ങര എന്നിവരുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മറ്റിയാണ് തിരുനാളിന്റെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ചത്.

തിരുനാളിന്റെ സുഗമവും ഭക്തിനിർഭരവുമായ നടത്തിപ്പിനായി സഹകരിച്ച എല്ലാവർക്കും ഇടവകവികാരി ഫാ. സിജു മുടക്കോടിൽ നന്ദി അറിയിച്ചു. അടുത്ത വർഷത്തെ തിരുനാളിനായി ഇടവകയിൽ പതിനഞ്ചുവർഷങ്ങളായി സേവനം ചെയ്ത അല്മായ നേതൃത്വം പ്രസുദേന്തിമാരാകും.












NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ



# മലയാളികളുടെ പൊതു ബോധം: അഭിമാനമോ അപമാനമോ?

ബാബു ഡാളസ്

അമേരിക്കയിൽ എത്തിപ്പെട്ട മലയാളികൾ പൊതുവേ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങൾ സമൂഹമാധ്യമങ്ങളിൽ ചിലർ സൂചിപ്പിക്കന്നത് കാണുവാൻ ഇടയായി നോർക്ക പോലെയുള്ള ഗവണ്മെന്റ് ഏജൻസികൾ, വിദേശകാര്യ വകുപ്പും മറ്റും അമേരിക്കൻ മലയാളി സംഘടനകളുടെ തലപ്പത്തിരിക്കുന്നവരെ ബോധവൽകരിച്ചു ജനങ്ങളിലെത്തിക്കേണ്ട ചില പൊതുബോധത്തെകുറിച്ചാണ് പലരും അഭിപ്രായപ്പെട്ടത് , അമേരിക്കൻ മലയാളി സംഘടനകൾ പൊങ്ങച്ചവും വെള്ളമടിയും മാത്രമായിട്ട് മാറുന്നുവെന്നത് ദുഃഖകരമാണ്. വലിയ പേരിൽ മീറ്റിംഗുകളും, സ്റ്റേജിൽ പ്രസംഗങ്ങളും, ഫോട്ടോയും വീഡിയോയും സോഷ്യൽ മീഡിയയിൽ നിറയും , പക്ഷേ സമൂഹത്തിന് യാഥാർത്ഥ്യത്തിൽ ചെയ്യുന്ന സേവനം വളരെ കുറവ്. നാട്ടിൽ ആർക്കെങ്കിലും ഒരു പാർപ്പിടമോ മറ്റോ വെച്ചുകൊടുത്താൽ രണ്ടുപേരുടെ വലിപ്പമുള്ള ഒരു താക്കോൽ ഉണ്ടാക്കി ഒരു ജനക്കൂട്ടത്തെയും കുറെ രാഷ്ട്രീയക്കാരെയും വരുത്തി അത് വലിയ വർത്തയാക്കുകയും വീട് നൽകിയവരുടെ ഫ്ലെക്സും മറ്റും നാടുനീളെ വെച്ച് ,നൽകുന്നവൻ തലഉയർത്തിയും കിട്ടുന്നവർ തലകുനിച്ചും നിൽകുന്ന ഫോട്ടോകൾ മാധ്യമങ്ങളിൽ നൽകി സായൂജ്യമടയുന്നത് കാണാൻ സാധിച്ചിട്ടുണ്ട് . പലർക്കും സംഘടന ഒരു സ്റ്റാറ്റസ് സിംബലും വ്യക്തിപ്രചരണത്തിനുള്ള വേദിയും മാത്രമായി മാറിയിരിക്കുന്നു. യഥാർത്ഥ ഐക്യവും സേവന മനോഭാവവും മറന്നു പോകുമ്പോൾ വഴക്കും പളിർത്തലുമായി ചുരുങ്ങുന്നു . പുതിയ തലമുറക്ക് ഇതിനോട് യാതൊരു താല്പര്യവുമില്ല . പേരിലും പോസ്റ്ററിലും മാത്രം വലിയവർ. മീറ്റിംഗ് തുടങ്ങുന്നതിനു മുമ്പ് ഫോട്ടോ സെഷൻ, മീറ്റിംഗിനിടയിൽ സെൽഫി, മീറ്റിംഗിന് ശേഷം ഫോട്ടോകൾക്ക് താഴെ ’ഏ്യലമേ ൌരരലൈ!‘ കമന്റുകൾ എല്ലാം പ്ലാൻ പോലെ.ചായ കുടിക്കുന്നതിനും, സ്നാക്സ് കഴിക്കുന്നതിനും വേറെ വേറെ കമ്മിറ്റി, പക്ഷേ സമൂഹ സേവനത്തിനും സഹായ പ്രവർത്തനത്തിനും കാര്യമായി ഒരു ഗുണവുമില്ല .പൊങ്ങച്ചവും, പുരസ്കാരവും, സ്റ്റേജും, മൈക്കും ഇല്ലെങ്കിൽ ഇവരുടെ ഉത്സാഹം ഒന്നിലും കാണില്ല .ഒടുവിൽ, ചിലരുടെ കണ്ണിൽ സംഘടന ഒരു പബ്ലിസിറ്റി പ്ലാറ്റ്ഫോം മാത്രം , മാറേണ്ടിയിരിക്കുന്നു ചിലരുടെ ഹീനകരമായ പ്രവർത്തികൾ കേരളത്തിലും ലോകത്തിലെമ്പാടുമുള്ള മലയാളികൾക്ക് ആപത്ത് വരുത്തിവയ്ക്കുക മാത്രമല്ല അന്യനാട്ടുകാരുടെ വെറുപ്പിനും അതുമൂലം നിസഹകരണത്തിനും കാരണമാകും...

ഈ ദിവസങ്ങളിൽ നടക്കുന്ന സംഭവ വികാസങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ, നിയമത്തിന്റെയും മനുഷ്യാവ

കാശത്തിന്റെയും രാഷ്ട്രീയത്തിന്റെയുമൊക്കെ സമാന്തരമായി മലയാളികൾ തിരുത്തേണ്ട ചില മേഖലകളുണ്ട് . അവ തിരിച്ചറിയാതെ പോയാൽ പോംവഴികൾ ഇല്ലാത്ത വണ്ണം കാര്യങ്ങൾ ഇനിയും വഷളാകാൻ ഇടയുണ്ട്..

ആദ്യം തിരിച്ചറിയേണ്ടത് നിങ്ങൾ പ്രവാസികളാണെന്ന യാഥാർഥ്യമാണ് . അവിടെ നമ്മൾ വീട്ടുകാരല്ല വിരുന്നുകാരാണ്. അമേരിക്കൻ പാസ്പോർട്ട് ഉള്ളയാൾ അല്ലെങ്കിൽ ഗോഡ്സ് ഓൺ കൺട്രിയിൽ നിന്നുവന്നയാൾ എന്നൊക്കെ പറയുന്നത് ഒരു ഔപചാരികത മാത്രം എന്നത് സ്വയം തിരിച്ചറിയേണ്ടതുണ്ട് . ഞാൻ ഇന്ത്യയിൽ രാജാവായിരുന്നു ധാരാളം വീട്ടുജോലിക്കാർ ഞങ്ങൾക്കുണ്ടായിരുന്നു എന്നൊക്കെ തട്ടിവിടുന്നത് ശുദ്ധ ഭോഷ്കാണ് .

കലാകാലങ്ങളായി അമേരിക്കൻ ജനത അവരുടെ ജീവിതത്തിൽ കാത്തു സൂക്ഷിക്കുന്ന ഒരു ഉന്നത നിലവാരമുണ്ട്. വൃത്തിയുടെ കാര്യത്തിൽ, ഡ്രൈവിങ്ങിന്റെ കാര്യത്തിൽ, മറ്റുള്ളവരുടെ സ്വകാര്യത മാനിക്കുന്ന കാര്യത്തിൽ, ഭക്ഷണരീതികളുടെ കാര്യത്തിൽ, പൊതുസ്ഥലത്തെ പെരുമാറ്റത്തിന്റെ കാര്യത്തിൽ, രാഷ്ട്രീയത്തിൽ, വരി നിൽക്കുന്ന കാര്യത്തിൽ..അങ്ങനെയെന്തെല്ലാം. നമ്മൾ മൂലം അത് ഒന്നൊന്നായി ഇല്ലാതാകുമ്പോൾ അവരുടെ അഭിമാനവും സ്വസ്ഥതയും വ്രണപ്പെടുമെന്നത് സ്വഭാവികമായ ഒരു വസ്തുത മാത്രം.

ഉദാഹരണമായി അടുത്തിടെ എബുരാൻ എന്ന മോഹൻലാൽ ചിത്രത്തിന്റെ റിലീസിനെത്തുടർന്ന് അമേരിക്കൻ തിയേറ്ററുകൾ അമേരിക്കൻ മോഹൻലാൽ ഫാൻസ് ആൻഡ് വെൽഫെയർ ഓർഗനൈസേഷന്റെയും മറ്റു മലയാളികളുടെയും അഴിഞ്ഞാട്ടമായിരുന്നു മലയാളികൾ സിവിക് സെൻസ് വീട്ടിൽ വച്ച് മറന്നിട്ടാണ് അന്ന് തീയേറ്ററിൽ എത്തിയത് . ഡാലസിലും മറ്റും കറുത്ത ഷർട്ടും കറുത്ത മുണ്ടും അണിഞ്ഞെത്തിയവർ അമേരിക്കൻ തിയേറ്ററിൽ വാദ്യമേളങ്ങളും കൂവലും ബഹളവും കൂടാതെ ഫ്ലാഷ് മൊബ് എന്ന കോപ്രായങ്ങളും മോഹൻലാലിന്റെ ബക്കറ്റിൽ വെച്ച കാർഡ്ബോർഡ് രൂപത്തിൽ പാലഭിഷേകം തുടങ്ങിയ പേക്കൂത്തുകൾ നടത്തി . തീയേറ്ററിനകത്തു കയറിക്കഴിഞ്ഞപ്പോൾ സിനിമയുടെ കഥയേക്കാൾ ജനങ്ങളുടെ ''നാടകങ്ങൾ'' കൂടുതൽ ശ്രദ്ധ നേടി. ടിക്കറ്റ് വാങ്ങി ലൈനിൽ നിൽക്കേണ്ടതിനു പകരം ''എനിക്ക് ഉള്ളിൽ ആളുണ്ട്'' എന്ന് പറഞ്ഞ് കടന്നുകയറൽ, സീറ്റിൽ ഇരിക്കുന്നവരെ എഴുന്നേൽപ്പിച്ച് ''ചേട്ടാ, എന്റെ ഫ്രണ്ടാണ് ഇവിടെ'' എന്ന് പറഞ്ഞുകൊണ്ട് എഴുന്നെല്പിച്ചുവിടാൻ നോക്കുക കൂടാതെ കുട്ടികളെ ഓടി കളിപ്പിച്ച് പോപ്കോൺ നിലത്ത് വിതറി തനിനിറം കാണിച്ചു. ഇടക്ക് സിനിമ കാണുന്നതിന് പകരം വാട്സാപ്പ് വീഡിയോ കോൾ ഓണാക്കി നാട്ടിലെ ബന്ധുക്കളെ വിളിച്ച് ''കണ്ടോ , ഞങ്ങൾ അമേരിക്കയിൽ ആദ്യദിവസം ആദ്യ ഷോ ' എന്ന് ലൈവ് റിപ്പോർട്ട് നൽകുന്നവർ പോലും ഉണ്ടായിരുന്നു.

ഇവയൊക്കെയാണേലും നമ്മുടെ സംസ്കാരത്തെ പൂർണമായും ഉപേക്ഷിക്കുക എന്നത് ചിന്തിക്കാനാവില്ല. എങ്കിലും പ്രവാസത്തെ പുണർന്നവർ എന്ന നിലയിൽ നമ്മുടെ ചില രീതികളെ പൂർണമായോ ഭാഗികമായെങ്കിലുമോ ഉപേക്ഷിക്കാതെ, ഞാൻ ഇങ്ങനെയേ ജീവിക്കൂ എന്നു വാശിപിടിച്ചാൽ ഫലം അനുഭവിക്കേണ്ടി വരുന്നത് മര്യാദക്കു ജീവിക്കുന്ന നിരപരാധികൾ കൂടിയായിരിക്കും.

ജോലിസ്ഥലത്ത് മീൻ വറുത്തതും സാമ്പാറും അവിയലും കൂട്ടിക്കുഴച്ച് കൈകൊണ്ടു വാരി കഴിക്കുന്നത് കണ്ടാൽ നമുക്ക് നാവിൽ വെള്ളമൂറും. എന്നാൽ അമേരിക്കക്കാരിൽ അതുണ്ടാക്കുന്നത് ഓക്കാനവും കലിയുമാണെന്നത് ഓർത്താൽ നമുക്ക് നന്ന്.

വണ്ടിയുമെടുത്ത് റോഡിലേക്കിറങ്ങുന്ന മലയാളികളും ഓർക്കുക കാത്തുനിൽക്കാൻ അല്പം പോലും ക്ഷമയില്ലാത്ത ഒരു ഡ്രൈവിംഗ് സംസ്കാരം നമ്മുടെ രക്തത്തിൽ ഉണ്ട്. അതുപോലെ കുഞ്ഞുങ്ങളെ മടിയിൽ ഇരുട്ടി യാത്ര ചെയ്യുക, പാർക്ക് ചെയ്യാൻ പാടില്ലാത്ത സ്ഥലത്തു തന്നെ പാർക്ക് ചെയ്യുക തുടങ്ങിയ കലാപരിപാടികൾ നമുക്കിടയിൽ സർവ്വ സാധാരണമാകുകയാണ് . അമേരിക്കൻ ജനത പൊതുവേ ഡ്രൈവിങ്ങിൽ കാണിക്കുന്ന മാന്യതയും മര്യാദയും അവർ തിരിച്ചും പ്രതീക്ഷിക്കുന്നുണ്ട്.

,പൊതു ഇടങ്ങളിൽ പ്രത്യേകിച്ച് എയർപോർട്ട് ,ബസ്സ് സ്റ്റോപ്പുകൾ,ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വീഡിയോ കോൾ വിളിച്ച്

**കാർ ബാറുകളാണ് മലയാളികളെ നാണം കെടുത്തുന്ന മറ്റൊരു കാര്യം. ഏതൊരു ആഘോഷം നടന്നാലും ജീവിതത്തിൽ ഒരിക്കലും മദ്യം കാണാത്തത്ര ആവേശത്തോടെ കാറിന്റെ ഡിക്കി തുറന്നുവച്ച് നടത്തുന്ന മദ്യശാലകൾ മലയാളികളെ എത്ര മാത്രം അപമാനിതരാക്കിയിട്ടുണ്ടെന്നത് വിചിന്തനം ചെയ്യുന്നത് നല്ലതായിരിക്കും. നമുക്ക് വലിയ ബുദ്ധിമുട്ടില്ലാതെ കിട്ടിക്കൊണ്ടിരുന്ന എത്രയോ ഹാളുകൾ ഇതുപോലെയുള്ള കാരണത്താൽ നമുക്ക് കിട്ടാതായി.**

ഉച്ചത്തിൽ മലയാളം പറയുന്നവരേ, വേണമെങ്കിൽ നിങ്ങൾക്ക് പറയാം അതെന്റെ സ്വതന്ത്ര്യമാണെന്ന് എന്നാൽ അത് തികച്ചും അപമര്യാദയാണ് .

വർദ്ധിച്ചു വരുന്ന ആഘോഷങ്ങളാണ് മറ്റൊന്ന്. മലയാളി മഹാ സംഗമങ്ങൾ സൃഷ്ടിക്കുന്ന ഗതാഗത കുരുക്കിലും കാതടപ്പിക്കുന്ന ശബ്ദ കോലാഹലങ്ങളിലും ( നമ്മുടെ ഒരു സ്വര സംസ്കാരമാണത്) പെട്ടു പോകുന്ന ഓരോ സ്വദേശിയുടെ ഉള്ളിലും വിപരീത വികാരത്തിന്റെ ഒരു കടൽ ഇരമ്പുന്നുണ്ട്.

കുട്ടികൾ സ്വൈര വിഹാരം നടത്തിക്കൊണ്ടിരുന്ന ചിൽഡ്രൻസ് പാർക്കുകളിൽ നമ്മുടെ കുട്ടികളും ഇപ്പോൾ ധാരാളമായി കളിക്കുന്നുണ്ട്. ഊഴം കാത്തുനിന്ന് ഓരോ റൈഡിലും കയറുക എന്ന സാമാന്യ മര്യാദ നമ്മുടെ കുട്ടികൾ കാണിക്കുന്നുണ്ടെന്ന് പ്രിയ മാതാപിതാക്കളേ നിങ്ങൾ ശ്രദ്ധിക്കണം. പല കളിസ്ഥലങ്ങളിലും ഇന്ന്സ ർവസാധാരണമായി കാണുന്ന ഒരു മര്യാദലംഘനമാണിത്.

ഹെൽത്ത് ആൻഡ് സേഫ്റ്റിയുടെ നിബന്ധനകൾ പാലിക്കാതെ പൊതു ഇടങ്ങളിൽ ഭക്ഷണം വിതരണം ചെയ്യപ്പെടുകയും അത് പടിക്കപ്പെടുകയും ചെയ്യുമ്പോൾ അതിൽ പാരവയ്പ്പ് എന്നുപറഞ്ഞു കലഹിക്കുന്നതിലുപരി ഒരു നിയമലംഘനം നടക്കുന്നുണ്ടെന്ന് മനസ്സിലാക്കണം. നമുക്ക് ശ്രദ്ധിക്കാം. നമ്മുടെ വിലയല്ലേ ഇടിയുന്നത്.

മുത്തുക്കുടകളും പട്ടുസാരിയും വെള്ളമുണ്ടും ഉണ്ടെങ്കിലേ നമ്മുടെ ആഘോഷങ്ങൾ പൂർണമാകൂ എന്ന ചിന്തയും ഉപേക്ഷിക്കേണ്ടതാണ്. ആത്മീയതയും വിശ്വാസവുമായി യാതൊരു ബന്ധവും ഇല്ലാത്ത ഇത്തരം ബാഹ്യ പ്രകടനങ്ങൾ മറ്റുള്ളവർക്ക് അല്പം പോലും ദഹിക്കുന്നില്ല എന്നു മാത്രമല്ല അവിടെയൊരു അസഹിഷ്ണുത വളരുന്നുമുണ്ട് എന്ന് തിരിച്ചറിയാതെ പോയാൽ അവിടെയും നാം ഒറ്റപ്പെടും. സംശയമില്ല. പിന്നെ ഇത്തരം കാര്യങ്ങൾ കാണുന്നവർ അവരുടെ സ്വതവേയുള്ള ശീലം കൊണ്ട്, മനോഹരം അവിശ്വസനീയം എന്നൊക്കെ പറയുമെന്നു മാത്രം. മുത്തുക്കുടകളും പട്ടുചേലയും ആളുകൾ കുറഞ്ഞ അകവാതിൽ (ഇൻഡോർ) പരിപാടികളിലേക്ക് തൽക്കാലത്തേക്കെങ്കിലും ഒതുക്കണം . റാസയും പ്രദക്ഷിണവും ഘോഷയാത്രകളും മുതൽ വഴിയും പൊതുഇടങ്ങളും മറ്റും കൈയേറിയുള്ള പൊങ്കാലയും മറ്റും പൊതു ഇടങ്ങളിൽ ഒഴിവാക്കേണ്ടതാണ് .വിശ്വാസം എന്നത് ഓരോരുത്തരുടെയും സ്വകാര്യതയാണ് എന്ന് മനസിലാക്കുക..

പകർച്ച വ്യാധി പോലെ പടരുന്ന റീൽസ് സംസ്കാരമാണ് മറ്റൊരു ഭീഷണി. ജോലി സ്ഥലത്തും നടുറോഡിലും നഗരമധ്യത്തിലും പാർക്കിലും എന്നുവേണ്ട സകലയിടത്തും അന്യന്റെ സൗകര്യത്തെ അല്പം പോലും മാനിക്കാതെ മലയാളം പാട്ടും വച്ച് ഇന്ത്യൻ വസ്ത്രങ്ങളും അണിഞ്ഞ് ആടിപ്പാടുന്ന റീൽസ് നിർമ്മാതാക്കളേ......ഓരോന്നു വാങ്ങി അത് ഉയർത്തിപ്പിടിച്ച് ആരെയും ഗൗനിക്കാതെ ഹലോ ഗെയ്സ് ഞാൻ നാളത്തെ ബ്രേക്ക് ഫാസ്റ്റിന് ഇതാണ് വാങ്ങാൻ പോകുന്നത് ട്ടോ. നല്ലതാണ് ട്ടോ എന്ന രീതിയിൽ ചെയ്യപ്പെടുന്ന റീൽസ് കാണുന്നവർക്കും ആ കടയിലുള്ളവർക്കും ഉണ്ടാക്കുന്ന ഇഷ്ടക്കേട് പ്രിയപ്പെട്ട റീൽസ് മലയാളികളേ നമ്മൾ തിരിച്ചറിയുകതന്നെ വേണം.

സമയ നിഷ്ഠയാണ് മറ്റൊന്ന്. പിറന്നാളുകൾ ,ആദ്യകുർബാന, സ്റ്റേജ് ഷോകൾ ,പൊങ്കാല തുടങ്ങിയ പരിപാടികൾക്ക് ഹാളുകൾ ബുക്ക് ചെയ്ത സമയം കഴിഞ്ഞും സോറി സോറി എന്ന് പറഞ്ഞ് സമയം വീണ്ടും വീണ്ടും നീട്ടുകയും വേസ്റ്റ് അവിടെത്തന്നെ തള്ളി പോവുകയും ചെയ്തു മലയാളി എന്ന് കേട്ടാൽ എല്ലാ ഹാളുകളുടെയും വാതിൽ അടഞ്ഞു തുടങ്ങിയിട്ട് നാളുകൾ ഏറെയായി.

കാർ ബാറുകളാണ് മലയാളികളെ നാണം കെടുത്തുന്ന മറ്റൊരു കാര്യം. ഏതൊരു ആഘോഷം നടന്നാലും ജീവിതത്തിൽ ഒരിക്കലും മദ്യം കാണാത്തത്ര ആവേശത്തോടെ കാറിന്റെ ഡിക്കി തുറന്നു വച്ച് നടത്തുന്ന മദ്യശാലകൾ മലയാളികളെ എത്രമാത്രം അപമാനിതരാക്കിയിട്ടുണ്ടെന്നത് വിചിന്തനം ചെയ്യുന്നത് നല്ലതായിരിക്കും. നമുക്ക് വലിയ ബുദ്ധിമുട്ടില്ലാതെ കിട്ടിക്കൊണ്ടിരുന്ന എത്രയോ ഹാളുകൾ ഇതുപോലെയുള്ള കാരണത്താൽ നമുക്ക് കിട്ടാതായി.

ഇന്ത്യൻ വാദ്യ സംഗീത ഉപകരണങ്ങളുടെ രാജാവ് എന്നാണ് ചെണ്ടയെ വിളിക്കുന്നത്. ശബ്ദം ഏറ്റവും കൂടുതൽ അകലേക്ക് കേൾപ്പിക്കാൻ സാധിക്കുന്ന ഉപകരണം ആയതുകൊണ്ടാണ് ചെണ്ടയെ അങ്ങനെ വിളിക്കുന്നത്. വിദേശത്തു മലയാളികൾ എവിടെ ഒരുമിച്ചു കൂടിയാലും ചെണ്ട ഇല്ലാതെ പറ്റില്ല എന്ന സ്ഥിതി ആയിരിക്കുന്നു. ഇതുണ്ടാക്കുന്ന താളസുഖം ആസ്വദിക്കുന്നത് നമ്മൾ മാത്രമാണ്. ഇവിടത്തുകാർക്ക് അതൊരു ശബ്ദ മലിനീകരണം തന്നെയാണ്. പൊതുസ്ഥലത്ത് ശബ്ദമുണ്ടാക്കുന്നത് അങ്ങേയറ്റം വെറുക്കുന്ന ഒരു ജനത ജീവിക്കുന്ന രാജ്യമാണിതെന്ന് നമുക്ക് മറക്കാതിരിക്കാം. ജോലി സ്ഥലത്തെ മലയാളം സംസാരമാണ് മറ്റൊന്ന്. സംസ്കാര ശൂന്യതയാണ്. തിരുത്തപ്പെടേണ്ടതാണ്.

ഇതുപോലെ ഇനിയും എത്രയോ കാര്യങ്ങൾ..... നമ്മുടെ സംസ്കാരത്തിന്റെ നല്ല വശങ്ങളെയോർത്ത് നമുക്ക് അഭിമാനിക്കാം. പക്ഷേ ആ സംസ്കാരവുമായി തികച്ചും വ്യത്യസ്തമായ ഒരു ഇടത്തിലാണ് നാം ഉള്ളത്. ഏതൊരാൾക്കും സന്തോഷത്തോടെയും അഭിമാനത്തോടെയും ജീവിക്കാൻ തക്ക ഒരു സാംസ്കാരിക വ്യവസ്ഥിതി ഉള്ള ഒരു രാജ്യത്തു തന്നെയാണ് ജീവിക്കുന്നത്. അല്പം കൂടി ആ രീതികളെ മനസിലാക്കാനും ജീവിക്കാനും ശ്രമിക്കുക

## മലയാളം സൊസൈറ്റി ഓഫ് അമേരിക്ക

# റ്റൂം ഓഫ് ദി അൺനോൺ സോൾഡീർ

## അമേരിക്കയുടെയും ഇന്ത്യയുടേയും സ്വാതന്ത്രത്തിന് വേണ്ടി മരിച്ച അജ്ഞാതരായ സ്വാതന്ത്ര്യ സേനാനികളെ ഓർമ്മിച്ചുകൊണ്ട്

മലയാളം സൊസൈററി ഓഫ് അമേരിക്കയുടെ (ഹ്യൂസ്റ്റൺ) 2025 ഓഗസ്റ്റ് മാസ സൂം മീറ്റിംഗ് പത്താംതീയതി ഞായറാഴ്ച വൈകിട്ട് നാലുമണിക്ക് നടത്തപ്പെട്ടു. മലയാളം സൊസൈറ്റി പ്രസിഡന്റ് ജോർജ് മണ്ണിക്കരോട്ട് ഏവരേയും സ്വാഗതം ചെയ്യുത്. ഇന്ത്യയുടേയും അമേരിക്കയുടേയും സ്വാതന്ത്ര്യ ദിനാശംസകൾ അദ്ദേഹം അറിയ്ക്കയുണ്ടായി മലയാളം സൊസൈറ്റി സെക്രട്ടറി ജോർജ് പുത്തൻകുരിശ് ജോൺ ഇളമതയുടെ സഹധർമ്മിണിയുടെ വിയോഗത്തിൽ, മലയാളം സൊസൈറ്റിയുടെപേരിലുള്ള അനുശോചനം രേഖപ്പെടുത്തി. അതുപോലെ ഡോക്ടർ സുകുമാർ അഴീക്കോട് തത്ത്വമസി സാഹിത്യ പുരസ്കാരം നേടിയ അമേരിക്കൻ കവിയും സാഹിത്യകാരനുമായ ജോസഫ് നമ്പിമഠത്തിന് മലയാളം സൊസൈറ്റിയുടെ പേരിലുള്ള അനുമോദനം അറിയിക്കുകയുണ്ടായി. ജയിംസ് ചിറതടം മോഡറേറ്ററായി മീറ്റിംഗ് ആരംഭിച്ചു.


മലയാളം സെക്രട്ടറി ജോർജ് പുത്തൻകുരിശ് 'റ്റൂം ഓഫ് ദി അൺനോൺ സോൾഡീർ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചരിത്രവും കവിതയും അവതരിപ്പിച്ചു.

സ്വാതന്ത്യം തന്നെ ജീവിതം

പാരതന്ത്ര്യം മാനികൾക്ക്

മൃതിയേക്കാൾ ഭയാനകം (മണിമാല -ആശാൻ 1919 )

1919 ൽ കുമാരനാശാൻ എഴുതിയ മണിമാല എന്ന കവിതയിലെ മേൽ ഉദ്ധരിച്ച ശ്ലോകം ആലപിച്ചുകൊണ്ടാണ് അദ്ദേഹം വളരെ വിശാലമായ ഒരു ചർച്ചക്ക് വഴിയൊരുക്കിയ വിഷയം അവതരിപ്പിച്ചത്. ലോകത്തിലെ രണ്ടു വലിയ ജനാധിപത്യ രാജ്യങ്ങളായ അമേരിക്കയുടേയും ഇന്ത്യയുടേയും സ്വാതന്ത്യത്തിന് വേണ്ടി പടപൊരുതി




മരിച്ചു, പേരും മൃതശരീരവും തിരിച്ചറിയാൻ വയ്യാതെ വഴിയോരത്തും യുദ്ധ ഭൂമിയിലും കുഴിച്ചു മൂടപ്പെട്ട സ്വാതന്ത്യ സേനാനികളെ ഓർക്കുകയായിരുന്നു അദ്ദേഹം തന്റെ കവിതയിലൂടെ. 1862 ൽ ഈ അജ്ഞാത ഭടന്മാർക്ക് വേണ്ടി ആർലിംഗ്ടൺ സെമിററി സ്ഥാപിതമായി അതിനെ ആസ്പദമാക്കി എഴുതിയ 'റ്റൂം ഓഫ് ദി അൺനോൺ സോൾഡീർ' എന്ന കവിതയും അതിന്റെ ചരിത്ര പശ്ചാത്തലവും അവതരിപ്പിച്ചു. പ്രശസ്ത പിന്നണി ഗായകനായ വിൽ സ്വരാജ് സംഗീതം നൽകി ആലപിച്ച റ്റൂം ഓഫ് ദി അൺനോൺ സോൾഡീർ എന്ന ഗാനവും അവതരിപ്പിച്ചു (ദൃശ്യ വിഷ്കാരവും സംശോധനവും ജി. പുത്തൻകുരിശ് നിർവഹിച്ചിരിക്കുന്നു.)

തുടർന്ന് നടന്ന ചർച്ച സജ്ജീവമായിരുന്നു. ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ പിന്നിൽ ജീവനൊടുക്കിയവരെ ഓർമ്മിച്ചതോടൊപ്പം, സ്വാതന്ത്ര്യത്തിന് വേണ്ടി ഇന്നും പോരാടുന്ന രാജ്യങ്ങളും അവിടുത്തെ രാഷ്ട്രീയ പശ്ചാത്തലങ്ങളും എല്ലാം ചർച്ചക്ക് വിഷയമായി. ഗാസ, ഇസ്രായേൽ, യുക്രൈൻ എന്നിങ്ങനെ പല രാജ്യങ്ങളിലും നടക്കുന്ന യുദ്ധങ്ങളും, മത സ്വാത്രന്ത്യ സമരങ്ങളും, അധികാരം നിലനിറുത്തുന്നതിന് വേണ്ടിയുള്ള യുദ്ധങ്ങളുംമൊക്കെ ചർച്ചക്ക് വിഷയീഭാവിച്ചു. പങ്കെടുത്തവരുടെ അഭിപ്രായങ്ങളുടെ അന്തസത്തയെ മോഡറേറ്റർ ജെയിംസ് ചിറത്തടത്തിൽ കേൾവിക്കാർക്കുവേണ്ടി പ്രകാശിപ്പിച്ചു. ജോർജ് മണ്ണിക്കരോട്ട് (പ്രസിഡണ്ട് ), ശ്രീമതി. പൊന്നുപിള്ള (വൈസ് പ്രസിഡണ്ട് ), എ. സി. ജോർജ്. (സൂം മാനേജർ), ടി. എൻ സാമുവൽ, ഡോ. ജോസഫ് പൊന്നൊലി, പ്രൊ. വി. വി. ഫിലിപ്പ്, സുരേന്ദ്രൻ നായർ, ജോർജ് പുത്തൻകുരിശ്, ജെയിംസ് ചിറത്തടത്തിൽ, ജോസഫ് തച്ചാറ തുടങ്ങിയർ ചർച്ചയിൽ സജ്ജീവമായി പങ്കു ചേർന്ന്. മീറ്റിംഗിൽ പങ്കെടുത്തവർക്കു സെക്രട്ടറി ജോർജ് പുത്തൻകുരിശ് നന്ദി രേഖപ്പെടുത്തി. പ്രത്യകിച്ച് സൂം മീറ്റിങ്ങിന് ഭംഗം വരാതെ സുഗമമാക്കി തീർക്കുന്ന മാനേജർ, എ. സി ജോർജിനോടുള്ള നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. യോഗം ആറുമണിക്ക് അമേരിക്കയുടെയും, ഇന്ത്യയുടേയും ദേശിയ ഗാനാലാപത്തോടെ അവസാനിച്ചു.

# ബി.ജെ.പി ജയിച്ചത് കള്ളവോട്ടുകൊണ്ട്

## 'വോട്ട് ചോരി' ആയുധമാക്കി കോൺഗ്രസ്




എ.എസ് ശ്രീകുമാർ

നമ്മുടെ ജനാധിപത്യ പ്രക്രിയയിലെ ഏറ്റവും സുപ്രധാന ഘടകമാണ് ജനപ്രതിനിധി സഭകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്. രാജ്യത്തെ പാർലമെന്റിലേയ്ക്കും നിയമസഭകളിലേയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുകയെന്നത് ജനങ്ങളുടെ മൗലികാവകാശമാണ്. എന്നാൽ മറ്റൊരാളുടെ പേരിലുള്ള വോട്ട് ചെയ്യുന്നതും ഒന്നിലേറെ വോട്ട് ചെയ്യുന്നതുമെല്ലാം ജനാധിപത്യ വിരുദ്ധവും കുറ്റകരവുമാണ്. ഇത് ജനാധിപത്യത്തിന്റെ അന്തസിനോടുള്ള വെല്ലുവിളിയുമാണ്. പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല കള്ളവോട്ട് ചെയ്യൽ.

എന്നാൽ ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കർണാടകത്തിലും മഹാരാഷ്ട്രാ നിയമസഭാ ഇലക്ഷനിലും വ്യാപക ക്രമക്കേട് നടന്നതായുള്ള പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലിൽ പ്രതിഷേധം ശക്തമാവുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ 32,707 വോട്ടുകൾക്ക് കോൺഗ്രസ് തോറ്റ ബെമഗളൂരു സെൻട്രലിലെ മഹാദേവപുര നിയമസഭാ മണ്ഡലത്തിൽ 100,250 വോട്ടുകളുടെ മോഷണം നടന്നതായി ആരോപിച്ച് ഓഗസ്റ്റ് 7-നാണ് രാഹുൽ ഗാന്ധി തിരഞ്ഞെടുപ്പ് കമ്മിഷനും ബി.ജെ.പിക്കും എതിരെ രംഗത്തു വന്നത്. മഹാദേവപുര മണ്ഡലത്തിൽ ചേർത്ത വ്യാജ വോട്ടുകൾ കൊണ്ടാണ് ബി.ജെ.പി സീറ്റ് നേടിയതെന്നും രാഹുൽ നേരത്തെ ആരോപണം ഉന്നയിച്ചിരുന്നു.

വീട്ടുനമ്പർ പൂജ്യം ഈയി ആയിരക്കണക്കിനാളുകളുടെ വോട്ടുകൾ. മഹാദേവപുരയിലെ ചില വോട്ടർമാരുടെ മേൽവിലാസം നിലവിലില്ല. ഒരേ വിലാസത്തിൽ ഒട്ടേറെ വോട്ടർമാർ. ഒരൊറ്റ മുറിയുള്ള ഹൗസ് നമ്പർ 35-ൽ 80 വോട്ടർമാർ. ബൂത്ത് നമ്പർ 366-ൽ 46 വോട്ടർമാർ. എല്ലാവരും വിവിധ വിലാസമുള്ളവരും പ്രദേശത്തില്ലാത്തവരും. വാണിജ്യ സ്ഥാപനമായ ബ്രൂവറിയുടെ വിലാസത്തിൽ 68 വോട്ടർമാർ. ഇവിടെ ആരും താമസമില്ല. 95, 96, 98 വയസായവരും കന്നിവോട്ട് ചെയ്തു എന്നങ്ങനെയായിരുന്നു തങ്ങളുടെ കണ്ടെത്തലുകളെന്ന് വോട്ട് മോഷണത്തിന്റെ തെളിവുകൾ നിരത്തി രാഹുൽ ഗാന്ധിയുടെ വെളിപ്പെടുത്തൽ.

ബെംഗളൂരുവിൽ കോൺഗ്രസ് സംഘടിപ്പിച്ച പ്രതിഷേധ റാലിയിൽ സംസാരിക്കവെ, ഇലക്ഷൻ കമ്മിഷൻ ഇലക്ട്രോണിക് ഡേറ്റ നൽകിയാൽ മോദി പ്രധാനമന്ത്രിയായത് വോട്ട് മോഷണത്തിലൂടെയെന്ന് തെളിയിക്കാമെന്ന് രാഹുൽ ഗാന്ധി വെല്ലുവിളിച്ചു. എല്ലാ മണ്ഡലങ്ങളിലെയും വോട്ടർമാരുടെ ലിസ്റ്റ് നൽകുകയാണെങ്കിൽ കള്ളവോട്ട് നടന്ന സീറ്റുകൾ ഏതൊക്കയാണെന്ന് തെളിയിക്കാമെന്നും മോദി കള്ളവോട്ട് ലഭിച്ചാണ് പ്രധാനമന്ത്രിയായതെന്നും വ്യക്തമാക്കാമെന്നും രാഹുൽ പറഞ്ഞു. വെറും 25 സീറ്റുകളുടെ ഭൂരിപക്ഷത്തോടെയാണ് മോദി പ്രധാനമന്ത്രിയായത്. 25 സീറ്റുകളിലെ ബി.ജെ.പിയുടെ വിജയ ഭൂരിപക്ഷം 35,000-മോ അല്ലെങ്കിൽ അതിന് താഴെയോ ആണ്.


കർണാടകയിലെ വോട്ടർ പട്ടികയിലെ കൃത്രിമത്വം തുറന്നു കാട്ടിയതിന് ശേഷം ആളുകൾ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയതോടെ, മധ്യപ്രദേശ്, രാജസ്ഥാൻ, ബീഹാർ എന്നിവിടങ്ങളിലെ ഇലക്ഷൻ കമ്മിഷന്റെ വെബ്സൈറ്റുകൾ അടച്ചുപൂട്ടി. ആളുകൾ ചോദ്യം ചോദിക്കുന്നത് തുടർന്നാൽ വൻ പ്രത്യാഘാതങ്ങൾ വരുമെന്ന് കമ്മിഷന് അറിയാമെന്നും രാഹുൽ കുറ്റപ്പെടുത്തി. അതേസമയം 'വോട്ട് മോഷണ' ആരോപണവുമായി ബന്ധപ്പെട്ട് രാഹുൽ ഗാന്ധി നടത്തിയ പരാമർശങ്ങൾ വസ്തുതാപരമായി തെറ്റാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ വാദിക്കുന്നു. ഇത് തെളിയിക്കാനായി തിരഞ്ഞെടുപ്പ് ഉന്നതസമിതി വസ്തുതാ പരിശോധന നടത്തിയതായും ഇവർ പറഞ്ഞു. രാഹുൽ ഗാന്ധി തന്റെ അവകാശവാദങ്ങളെ പിന്തുണയ്ക്കുന്നതിനായി സത്യാവാങ്മൂലം നൽകുകയോ അല്ലെങ്കിൽ വ്യാജ ആരോപണം ഉന്നയിച്ചതിന് രാജ്യത്തോട് മാപ്പ് പറയുകയോ ചെയ്യണമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ ആവശ്യപ്പെട്ടിരുന്നു.

ഏതായാലും 11 വർഷത്തിനിടെ ബി.ജെ.പിയെ പ്രതിരോധിക്കാൻ ലഭിച്ച ഏറ്റവും വലിയ ആയുധമായി 'വോട്ട് ചോരി'നെ രാജ്യവ്യാപക പ്രതിഷേധമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് കോൺഗ്രസ്. രാഹുൽ ഗാന്ധിയെ ലക്ഷ്യം വച്ചും അപകീർത്തിപ്പെടുത്തിയും, രാജ്യത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് ധാരണയില്ലാത്ത, കുടുംബപ്പേര് കാരണം കോൺഗ്രസിൽ നേതൃസ്ഥാനം നേടാൻ കഴിയാത്ത മടിയുള്ള ഒരു രാഷ്ട്രീയക്കാരനായി ചിത്രീകരിച്ചു എന്നതായിരുന്നു ബി.ജെ.പിയുടെ പ്രധാന പ്രചാരണ ഘടകം. കന്യാകുമാരി മുതൽ കശ്മീർ വരെ 4,000 കിലോമീറ്റർ സഞ്ചരിച്ച് രാജ്യത്തെ ഒന്നിപ്പിക്കുക എന്ന സന്ദേശവുമായി 2022-ൽ രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്ര നടത്തിയതിന് പിന്നാലെ അദ്ദേഹത്തിന്റെ പ്രതിച്ഛായ ഉയർന്നിരുന്നു. ഒരു തിരിച്ചുവരവിന്റെ പാതയിലാണിപ്പോൾ കോൺഗ്രസ്.

മോദിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി രാജ്യത്ത് തിരഞ്ഞെടുപ്പുകളിൽ കൃത്രിമം കാണിക്കുകയാണെന്നും വോട്ടർ പട്ടികയിൽ കൃത്രിമം കാണിച്ച് പാർലമെന്ററി ജനാധിപത്യത്തെ നേരിട്ട് ആക്രമിക്കുകയാണെന്നും അത് തങ്ങൾ തെളിയിക്കുമെന്നുമാണ് ഇന്ത്യാ സഖ്യത്തിന്റെ നിലപാട്. മഹാരാഷ്ട്രയിലും ഹരിയാനയിലും ഉണ്ടായ തിരഞ്ഞെടുപ്പ് തോൽവിയിൽ കോൺഗ്രസ് സംശയം പ്രകടിപ്പിച്ചിരുന്നു. വളരെക്കാലമായി രാഹുൽ ഗാന്ധി ആരോപിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ് വോട്ട് മോഷണം. എന്നാൽ ഇത്തവണ അദ്ദേഹം നടത്തിയ വെളിപ്പെടുത്തലുകൾ ഇന്ത്യയുടെ തിരഞ്ഞെടുപ്പ് സുതാര്യതയെ കുറിച്ച് വലിയ ആശങ്കകൾ ഉയർത്തുന്നതായി മാറി. ബി.ജെ.പിയുടെ ഭാഷയിലാണ് ഇലക്ഷൻ കമ്മിഷൻ സംസാരിക്കുന്നതെന്ന ആക്ഷേപവും ശക്തമാണ്.

മൂന്നാം വട്ടവും ഇന്ത്യ ഭരിക്കുന്ന ബി.ജെ.പിക്കെതിരെ പോരാടുന്നതിനൊപ്പം രാജ്യവ്യാപകമായുള്ള വോട്ട് മോഷണ പ്രചാരണത്തിന് ചില നേട്ടങ്ങളുണ്ടാകുമെന്നും രാജ്യമെമ്പാടുമുള്ള സംഘടനയെ ബൂത്ത് തലത്തിലേക്ക് ഉയർത്തുന്നതിന് കോൺഗ്രസിനെ സഹായിക്കുമെന്നും പാർട്ടിക്കുള്ളിലെ വൃത്തങ്ങൾ പറയുന്നു. ഇതുവരെ, മിക്ക ആളുകളും പാർട്ടി പ്രവർത്തകരും തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്, തെരഞ്ഞെടുപ്പ് കമ്മിഷനിൽ വിശ്വസിച്ചിരുന്നു. ഇനി മുതൽ ബൂത്ത് തലം വരെയുള്ള വോട്ടർ പട്ടികയിൽ ശ്രദ്ധ കേന്ദ്രീകരിച്ചായിരിക്കും കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ.




FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ഭഗവത്ഗീത – പ്രശ്നോത്തരി




1. ഭഗവത് ഗീതയിൽ എത്ര ശ്ലോകങ്ങൾ ഉണ്ട്: 700
2. ഭഗവത് ഗീതയിൽ എത്ര അധ്യായങ്ങൾ ഉണ്ട് 18
3. ഭഗവത്ഗീത ആര്തമ്മിലുള്ള സംവാദമാണ്? ശ്രീകൃഷ്ണനും അർജുനനും
4. കുരുവംശക്കാരുടെ പിതാമഹൻ : ഭീഷ്മർ
5. അർജുനന്റെ വില്ലിന്റെ പേര് ഗാണ്ടീവം
6. ത്രിഗുണങ്ങൾ ഏതൊക്കെ ' സത്വ, രജസ്സ്, തമസ്സ്
7. സ്ഥിരമായ ജ്ഞാനമുള്ളവൻ : സ്ഥിതപ്രജ്ഞൻ
8. ഗീതയിലെ ആദ്യത്തെ അധ്യായത്തിന്റെ പേര്: അർജുന വിഷാദയോഗം
9. മഹാഭാരതയുദ്ധത്തിൽ ആദ്യം ശംഖ് മുഴക്കിയത് : ഭീഷ്മർ
10. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ പ്രമാണ വാക്യം : "യോഗക്ഷേമം വഹാമ്യഹം" ചാപ്റ്റർ 9 ശ്ലോകം 22
11. ദ്രോണാചാര്യരുടെ മകന്റെ പേര് : അശ്വത്ഥാമാ
12. ആമ അവയവങ്ങളെ ഉള്ളിലേക്ക് വലിക്കുന്ന പോലെ അനായാസമായി ഇന്ദ്രിയങ്ങളെ ഉൾവലിക്കാൻ കഴിവുള്ളവനെപ്പറ്റി ഏതദ്ധ്യായത്തിൽ ഏതു ശ്ലോകത്തിൽ പറയുന്നു: അധ്യായം 2
13. ഗീതയിലെ ഏറ്റവും ചെറിയ അധ്യായങ്ങൾ : 12 , 15
14. ഗീതയുടെ രചയിതാവ് ആരാണ്: വേദ വ്യാസൻ
15. ഏതു യുദ്ധഭൂമിയിൽ ഗീത ജനിച്ചു. കുരുക്ഷേത്രത്തിൽ
16. കൃഷ്ണന്റെ ഗുരുവിന്റെ പേര് : സാന്ദീപനി മുനി
17. ദ്രോണാചാര്യരുടെ മിടുക്കനും പ്രിയങ്കരനുമായ ശിഷ്യൻ : അർജുനൻ
18. ഭഗവത്ഗീത എന്ന വാക്കിൻറെ അർഥം ? ഭഗവാനാൽ ഗാനം ചെയ്യപ്പെട്ടത്
19. മഹാഭാരതത്തിലെ ഏതു പർവത്തിലാണ് ഭഗവത്ഗീത ഉൾപ്പെട്ടിട്ടുള്ളത്? ഭീഷ്മപർവത്തിലെ അധ്യായം 23 മുതൽ 40 വരെ ആണ് ഗീത.
20. ഭഗവത്ഗീതയിൽ ശ്രീകൃഷ്ണനും അർജുനനും ഏതുഭാവത്തിൽ ആണ് നിലകൊള്ളുന്നത് ? ആചാര്യ ശിഷ്യഭാവം
21. എന്താണ് ദുഖത്തിന് കാരണമായി ഗീത പറയുന്നത്. = തെറ്റിദ്ധാരണ
22. എന്താണ് തെറ്റിദ്ധാരണ = അല്പജ്ഞതയാണ് തെറ്റിധാരണ
23. എന്താണ് അല്പജ്ഞതയുടെ പരിഹാരം = ആത്മജ്ഞാനം
24. പണ്ഡിതന്റെ ലക്ഷണമായി ഗീത പറയുന്നത് എന്താണ് = സമദർശിത്വം
25. ഗീതയിൽ നിന്നും ലഭിക്കുന്ന ജ്ഞാനം എന്താണ്. = ആത്മാവ് കർത്താവും ഭോക്തവും എന്ന ജ്ഞാനം.
26. വന്ദനശ്ലോകത്തിൽ ഗീതയേ എങ്ങനെയാണ് വർണിച്ചിരിക്കുന്നത് ?

    (a) ഉപനിഷത്തുക്കൾ കറവപശുക്കൾ ,


    (b) ഭഗവാൻ ഗോപാലകൃഷ്ണൻ കറവക്കാരൻ,

    (c) അർജുനൻ പശുക്കുട്ടി ,

    (d) ഉപനിഷത്തുക്കളാകുന്ന പശുക്കളിൽ നിന്നും കറന്നെടുക്കുന്ന നറും പാലാണ് ഗീതാമൃതം

(തുടരും)

# It is no mean achievement...




**Sudhir Panikkaveetil**

Tagore's Geethanjali translation Smt. Elcy Yohannan Sankarathil have been working on is finally finished. As a translator she was responsible for the quality of the work she produced. She has successfully conveyed Tagor'es voice and style through her language and word choices.

Smt. Elcy Yohanan Sankarathil holds a special position as a favored poetess among the émigré writers. She had secured a place of eminence in contemporary American Malayalee writers as a distinguished poetess.



Her translation of Rabindra Nath Tagore's Geethanjali is not a paraphrase in another language. She has contemplated the poem for meaning beyond the literal which is obvious to the reader who carefully read the poems. The beauty of divine romance Tagore depicted in well-sculpted words has been gracefully rendered into metered Malyalam poetry by this blessed poetess who is the immense pride of all American Malayalee.s It is heard that only a poet can translate poetry well. At the same time we know that translation is a literary creation, a piece of literature in its own right. And translations cannot be always free from flaws. Smt. Sankarathil being a good linguist has done her best to convey the same information and evoke the same emotions to the readers as the original did.

I wish the Literary and other associations recognize her work and suitably reward her for this great accomplishment.

Congratulations and best wishes to Mrs. Elcy Yohanan Sankarathil.

The end

# ലഹരിവിരുദ്ധ സന്ദേശം പകർന്ന് ഫോമായുടെ യുവജന കൂട്ടയോട്ടം ചങ്ങനാശേരിയിൽ ആവേശമായി




**എ.എസ് ശ്രീകുമാർ**
**ഫോമാ ന്യൂസ് ടീം**

ചങ്ങനാശ്ശേരി: അന്താരാഷ്ട്ര യുവജന വാരാചരണത്തോടനുബന്ധിച്ച് അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമാ, ചങ്ങനാശ്ശേരി യുവജനവേദിയുമായി കൈകോർത്ത് സംഘടിപ്പിച്ച യുവജനങ്ങളുടെയും കുട്ടികളുടെയും ലഹരി വിരുദ്ധ കൂട്ടയോട്ടം മഹത്തായ സന്ദേശം പകർന്ന് ചങ്ങനാശേരി നഗരത്തിന് പുത്തൻ അനുഭവമായി. ഇന്ന് (ഓഗസ്റ്റ് 17) രാവിലെ 8 മണിക്ക് ചരിത്രമുറങ്ങുന്ന ചങ്ങനാശേരി ബോട്ട് ജെട്ടിക്ക് സമീപമുള്ള അഞ്ചുവിളക്ക് സ്ക്വയറിൽ നിന്ന് ആരംഭിച്ച കൂട്ടയോട്ടത്തിൽ 500-ഓളം പേർ, ദീപശിഖയേന്തിയ ഫോമാ വൈസ് പ്രസിഡന്റ് ഷാലു മാത്യു പുന്നൂസിനൊപ്പം അണിനിരന്നു.

കേരളത്തിൽ രാസലഹരി ഉപയോഗം അനിയന്ത്രിതമായി വർധിച്ചുവരുന്ന ദുരവസ്ഥയിൽ കുട്ടികളെയും യുവജനങ്ങളെയും ബോധവൽക്കരിച്ച് മാരകമായ ഈ സാമൂഹിക വിപത്തിൽ നിന്ന് മോചനം നേടാൻ ഏവരും ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണിത്. ഈ വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ചങ്ങനാശേരി യുവജനവേദിയുമായി കൈകോർത്ത് അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സംഘടനകളുടെ സംഘടനയായ ഫോമാ നടത്തിയ ഈ പരിപാടി വലിയൊരു മുന്നേറ്റത്തിന്റെ തുടക്കമാണെന്ന് കൂട്ടയോട്ടം ഉദ്ഘാടനം ചെയ്ത ചങ്ങനാശേരി എം.എൽ.എ ജോബ് മൈക്കിൾ ആസംസിച്ചു.

അമേരിക്കയിൽ നേഴ്സായി ജോലിചെയ്യുന്ന തനിക്ക് മയക്കുമരുന്നിന് അടിമപ്പെട്ട് ആരോഗ്യവും ജീവിതവും മറ്റെല്ലാ സൗഭാഗ്യങ്ങളും നഷ്ടപ്പെട്ട് ആശുപത്രിയിലെത്തുന്ന നിരവധി ആൾക്കാരെ നിത്യവും കാണാനുള്ള ദൗർഭാഗ്യമുണ്ടെന്നും കേരളത്തിലെ കുട്ടികളെയും യുവജനങ്ങളെയും സർവനാശത്തിലേയ്ക്ക് എടുത്തെറിയുന്ന സിന്തറ്റിക് ഡ്രഗ് ഉൾപ്പെടെയുള്ള ലഹരി വ്യാപനത്തിനെ




തിരെ നമ്മുടെ പുതുതലമുറയെ ശാക്തീകരിക്കുകയെന്നത് സാമൂഹിക പ്രതിബദ്ധതയുള്ള സംഘടനയെന്ന നിലയിൽ ഫോമായുടെ ഉത്തരവാദിത്വമാണെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച ഫോമാ വൈസ് പ്രസിഡന്റ് ഷാലു മാത്യു പുന്നൂസ് പറഞ്ഞു.

തുടർന്ന് ജോബ് മൈക്കിൾ എം.എൽ.എ ഷാലു മാത്യു പുന്നൂസിന് ദീപശിഖ കൈമാറിക്കൊണ്ട് കൂട്ടയോട്ടത്തിന് തുടക്കമിട്ടു. ഫോമായുടെയുടെയും ചങ്ങനാശേരി യുവജനവേദിയടെയും ലോഗോയുള്ള ജേ്സിയണിഞ്ഞ്,"say no to drug" എന്ന ബാന്റ് തലയിൽ ചുറ്റി കുട്ടികളും യുവജനങ്ങളും ആവേശത്തോടെ കൂട്ടയോട്ടത്തിൽ പങ്കെടുത്ത് ലഹരിവിരുദ്ധ മുന്നേറ്റത്തിന്റെ ചങ്ങലക്കണ്ണികളായി. ചങ്ങനാശേരി പോലീസ് സബ് ഇൻസ്പെക്ടർ ആർ.പി ടിനു ലഹരി വിരുദ്ധ സന്ദേശം നൽകി. ചങ്ങനാശേരി മുനിസിപ്പൽ ഓഫീസിന് മുന്നിലെത്തിയ കൂട്ടയോട്ടത്തിന്റെ സമാപന സമ്മേളനം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റും കേരള കോൺഗ്രസ് നേതാവുമായ വി.ജെ ലാലി ഉദ്ഘാടനം ചെയ്തു.

ചലചിത്രതാരം കൃഷ്ണപ്രസാദ്, ഫോമാ കേരള കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, മുനിസിപ്പൽ കൗൺസിൽ പ്രതിപക്ഷ നേതാവ് ജോമി ജോസഫ്, പ്രമുഖ കായിയ താരവും കോച്ചും മോട്ടിവേഷണൽ സ്പീക്കറുമായ ബിനീഷ് തോമസ്, ചങ്ങനാശേരി യുവജനവേദി സെക്രട്ടറി സാം സൈമൺ, ദ്രോണ ഫുട്ബോൾ അക്കാദമിയുടെ കോച്ച് പി രമേശ്, പൊതുപ്രവർത്തകനായ അരുൺ ബാബു തുടങ്ങിയവർ ആശംസകൾ നേർന്നു. ചങ്ങനാശേരി പ്രസ് ക്ലബ് ജോയിന്റ് സെക്രട്ടറി സജാദ് സ്വാഗതവും ചങ്ങനാശേരി യുവജനവേദി ട്രഷറർ രേഷ്കുമാർ വാഴപ്പള്ളി നന്ദിയും പറഞ്ഞു. യുവജനങ്ങളെ ശാക്തീകരിക്കുക, അവരുടെ സർഗാത്മകമായ കഴിവുകളെ ക്രിയാത്മകമായി സമൂഹനന്മയ്ക്കായി വിനിയോഗിക്കുക എന്നീ ലക്ഷ്യത്തോടെ നിരവധി പരിപാടികൾ ആസൂത്രണം ചെയ്യുന്ന പ്രസ്ഥാനമാണ് ചങ്ങനാശ്ശേരി ' യുവജനവേദി'.

കുട്ടികളും യുവാക്കളും ഉൾപ്പെടെ ബഹുജനപങ്കാളിത്തത്തോടെ ഫോമാ വൈസ് പ്രസിഡന്റ് ഷാലു



പുന്നൂസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ കൂട്ടയോട്ടത്തിന്റെ സന്ദേശം സമൂഹത്തിൽ നൻമയുടെ വെളിച്ചം പകരട്ടെയെന്ന് ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, എന്നിവർ ആശംസിച്ചു.








# ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് പാവപ്പെട്ടവർക്ക് ധനസഹായം വിതരണം ചെയ്തു



പി പി ചെറിയാൻ

ഡാളസ് /കോട്ടയം :ശ്രീ ജോസഫ് ചാണ്ടി മാനേജിംഗ് ട്രസ്റ്റിയായ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് കോട്ടയത്തുള്ള സിഎംഎസ് കോളേജിൽ വെച്ച് വിവിധ ധനസഹായ പദ്ധതികളും സ്കോളർഷിപ്പുകളും ഉദ്ഘാടനം ചെയ്തു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ട്രസ്റ്റിന്റെ അഖിലേന്ത്യ കോർഡിനേറ്ററായ കേണൽ പ്രൊഫസർ ഡോക്ടർ കാവുമ്പായി ജനാർദ്ദനൻ അധ്യക്ഷനേയും മുഖ്യാതിഥിയേയും വിശിഷ്ടാതിഥികളേയും സ്വാഗതം ചെയ്തു. അതിനു ശേഷം അഖിലേന്ത്യാതലത്തിൽ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന്റെ വിവിധ കാരുണ്യസേവാ പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചു. ദരിദ്രരായ 3,64,100 സ്കൂൾ കുട്ടികൾക്കും 29,310 കോളേജ് വിദ്യാർഥികൾക്കും വിദ്യാഭ്യാസ ധനസഹായം, പാവപ്പെട്ടവർക്ക് ഭവന നിർമ്മാണം, സ്വയംതൊഴിൽ പദ്ധതി, സാധു പെൺകുട്ടികളുടെ വിവാഹം തുടങ്ങിയവയ്ക്കുള്ള ധനസഹായം എന്നിവ നൽകിയതുൾപ്പെടെ 14,66,30,000 മലയാളിയായ ശ്രീ ജോസഫ് ചാണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി







വിനിയോഗിച്ചു എന്നത് അവിശ്വസനീയമായി തോന്നാവുന്ന കാര്യമാണ്. ഇതിനു പുറമേ, പാവപ്പെട്ടവർക്ക് ഭവനനിർമ്മാണം, ഭവന പുനർനിർമാണം, ചികിത്സ, പെൺകുട്ടികളുടെ വിവാഹീ എന്നിവയ്ക്ക് സാമ്പത്തിക സഹായങ്ങൾ നൽകി. അനാഥാലയങ്ങൾക്കും സ്വയം തൊഴിൽ പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകി. കനിവിന്റെ സൂര്യതേജസ് എന്ന ഓമന പേരിൽ അറിയപ്പെടുന്ന കോട്ടയം സ്വദേശിയായ ശ്രീ ജോസഫ് ചാണ്ടി അമേരിക്കൻ പൗരൻ കൂടിയാണ്. അമേരിക്കയിൽ നിന്നുകൊണ്ട് ഇന്ത്യയിലെ നിസ്വാർത്ഥരായ സാമൂഹ്യ സേവകരുടെ സഹായത്താൽ ഇന്ത്യയിലുടനീളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കോട്ടയത്തെ സിഎംഎസ് കോളേജ് ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ കോട്ടയം മുനിസിപ്പാലിറ്റി കൗൺസിലർ സാബു മാത്യു അധ്യക്ഷത വഹിച്ചു. അധ്യക്ഷ പ്രസംഗത്തിൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെയും മാനേജിംഗ് ട്രസ്റ്റിയുടെ ഉദാരതയെയും വളരെയധികം പ്രശംസിച്ചു. കോട്ടയം ജില്ലയിൽ ട്രസ്റ്റിനു വേണ്ടി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ ശ്രീ ഗോപി കൃഷ്ണന് മദർ തെരേസ ജീവകാരുണ്യ സേവാ പുരസ്കാരം നൽകി.

ഉമ്മൻചാണ്ടി മെമ്മോറിയൽ ഭവന പുനരുദ്ധാരണ പദ്ധതി മുഖ്യാതിഥി ഡോക്ടർ മറിയം ഉമ്മൻ ഉദ്ഘാടനം ചെയ്തു. പുതുപ്പള്ളി പഞ്ചായത്തിലെ 10 പാവപ്പെട്ട കുടുംബ ങ്ങൾക്ക് ഭവന പുനരുദ്ധാരണ പദ്ധതി വഴി ഒന്നര ലക്ഷം രൂപയാണ് ട്രസ്റ്റ് നൽകിയത്. ഉമ്മൻചാണ്ടി മെമ്മോറിയൽ ഭവന നിർമ്മാണ പദ്ധതി വിശിഷ്ടാതിഥി അഡ്വക്കേറ്റ് സണ്ണി പാമ്പാടി ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിക്ക് വേണ്ടി ട്രസ്റ്റ് മൂന്നുലക്ഷം രൂപ സഹായധനം നൽകി. കോട്ടയം സിഎംഎസ് കോളേജിലെയും പുതുപ്പള്ളി വി ജെ ഓ എം സ്കൂളിലെയും 10 വീതം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ ഉദ്ഘാടനം കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ നിർവഹിച്ചു. സി.എം.എസ് കോളേജ് പ്രിൻസിപ്പൽ ഡോക്ടർ അഞ്ചു സൂസൻ ജോർജ്, കോട്ടയം മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ ബി ഗോപകുമാർ, എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ട്രസ്റ്റിന്റെ കോട്ടയം ജില്ലാ കോഡിനേറ്റർ ആയ സുനിൽ ദേവ് നന്ദി പ്രകടനം നടത്തിയതോടെ യോഗം സമാപിച്ചു.





# ഫൊക്കാനയുടെ ഭാരത ശ്രേഷ്ഠ പുരസ്കാരം ശ്രീ.അടൂർ ഗോപാലകൃഷ്ണന് സമ്മാനിച്ചു




ശ്രീകുമാർ ഉണ്ണിത്താൻ

ഫൊക്കാന ഈ വർഷം ഏർപ്പെടുത്തിയ ഭാരത ശ്രേഷ്ഠം പുരസ്കാരം വിഖ്യാത ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണന് കേരളാ പോർട്ട് ആൻഡ് കോർപറേഷൻ മിനിസ്റ്റർ വി. എൻ. വാസവൻ സമ്മാനിച്ചു. ക്യാഷ് അവാർഡ് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും സമ്മാനിച്ചു .ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങിയതാണ് അവാർഡ്. ചലച്ചിത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് ഫൊക്കാനയുടെ ഭാരത ശ്രേഷ്ഠം പുരസ്കാരം ശ്രീ.അടൂർ ഗോപാലകൃഷ്ണന് സമ്മാനിച്ചപ്പോൾ സംഘടനക്ക് അഭിമാന നിമിഷമായിരുന്നു.




ഫൊക്കാന കേരളാ കൺവെൻഷനിൽ രണ്ട് ദിവസങ്ങളിലെയും നിറ സാന്നിധ്യമായിരുന്നു അടൂർ.

ഫൊക്കാനയുടെ സാംസ്കാരിക, സാഹിത്യ പ്രവർത്തനങ്ങളെയും അദ്ദേഹം പ്രശംസിച്ച് സംസാരിച്ചു. ഫോക്കാനയുടെ സ്പെഷ്യൽ അവാർഡ് സ്വീകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. ലോത്തിലെ ഏറ്റവും വലുതും പഴക്കവുമുള്ള സംഘടനായ ഫൊക്കാനയുടെ സ്പെഷ്യൽ അവാർഡിന് അർഹനായതിൽ

അതിയായ സന്തോഷം ഉണ്ടെന്നും അദ്ദേഹം അറിയിച്ചു.

കഴിഞ്ഞ രണ്ടു ദിവസമായി താൻ പരിപാടികളിൽ പങ്കെടുക്കുന്നുണ്ടെന്നും, സാംസ്കാരികം, കല, സാഹിത്യം, സ്പോർട്, ചാരിറ്റി തുടങ്ങി എല്ലാ മേഖലകളിലും ഫോക്കാന ചെയ്യുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഫൊക്കാനയുടെ ഇപ്പോഴത്തെ പ്രവർത്തനം മറ്റ് എല്ലാ സംഘടനകൾക്കും ഒരു മാതൃകയാണെന്നും, ഇതേ ശക്തിയോടെ ഫോക്കാനയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ഇന്ത്യൻ സിനിമയിലെ തന്നെ പകരം വയ്ക്കാനില്ലാത്ത സംവിധായകനായ ശ്രീ.അടൂർ ഗോപാലകൃഷ്ണന് .അരനൂറ്റാണ്ട് പിന്നിട്ട സിനിമാജീവിതത്തിൽ ദേശീയവും അന്തർദേശീയവുമായ ഒട്ടേറെ അംഗീകാരങ്ങൾ ഈ പ്രതിഭാധനനെ തേടിയെത്തിയിട്ടുണ്ട്.

സ്വയംവരം, കൊടിയേറ്റം, എലിപ്പത്തായം, മുഖാമുഖം,



അനന്തരം, മതിലുകൾ, വിധേയൻ, കഥാപുരുഷൻ, നിഴൽക്കൂത്ത് തുടങ്ങി ഒരു കലാകാരന്റെ ജന്മം സാർത്ഥകമാക്കുന്ന ഒരു പിടി സിനിമകൾക്ക് അദ്ദേഹം ജീവൻ പകർന്നു. പത്മശ്രീ, പത്മവിഭൂഷൺ, ദാദാ സാഹിബ് ഫാൽക്കെ അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നിവ ലഭിച്ചിട്ടുള്ള അടൂരിനെ കേരള യൂണിവേഴ്സിറ്റി ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചിട്ടുണ്ട്.

ഫൊക്കാനയുടെ ത്രിദിന കേരള കൺവൻഷൻ, ലോകപ്രശസ്ത വിനോദ സഞ്ചാര കേന്ദ്രമായ കുമരകത്തെ ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിൽ പര്യവസാനിച്ചപ്പോൾ ഏവരും ഒരേ സ്വരത്തിൽ പറയുന്നു പ്രവാസി മലയാളികളുടെ കേരള കൺവൻഷനുകളിൽ വച്ച് ചരിത്രം സൃഷ്ടിച്ച ഫൊക്കാന കേരളാ കൺവെൻഷൻ ധന്യമായത് അടൂരിനെ പോലെയുള്ള മഹത് വെക്തികളുടെ സാനിധ്യം കൂടിയാണ്. പങ്കെടുത്തവർക്ക് ഇനിയുള്ള ജീവിതത്തിൽ ഓർക്കുവാനും ഓർമ്മിക്കുവാനും അവസ്മരണീയമായ മുഹൂർത്തങ്ങൾ നൽകിയാണ് ഫൊക്കാന കേരളാ കൺവെൻഷൻ പര്യവസാനിച്ചത്.



# Blue Ocean
Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിൽ ഇന്ത്യൻ ഹെറിറ്റേജ് മാസം ആഘോഷിച്ചു

ന്യൂ സിറ്റി, ന്യൂയോർക്ക്: റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചർ വൈസ് ചെയർവുമൺ ഡോ. ആനി പോളിന്റെ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ ഹെറിറ്റേജ് മാസാചരണ ചടങ്ങിൽ, സമൂഹത്തിനായി മികച്ച സംഭാവനകൾ നൽകിയ റവ. മാത്യു തോമസ്, അഭിനീത് ഝാ, അൽക ഷാ, ജോസഫ് വാണിയപ്പിള്ളിൽ എന്നിവരെ അവാർഡ് നൽകി ആദരിച്ചു.

‘‘ഈ ബഹുമതികൾ ഏറ്റുവാങ്ങുന്ന ഓരോരുത്തരും തങ്ങളുടെ പ്രൊഫഷണൽ ജീവിതത്തിൽ മാത്രമല്ല, സാമൂഹ്യ സേവനത്തിലും വലിയ സമർപ്പണത്തോടെ പ്രവർത്തിച്ച ആളുകളാണ്,’’ ഡോ. ആനി പോൾ ചൂണ്ടിക്കാട്ടി. ഈ ആഘോഷം റോക്ക്‌ലാൻഡ് കൗണ്ടിയിലെ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ വളർച്ചയും സാംസ്കാരിക സംഭാവനകളും ഏറ്റുപറയുന്ന അഭിമാന നിമിഷമായി. ഇന്ത്യൻ കോൺസുലേറ്റിലെ കോൺസൽ പിയൂഷ് സിംഗ് പങ്കെടുത്തു. ആദ്യമായാണ് കോൺസുലേറ്റിൽ നിന്ന് ഔദ്യോഗികമായി ഈ പരിപാടിയിൽ പങ്കെടുക്കുന്നത്. റോക്ക്‌ലാൻഡ് കൗണ്ടിയിൽ ഓഗസ്റ്റ് മാസം ഇന്ത്യൻ പൈതൃക മാസമായി പ്രഖ്യാപിച്ച പ്രൊക്ലമേഷൻ കോൺസൽ സിങ്ങിന് നൽകി.




പരിപാടിയുടെ സാംസ്കാരിക ഭംഗി കൂട്ടിയത് പദ്മ ഇന്ത്യൻ ഡാൻസ് സ്റ്റുഡിയോയിലെ വിദ്യാർത്ഥികളായിരുന്നു ഷന്നാര സാം, അമൈറ മത്തായി, ഒലിവിയ ജോൺ, എമിലിയ എബ്രഹാം എന്നിവർ മേരി അലീന വെട്ടിച്ചിറ മാത്യുവിന്റെയും ജസ്റ്റിൻ ജോണിന്റെയും നേതൃത്വത്തിൽ നൃത്തങ്ങൾ അവതരിപ്പിച്ചു. മുൻ HVMA പ്രസിഡണ്ട്, വർഗീസ് ഒലഹന്നാൻ പരിപാടിയിൽ പങ്കെടുത്തു.

**ഫാ. മാത്യു തോമസ്**

ഫാ. മാത്യു തോമസ് കഴിഞ്ഞ 30 വർഷത്തിലേറെയായി സഭയെയും സമൂഹത്തെയും ആത്മാർപ്പണത്തോടെ സേവിച്ചിക്കുന്ന ആത്മീയ നേതാവാണ്. 1976-ൽ യുഎസിലേക്ക് കുടിയേറിയ ശേഷം, ഏകദേശം മൂന്ന് പതിറ്റാണ്ട് ക്ലിനിക്കൽ ശാസ്ത്രജ്ഞനായി പ്രവർത്തിച്ചു. 1996-ൽ





മലങ്കര ഓർത്തഡോക്സ് സഭയിൽ വികാരിയായി നിയമിതനായി. 2002 മുതൽ റോക്ക്‌ലാൻഡ് കൗണ്ടിയിലെ സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽ വികാരി. 2009-ൽ സഭയുടെ ആദ്യത്തെ മജ്ജ-രക്തദാന പരിപാടിക്ക് അദ്ദേഹം നേതൃത്വം നൽകി . ഇത് പിന്നീട് വാർഷിക ചടങ്ങായി മാറി. സർട്ടിഫൈഡ് ചാപ്ലെയിനായ ഫാ. മാത്യു, പോർട്ട് ന്യൂവാർക്കിൽ സന്നദ്ധ സേവനവും 'മീൽസ് ഓൺ വീൽസ്' മുഖേന മുതിർന്ന പൗരന്മാർക്ക് ഭക്ഷണ വിതരണവും നടത്തുന്നു. യുവജന ശുശ്രൂഷ, സാമൂഹിക സേവനം, ചാരിറ്റി എന്നിവയിലൂടെ സമൂഹത്തിൽ ഏറെ സ്വാധീനം ചെലുത്തുന്നു . ഭാര്യ മേരി മാത്യുവിനൊപ്പം വാലി കോട്ടേജിൽ താമസം.

**ജോസഫ് വാണിയപ്പിള്ളിൽ**

നാല്പതു വർഷത്തിലേറെയായി യുവജന ശാക്തീകരണത്തിനും സാംസ്കാരിക - വിദ്യാഭ്യാസ രംഗത്തും ഉത്സാഹത്തോടെ പ്രവർത്തിച്ചുവരുന്ന വ്യക്തിയാണ് ജോസഫ് വാണിയപ്പിള്ളിൽ. 1980-ൽ അമേരിക്കയിലെ വെസ്റ്റ്ചെസ്റ്ററിലേക്കും പിന്നീട് റോക്ക്‌ലാൻഡിലേക്കും കുടിയേറി. ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ അദ്ദേഹം ആദരണീയനായ നേതാവായി മാറി. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷനിലെയും ഹഡ്സൺ വാലി മലയാളി അസോസിയേഷനിലെയും (HVMA) നേതൃത്വത്തിലൂടെ മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും സംരക്ഷണത്തിന് അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചു. HVMA മലയാളം സ്കൂളിന്റെ പ്രിൻസിപ്പലായും, യുവജനോത്സവം, ലൈബ്രറി തുടങ്ങിയ പദ്ധതികളുടെ ആമുഖക്കാരനായും സേവനം ചെയ്തു. ഭക്ഷ്യ വിതരണവും രക്തദാന ക്യാമ്പുകളും ഉൾപ്പെടെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്ക







യുടെ ചെയർമാനായും, സീറോ മലബാർ കൺവെൻഷന്റെ സഹ-അധ്യക്ഷനായും, പ്രാദേശിക ഇടവകയിലെ ഭാഷാ വിദ്യാഭ്യാസ പദ്ധതികളിലും അദ്ദേഹം നേതൃത്വം നൽകി. ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റിൽ നിന്നുള്ള വിരമിച്ച ശേഷം, കോംഗേഴ്സിൽ കുടുംബത്തോടൊപ്പം താമസിക്കുന്നു.

**അഭിനീത് ഝാ**

അഭിനീത് ഝാ 20 വർഷത്തിലധികം ഐടി മേഖലയിലും, 10 വർഷത്തിലേറെയായി സാമൂഹിക പ്രവർത്തനത്തിലും അനുഭവസമ്പത്തുള്ള ടെക്നോളജി എക്സിക്യൂട്ടീവ്. Indian Cultural Society of Rockland (ICSR) മുൻ പ്രസിഡന്റായ അദ്ദേഹം, യുവജന പരിശീലനം, സാംസ്കാരിക ഉത്സവങ്ങൾ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകി. മത-സാംസ്കാരിക ഏകതയെ പ്രോത്സാഹിപ്പിക്കുന്ന ശക്തമായ ശബ്ദമാണ് അദ്ദേഹം.

**അൽക ഷാ**

അൽക ഷാ 1985 മുതൽ റോക്ക്ലാൻഡിൽ താമസിക്കുന്ന സാമൂഹിക പ്രവർത്തകയും, ഇന്ത്യൻ കൾച്ചറൽ സൊസൈറ്റി ഓഫ് റോക്ക്ലാൻഡിന്റെ പ്രസിഡന്റുമാണ്. വിവിധ ചാരിറ്റി സംഘടനകളിൽ സന്നദ്ധ സേവനം നൽകി, ഭക്ഷണ ഡ്രൈവ്, വസ്ത്രദാനം, സമൂഹ പങ്കാളിത്തം തുടങ്ങി അനേകം മേഖലകളിൽ പ്രവർത്തനം നടത്തുന്നു. ഇന്ത്യൻ സംസ്കാരത്തെ പുതിയ തലമുറയ്ക്കായി സംരക്ഷിക്കുന്നതിലും ആധുനികമായി അവതരിപ്പിക്കുന്നതിലും അൽക മുൻനിരയിലാണ്.

emalayalee.com





Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഇന്ത്യ ഇപ്പോഴും ഒരു ലിബറൽ ജനാധിപത്യ രാജ്യമാണോ?



**(സ്വാതന്ത്ര്യ ദിന ചിന്തകൾ- ജോർജ്ജ് എബ്രഹാം)**

ഇന്ത്യയുടെ 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, ലോകമെമ്പാടുമുള്ള ആളുകളുടെ മനസ്സിൽ ഒരു പ്രധാന ചോദ്യം ഉയർന്നുവരുന്നു: ഇന്നത്തെ ഇന്ത്യ യഥാർത്ഥത്തിൽ ഒരു ലിബറൽ ജനാധിപത്യമാണോ?

ഈ ആഴ്ച, അമേരിക്കയുടെ നീളമുള്ള പല നഗരങ്ങളിലും നടക്കുന്ന ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിന്റെ വ്യാപകമായ ആഘോഷങ്ങൾക്ക് നാം സാക്ഷ്യം വഹിച്ചേക്കാം. എന്നാൽ, ആധുനിക ഇന്ത്യയുടെ സ്ഥാപകർ കഠിനമായി പോരാടി നേടിയെടുത്ത സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്നതിനെക്കുറിച്ച് അത് നമ്മുടെ ചർച്ചകളിൽ മുൻപന്തിയിലായിരിക്കേണ്ട ആശങ്കയായിരുന്നിട്ടുപോലും വളരെകുറച്ചു പേരേ പറഞ്ഞുകേൾക്കുന്നുള്ളൂ. ഈ പരിപാടികൾക്ക് വേദിയൊരുക്കുന്ന സാംസ്കാരിക, മത സംഘടനകൾക്ക് ഇന്ത്യയിലെ പൗരന്മാരുടെ സ്വാതന്ത്ര്യം കുറഞ്ഞുവരുന്നതിനെക്കുറിച്ചോ അതിനായി നിലകൊള്ളുന്ന സ്ഥാപനങ്ങൾ ദുർബലമാകുന്നതിനെക്കുറിച്ചോ ആശങ്കയില്ല. അതുല്യമായ സ്ഥാനവും സ്വാധീനവുമുള്ള പ്രവാസികൾ ഈ വിഷയങ്ങളെക്കുറിച്ച് ഒരു നിലപാട് സ്വീകരിക്കുകയും സംസാരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇന്ത്യയുടെ ചരിത്രത്തിന്റെയും പൈതൃകത്തിന്റെയും പതിവ് വിവരണം ആവർത്തിക്കുകയും നമ്മുടെ വംശപരമ്പരയെക്കുറിച്ച് എല്ലാവരെയും വീണ്ടും ഓർമ്മിപ്പിക്കുകയും ചെയ്യാനാണ് അവർ ഇഷ്ടപ്പെടുന്നത്. ഈ നേതാക്കളിൽ പലരും തങ്ങൾ കുടിയേറിയ നാട്ടിൽ അവർക്ക് ലഭിച്ച അവസരങ്ങളെയും പദവികളെയും കുറിച്ച് പരാമർശിക്കുന്നതിൽ പരാജയപ്പെടുക മാത്രമല്ല, ഇവിടേക്ക് കുടിയേറാൻ നിർബന്ധിതരാകുന്നതുപോലെ പാശ്ചാത്യരുടെ 'ജീർണ്ണിച്ച സംസ്കാര'ത്തെക്കുറിച്ച് പലപ്പോഴും പരിഹാസ്യമായ അഭിപ്രായങ്ങൾ പോലും പുറപ്പെടുവിക്കുന്നു. ജനാധിപത്യം, സ്വാതന്ത്ര്യം തുടങ്ങിയ ആത്മനിഷ്ഠ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി ആഗോള



**ഇന്റർനെറ്റ് ഷട്ട്ഡൗണുകളിൽ ഇന്ത്യയാണ് ലോകത്ത് മുന്നിൽ. ട്വിറ്റർ, യൂട്യൂബ് പോലുള്ള പ്ലാറ്റ്ഫോമുകൾ സർക്കാരിനെ വിമർശിക്കുന്ന ഉള്ളടക്കം നീക്കം ചെയ്യാൻ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. മാധ്യമപ്രവർത്തകർ, ആക്ടിവിസ്റ്റുകൾ, പ്രതിപക്ഷ രാഷ്ട്രീയക്കാർ എന്നിവർക്കെതിരെ പെഗാസസ് സ്പൈവെയർ ഉപയോഗിച്ചതായും ആരോപണങ്ങളുണ്ട്**




സൂചികകളിൽ ഇന്ത്യയുടെ റാങ്കിംഗിൽ ഇടിവ് സംഭവിച്ചിട്ടുണ്ടെന്നതാണ് സമീപ വർഷങ്ങളിൽ കൊണ്ടുവന്ന ശ്രദ്ധേയമായ ഒരു പ്രവണത. ജനാധിപത്യത്തെക്കുറിച്ചുള്ള ഏറ്റവും വലിയ ആഗോള ഡാറ്റാസെറ്റായ വെറൈറ്റീസ് ഓഫ് ഡെമോക്രസി (വി-ഡെം) അനുസരിച്ച്, ഇന്ത്യ ഒരു 'ഇലക്ടറൽ സ്വേച്ഛാധിപത്യ രാജ്യമായി' തുടരുകയാണ്. ഫ്രീഡം ഹൗസ് ഇന്ത്യയെ 'സ്വതന്ത്രരാജ്യം'എന്ന സ്ഥാനത്തുനിന്ന് 'ഭാഗികമായി സ്വതന്ത്രമായ രാജ്യം' എന്നതിലേക്ക് തരംതാഴ്ത്തി. 2024 മുതൽ ആ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്കണോമിക് ഇന്റലിജൻസ് യൂണിറ്റ് (ഇഐയു) ഇന്ത്യയെ 'പാളിപ്പോയ ജനാധിപത്യം' എന്നാണ് റാങ്ക് ചെയ്യുന്നത്.നരേന്ദ്ര മോഡിയുടെ ഭരണത്തിനു കീഴിൽ മാധ്യമപ്രവർത്തകരുടെ നേർക്കുള്ള അടിച്ചമർത്തൽ ശക്തമാക്കിയിട്ടുണ്ട്, അതേസമയം ബിബിസി പോലുള്ള വാർത്താ സ്ഥാപനങ്ങൾ റെയ്ഡ് ചെയ്യുന്നതോ അന്വേഷണാത്മക പത്രപ്രവർത്തകർക്കെതിരെ വ്യാജ കുറ്റങ്ങൾ ചുമത്തുന്നതോ ഒരു പതിവ് ഭീഷണി തന്ത്രമായി മാറിയിരിക്കുന്നു. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്ന നിയമവും തീവ്രവാദ വിരുദ്ധ നിയമങ്ങളും പുതിയ സെൻസർഷിപ്പ് ബില്ലും തന്നെ വിമർശിക്കുന്നവരെ നിശ്ശബ്ദരാക്കാനാണ് മോഡി ഉപയോഗിക്കുന്നത്. മറ്റേതൊരു സ്വേച്ഛാധിപത്യ രാജ്യത്തെയും പോലെ, ഇന്ത്യയും ഓക്സ്ഫാം, കെയർ ഇന്റർനാഷണൽ പോലുള്ള സിവിൽ സൊസൈറ്റി സംഘടനകൾക്കും, കംപാഷൻ ഇന്റർനാഷണൽ, വേൾഡ് വിഷൻ പോലുള്ള മത സംഘടനകൾക്കും വിദേശ ധനസഹായം നിഷേധിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തു. അക്കാദമിക് സ്വാതന്ത്ര്യം നിലവിലെ ഭരണത്തിന്റെ മറ്റൊരു അപചയമാണ്. സർക്കാരിനെ വിമർശിക്കുന്ന പ്രൊഫസർമാരെ പിരിച്ചുവിടുന്നതിലേക്കും സംഘപരിവാർ പ്രത്യയശാസ്ത്രത്തോട് അനുഭാവമുള്ള ഭരണാധികാരികളെ നിയമിക്കുന്നതിലേക്കും വഴിവച്ചു.വർഷങ്ങളായി കോൺഗ്രസ് ഭരണത്തിനു കീഴിൽ നിർമ്മിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്ത ജനാധിപത്യ സ്ഥാപനങ്ങൾ ഇന്ന് കടുത്ത സമ്മർദ്ദത്തിലാണ്. ജുഡീഷ്യറിയിൽ എക്സിക്യൂട്ടീവിന്റെ സമ്മർദ്ദം വർദ്ധിച്ചതിന്റെ ഫലമായി രാഷ്ട്രീയപരമായ അസഹിഷ്ണുതകളുള്ള മേഖലകളിൽ നിയമവാഴ്ച സുസ്ഥിരമല്ലാതായി. നിർണായക വിഷയങ്ങളിൽ പാർലമെന്റുകളിൽ നടക്കുന്ന ചർച്ചകളിലും ഇടിവുണ്ടായിട്ടുണ്ട്. അതേസമയം ഭരണകക്ഷി ഓർഡിനൻസുകളുടെ ഉപയോഗത്തെ കൂടുതലായി ആശ്രയിക്കുകയും പ്രതിപക്ഷത്തെ നിഷ്പ്രഭരാക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷൻ അതിന്റെ നിഷ്പക്ഷതയിൽ വിട്ടുവീഴ്ച വരുത്തുകയും ബിജെപിയുടെ രാഷ്ട്രീയലക്ഷ്യങ്ങൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ഒരു സംവിധാനമായി മാറിയെന്നുമാണ് തോന്നുന്നത്.

ഇന്റർനെറ്റ് ഷട്ട്ഡൗണുകളിൽ ഇന്ത്യയാണ് ലോകത്ത് മുന്നിൽ. ട്വിറ്റർ, യൂട്യൂബ് പോലുള്ള പ്ലാറ്റ്ഫോമുകൾ സർക്കാരിനെ വിമർശിക്കുന്ന ഉള്ളടക്കം നീക്കം ചെയ്യാൻ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. മാധ്യമപ്രവർത്തകർ, ആക്ടിവിസ്റ്റുകൾ, പ്രതിപക്ഷ രാഷ്ട്രീയക്കാർ എന്നിവർക്കെതിരെ പെഗാസസ് സ്പൈവെയർ ഉപയോഗിച്ചതായും ആരോപണങ്ങളുണ്ട്, അത്തരത്തിൽ എപ്പോഴും നിരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം,അടിസ്ഥാന പൗരാവകാശങ്ങളുടെ

ലംഘനമാണ്. . നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വിവരാവകാശ നിയമത്തിലൂടെ (ആർടിഐ) കാര്യങ്ങൾ അറിയാനുള്ള സാധ്യത ഗണ്യമായി കുറഞ്ഞുവെന്നാണ് 2014-15 ലെ കേന്ദ്ര വിവരാവകാശ കമ്മീഷന്റെ (സിഐസി) വാർഷിക റിപ്പോർട്ട് പറയുന്നത്. 'ഓരോ ഇന്ത്യക്കാരനും സത്യം അറിയാൻ അർഹതയുണ്ട്. സത്യം ജനങ്ങളിൽ നിന്ന് മറച്ചുവെക്കണമെന്നും അധികാരത്തിലിരിക്കുന്നവരെ ആരും ചോദ്യം ചെയ്യരുതെന്നും ബിജെപി വിശ്വസിക്കുന്നു,ആർടിഐയിൽ നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ അതിനെ ഉപയോഗശൂന്യമായ നിയമമാക്കി മാറ്റും,' രാഹുൽ ഗാന്ധി ഒരിക്കൽ എക്സ് പ്ലാറ്റ്ഫോമിലൂടെ വ്യക്തമാക്കി. ഇന്ത്യയുടെ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ), ധനകാര്യ മന്ത്രാലയത്തിന്റെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, നികുതി അധികാരികൾ, പ്രാദേശിക പോലീസ് സേനകൾ എന്നിവപോലും പലപ്പോഴും സർക്കാരിന്റെ ഇങ്കിതം അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ആരോപിക്കപ്പെടുന്നു. സർക്കാരിനെ വിമർശിക്കുന്ന അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ പ്രതികാരമായി തങ്ങളുടെ നേതാക്കളെ പലപ്പോഴും പീഡനത്തിന് ഇരയാക്കുന്നുണ്ടെന്ന് പ്രതിപക്ഷം ആരോപിച്ചു. ഇന്ത്യയിലെ മതസ്വാതന്ത്ര്യം കൂപ്പുകുത്തുന്ന പ്രവണത തുടരുകയാണെന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ് കമ്മീഷൻ ഓൺ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡത്തിന്റെ അടുത്തിടെ പുറത്തിറക്കിയ വാർഷിക റിപ്പോർട്ടിൽ പറയുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി വർഗീയ അക്രമങ്ങൾ കുറഞ്ഞുവെന്ന് സർക്കാർ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും, ബിജെപിയുടെ ഭരണത്തിനു കീഴിൽ, ഹിന്ദു-ദേശീയവാദ ഗ്രൂപ്പുകൾ ഹിന്ദുക്കളല്ലാത്തവർക്കും ഹിന്ദു ദളിതർക്കും എതിരായ അക്രമം, ഭീഷണി, പീഡനം എന്നിവയിലൂടെ ഇന്ത്യയെ 'കാവിപൂശാൻ' ശ്രമിച്ചുവെന്ന് അതിൽ പറയുന്നു. എന്നാൽ, ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 25, 26 എന്നിവ മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്നുണ്ട്. മോഡി പ്രധാനമന്ത്രിയായി അധികാരമേറ്റതിനുശേഷം, രാജ്യത്തിന്റെ പല ഭാഗങ്ങളിലും ന്യൂനപക്ഷങ്ങളും ഭൂരിപക്ഷ സമൂഹവും തമ്മിലുള്ള സംഘർഷങ്ങൾ വർദ്ധിക്കുകയും, ഇത് ന്യൂനപക്ഷങ്ങളെ പാർശ്വവൽക്കരണത്തിലേക്ക് തള്ളിവിടുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ എംബസികളും കോൺസുലേറ്റുകളും ഇന്ന് രാജ്യത്തെ ഭരണകക്ഷിയുടെ പ്രചാരണ യന്ത്രങ്ങളായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അതാത് രാജ്യത്തിന്റെ സാമ്പത്തികവും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നു എന്ന വ്യാജേന മതപരമായ വിഷയങ്ങളോ ഭരണകക്ഷിയുടെ ദേശീയ അജണ്ടയ്ക്ക് അനുയോജ്യമായതോ ആയ കാര്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ എഴുതാൻ അവർ നിർബന്ധിതരായിരിക്കുന്നു. ഔദ്യോഗിക ചടങ്ങുകളിൽ ഇംഗ്ലീഷ് പോലും പലപ്പോഴും നിരോധിക്കപ്പെടുന്നു, ഇതിൽ പങ്കെടുക്കുന്നവരിൽ തെക്കൻ പ്രദേശങ്ങളിൽ നിന്നുള്ള ഹിന്ദി സംസാരിക്കാത്ത ആളുകളോ വിദേശത്ത് ജനിച്ചു വളർന്നവരോ ഉൾപ്പെടുന്നതുകൊണ്ട് പലരും നിരാശരാകുന്നു. ഇന്ത്യയുടെ തിരഞ്ഞെടുപ്പ് സമഗ്രത സമീപ വർഷങ്ങളിൽ വിമർശകരുടെ ആശങ്കയുടെ കേന്ദ്രബിന്ദുവാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബാംഗ്ലൂരിലെ മഹാദേവപുര നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ വൻ തട്ടിപ്പ് നടന്നതായി പ്രതിപക്ഷ നേതാവായ രാഹുൽ ഗാന്ധി അടുത്തിടെ വെളിപ്പെടുത്തിയിരുന്നു. സമീപകാലത്തുതന്നെ

**നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വിവരാവകാശ നിയമത്തിലൂടെ (ആർടിഐ) കാര്യങ്ങൾ അറിയാനുള്ള സാധ്യത ഗണ്യമായി കുറഞ്ഞുവെന്നാണ് 2014-15 ലെ കേന്ദ്ര വിവരാവകാശ കമ്മീഷന്റെ (സിഐസി) വാർഷിക റിപ്പോർട്ട് പറയുന്നത്.**




നടന്ന മഹാരാഷ്ട്ര തെരഞ്ഞെടുപ്പിൽ വ്യാജ വോട്ടിംഗ് നടന്നതായി അദ്ദേഹം നേരത്തെ ആരോപിച്ചിരുന്നു.ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ (ഇവിഎം) നിന്ന് പേപ്പർ ബാലറ്റുകളിലേക്ക് ഇലക്ഷൻ മാറണമെന്നതടക്കം മുഴുവൻ തിരഞ്ഞെടുപ്പ് സംവിധാനങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള ഘടനാപരമായ ഉത്കണ്ഠകൾ അദ്ദേഹത്തിന്റെ ആശങ്കയിൽ പ്രതിഫലിപ്പിക്കുന്നു. ഭൂരിപക്ഷത്തെ നിയമിച്ചുകൊണ്ട് ഭരണപക്ഷം തിരഞ്ഞെടുപ്പ്

കമ്മീഷന്റെ ഘടന മാറ്റിയത് പ്രതിപക്ഷ നിരയിൽ നിന്ന് ഉയർന്നുവരുന്ന പ്രതിഷേധങ്ങളും പരാതികളും സ്വാതന്ത്ര്യവും സമഗ്രവുമായി കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപനത്തിന്റെ വിശ്വാസ്യതയ്ക്കുമേൽ ഗുരുതരമായ കളങ്കം ചാർത്തി.

ജനാധിപത്യത്തിന്റെ അടിസ്ഥാനം വ്യക്തിസ്വാതന്ത്ര്യമാണെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, ആ തത്വം സംരക്ഷിക്കുന്നതിനായി നിർമ്മിച്ച സ്ഥാപനങ്ങൾ ഇന്ന് ചിലരുടെ ചൊല്പടിക്ക് പ്രവർത്തിക്കാൻ നിർബന്ധിതമായിരിക്കുന്നു. ലോകത്തിലെ ഏറ്റവും വൈവിധ്യപൂർണ്ണമായ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. രാജ്യത്തെ ജനസംഖ്യയിൽ 80% ഹിന്ദുക്കളും, 14% മുസ്ലീങ്ങളും, സിഖുകാരും, ക്രിസ്ത്യാനികളും, ഏകദേശം 2% വീതവുമുണ്ട്. ജാതികളും ഉപജാതികളും, നിരവധി ഭാഷകളും, ഉപഭാഷകളും, വ്യത്യസ്ത വസ്ത്രധാരണ രീതികളും ഭക്ഷണ രീതികളും വ്യത്യസ്തമായ ആചാരങ്ങളും പാരമ്പര്യങ്ങളും ഇന്ത്യയിലുണ്ട്. നരേന്ദ്ര മോഡി അധികാരമേറ്റശേഷം,കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി രാഷ്ട്രീയവും സാമൂഹികവുമായ സന്തുലിതാവസ്ഥ നൽകിയ അധികാര ഘടനകൾ ദുർബലപ്പെടുകയും, ന്യൂനപക്ഷങ്ങളുടെ അഭിലാഷങ്ങൾ അവഗണിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ, ഇന്ത്യ ഇന്ന് നിൽക്കുന്നത് വഴിത്തിരിവിന്റെ പാതയിലാണ്. മോഡി ഭരണകൂടത്തിന്റെ പല വിമർശകരും അദ്ദേഹത്തിന്റെ ഭരണം ആർഎസ്എസ് പ്രത്യയശാസ്ത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഒരു രാഷ്ട്രീയ സിദ്ധാന്തത്താൽ നയിക്കപ്പെടുന്ന ഒന്നാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു. സംഘപരിവാർ സംഘടനകളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പൊതു ഘടകത്തെ അടിസ്ഥാനമാക്കിയുള്ള ആ പ്രത്യയശാസ്ത്രത്തെ 'ബിജെപിയുടെ ഹിന്ദു ദേശീയ അജണ്ട' എന്ന് വിളിക്കുന്നു. ബഹുസ്വരവും ജനാധിപത്യപരവുമായ ഇന്ത്യയിൽ ഭൂരിപക്ഷ മതത്തിന് മുൻതൂക്കം നൽകുകയും ന്യൂനപക്ഷങ്ങളെ തരംതാഴ്ത്തി അവരുടെ വിധേയരാക്കിക്കൊണ്ട് അതിനെ ഹിന്ദു രാഷ്ട്രമാക്കി മാറ്റുക എന്നതാണ് അജണ്ടയുടെ ആത്യന്തിക ലക്ഷ്യം, ഒരുപക്ഷേ ജനസംഖ്യയുടെ ഒരു പ്രധാന വിഭാഗത്തിന് തുല്യ സംരക്ഷണമോ അവസരങ്ങളോ നിഷേധിക്കപ്പെടുകയും ചെയ്യും.

ഭരണഘടനാ ശിൽപികൾ ഒരു ജനാധിപത്യ സംവിധാനം സൃഷ്ടിച്ചുകൊണ്ട്; അതിൽ നിയമനിർമ്മാണ സഭ നിയമങ്ങൾ രൂപീകരിക്കുകയും; എക്സിക്യൂട്ടീവ് നിയമങ്ങൾ നടപ്പാക്കുകയും; പാർലമെന്റിനോട് ഉത്തരവാദിത്തമുള്ളവരായിരിക്കുകയും; ഒരു സ്വതന്ത്ര ജുഡീഷ്യറി നിയമങ്ങൾ വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് രീതി. രാജ്യത്തിന്റെ ഈ മൂന്ന് പ്രധാന സംവിധാനങ്ങളിലും പരിശോധനയും സന്തുലനവും ഏർപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ,കുറച്ചു വർഷങ്ങളായി ഇന്ത്യയിലെ ഈ മൂന്ന് സംവിധാനങ്ങളും പരസ്പര അവരുടെ ബന്ധത്തിന്റെ അതിരുകൾ മറികടന്നു. ലോക്സഭയിൽ എൻഡിഎയ്ക്ക് ഭൂരിപക്ഷമുണ്ട്, അവിടെ അവർ സാധാരണ ബില്ലുകൾ പാസാക്കുകയും പിന്നീട് രാജ്യസഭയിലേക്ക് ആ സ്ഥാപനത്തിലെ അവരുടെ എണ്ണത്തിലെ കുറവ് മറികടക്കാൻ പണ ബില്ലുകളായി(മണി ബിൽ) കൈമാറുകയും ചെയ്യുന്നു. വിവിധ പാർലമെന്ററി കമ്മിറ്റികളെ മറികടന്ന് അവശ്യ ബില്ലുകളിൽ ചർച്ച ചെയ്യുന്നതിലും അവർ തികഞ്ഞ അവഗണന കാണിച്ചിട്ടുണ്ട്. 2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഭാരതീയ ജനതാ പാർട്ടിയുടെ വിജയം ഇന്ത്യയുടെ ജനാധിപത്യത്തിനെതിരെ അഭൂതപൂർവമായ ആക്രമണത്തിന് തുടക്കമിട്ടു, രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ജീവിതത്തിലേക്ക് അത് അസഹിഷ്ണുതയുടെയും സ്വേച്ഛാധിപത്യത്തിന്റെയും പുതിയ ഘടകങ്ങൾ കുത്തിവച്ചു. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകൾ, നിയമവാഴ്ച, പൗരസ്വാതന്ത്ര്യം, ന്യൂനപക്ഷ അവകാശ സംരക്ഷണം, ബഹുസ്വരത, രാഷ്ട്രീയരംഗത്തെ മത്സരം, സ്ഥാപനപരമായ സ്വയംഭരണം എന്നീ സ്തംഭങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് ഒരു ലിബറൽ ജനാധിപത്യ രാഷ്ട്രം നിലനിൽക്കുന്നതെന്ന് മിക്ക രാഷ്ട്രീയ നിരീക്ഷകരും സമ്മതിക്കുന്ന കാര്യമാണ്. മോഡി സർക്കാർ ഇക്കാര്യങ്ങളിലെല്ലാം പൂർണ്ണമായും പരാജയപ്പെട്ടുകൊണ്ട്, 'വികലമായ ജനാധിപത്യം' എന്ന അപമാനകരമായ നാമം രാജ്യത്തിന് നേടികൊടുത്തു.

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ ഒരിക്കൽ പറഞ്ഞു: 'പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് നമ്മൾ മൗനം പാലിക്കുന്ന ദിവസം മുതൽ നമ്മുടെ ജീവിതം അവസാനിക്കാൻ തുടങ്ങുന്നു ' എന്ന്. ഇന്ത്യയുടെ ജനാധിപത്യത്തിന്റെ അവസ്ഥയെക്കുറിച്ച് പ്രവാസികൾ ദീർഘകാലമായി തുടരുന്ന മൗനം ഇനിയും തുടരുമോ എന്നതാണ് ഇവിടുത്തെ ചോദ്യം.

# പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെൻറ് ആഗസ്ത് 24ന് ന്യൂ യോർക്കിൽ

## ഫോമ മെട്രോ റീജിയൻ ആതിഥേയത്വം നൽകുന്നു

### എം.എൽ.എ മാരായ മാണി സി കാപ്പൻ, മോൻസ് ജോസഫ്, സംവിധായകനും നടനുമായ ജോണി ആൻറണി എന്നിവർ മുഖ്യാതിഥികൾ.

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക് : പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെൻറ് ആഗസ്ത് 24, ശനിയാഴ്ച ന്യൂയോർക്കിലെ ബെത്പേജ് മൾട്ടി സ്പോർട് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടക്കുന്നതാണെന്നു ആതിഥേയരായ ഫോമ മെട്രോ റീജിയൺ ഭാരവാഹികൾ ഇൻഡ്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ന്യൂയോർക്ക് ചാപ്റ്ററുമായി നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ബോളിബോൾ മുൻ ഇൻഡ്യൻ ദേശീയ താരം മാണി സി. കാപ്പൻ എം.എൽ.എ , മോൻസ് ജോസഫ് എം.എൽ.എ, സംവിധായകനും നടനുമായ ജോണി ആൻറണി എന്നിവർ മുഖ്യാഥിതികളായി സംബന്ധിക്കും.

അമേരിക്കയിൽ നിന്നും കാനഡയിൽനിന്നുമായി 24 ടീമുകൾ ടൂർണമെന്റിൽ പങ്കെടുക്കും.






ട്രോഫികൾ കൂടാതെ എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ നൽകുന്ന 5000 ഡോളറിൻറെ ക്യാഷ് അവാർഡും വിജയികളാകുന്ന ടീമുകൾക്ക് ലഭിക്കുമെന്നും മെട്രോ റീജിയൺ ആർ.വി. പി. മാത്യു ജോഷ്വ പറഞ്ഞു. യുവാക്കളെ ഫോമയിലേക്കും, അതുപോലെ അവരുടെ സർഗാല്മകമായ കഴിവുകളെ ക്രിയാത്മകമായി സമൂഹ നന്മയ്ക്കായി വിനിയോഗിക്കുന്നതിന്റേയും ഭാഗമായാണ് ഫോമ ഈ വോളിബോൾ ടൂർണ്ണമെന്റിനു ആതിഥേയത്വം വഹിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. മൾട്ടി സ്പോർട് ഇൻഡോർ സ്റ്റേഡിയത്തിലെ അഞ്ചു കോർട്ടുകളിയായി കളികൾ നടക്കുമെന്നും, ഓപ്പൺ പൂളിൽ പന്ത്രണ്ടു ടീമുകലും, 18 വയസിൽ താഴെ ഉള്ളവരുടെ ആറു ടീമുകളും, അതുപോലെ നാൽപ്പത്തിനു മുകളിൽ ഉള്ളവരുടെ ആറു ടീമുകളും മത്സരത്തിൽ മാറ്റുരക്കുമെന്നു ടൂർണമെൻറ് കോർഡിനേറ്റർ ബിഞ്ചു ജോൺ പറഞ്ഞു. കളികൾ രാവിലെ എട്ടുമണിക്ക് ആരംഭിക്കും. പ്രൊഫഷണൽ റഫറികൾ ആയിരിക്കും കളികൾ നിയന്ത്രിക്കുക. ട്രോഫികളും, ക്യാഷ് അവാർഡും അന്നേദിവസം വൈകുന്നേരം ആറു മണിക്ക് എൽമോണ്ടിലുള്ള സെയിന്റ് വിൻസെന്റ് ഡി പോൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ബാങ്ക്വറ്റിൽ വച്ച് ബഹുമാനപ്പെട്ട എം.എൽ.മാർ വിതരണം ചെയ്യുന്നതാണെന്ന് റീജിയണൽ സെക്രട്ടറി മാത്യു ജോഷ്വ (ബോബി) അറിയിച്ചു.

തദവസരത്തിൽ 2026 ആഗസ്റ്റിൽ ഹ്യൂസ്റ്റനിൽ വച്ചു നടക്കുന്ന 9-ാമത് ഫോമ ഇന്റർനാഷണൽ കൺവൻഷന്റെ കിക്കോഫും നടത്തുന്നതാണെന്നു



ഫോമ നാഷണൽ ജോയിന്റെ സെക്രട്ടറി പോൾ ജോസ് പറഞ്ഞു. എം.എൽ. എ മ്മാരായ മാണി.സി കാപ്പൻ , മോൻസ് ജോസഫ് , കൂടാതെ സംവിധായകനും നടനുമായ ജോണി ആൻറണി എന്നിവരും, ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ , സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമാ കൃഷ്ണൻ തുടങ്ങിയവരും സംബന്ധിക്കും.



കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വോളിബോൾ ടീം അംഗമായിരുന്ന, തൊടുപുഴ കരിങ്കുന്നം സ്വദേശി നടുമ്പറമ്പിൽ എൻ.കെ. ലൂക്കോസ് 1980 ൽ ആണ് അമേരിക്കയിൽ എത്തുന്നത്. അമേരിക്കയിൽ എത്തിയിട്ടും ചെറുപ്പം മുതലുള്ള വോളിബോൾ പ്രേമം കൈവിട്ടുപോയില്ല. അദ്ദേഹവും സുഹൃത്തുക്കളും ചേർന്ന് 1987 ൽ 'കേരള സ്പൈക്കേഴ്സ്' എന്ന പേരിൽ ഒരു വോളിബോൾ ടീം ന്യൂയോക്കിൽ രൂപീകരിച്ചു. സ്പോർട്സ് കൂടാതെ വിവിധ സാമൂഹിക - സാംസ്കാരിക രംഗങ്ങളിലും എൻ.കെ. ലൂക്കോസ് സജീവമായിരുന്നു. എന്നാൽ 2003 ൽ ന്യൂജേഴ്സിയിലുണ്ടായ ഒരു വാഹന അപകടത്തിൽ അദ്ദേഹം അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടി കുടുംബവും, സുഹൃത്തുക്കളും ചേർന്ന് രൂപീകരിച്ച എൻ.കെ. ലൂക്കോസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ, വോളിബോൾ കളിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കഴിഞ്ഞ 18 വർഷമായി അമേരിക്കയിലും, കേരളത്തിലും വോളിബോൾ ടൂർണ്ണമെന്റുകൾ നടത്തിവരുന്നു. ഇക്കൊല്ലം 5000 ഡോളറാണ് എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ വിജയികൾക്ക് സമ്മാനമായി നൽകുന്നതെന്നു എൻ.കെ. ലൂക്കോസിൻറെ മകളും, ഫൗണ്ടേഷൻ ട്രസ്റ്റിയുമായ സെറിൻ ലൂക്കോസ് പറഞ്ഞു.

ന്യൂയോർക്ക് കേരള സെന്ററിൽ നടന്ന വാർത്താ സമ്മേളനത്തിൽ ഫോമ മെട്രോ റീജിയനെ പ്രതിനിധീകരിച്ചു, ആർ.വി.പി. മാത്യു ജോഷ്വാ, ഫോമ നാഷണൽ ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ടൂർണ്ണമെൻറ് കോർഡിനേറ്ററും, റീജിയണൽ ട്രഷററുമായ ബിഞ്ചു ജോൺ, റീജിയണൽ സെക്രട്ടറി മാത്യു ജോഷ്വാ (ബോബി), ഫോമ മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോസ് വർഗീസ്, എബ്രഹാം ഫിലിപ്പ്, സുവനീർ കമ്മിറ്റി ചെയർമാൻ മാത്തുക്കുട്ടി ഈശോ, എൻ.കെ. ലൂക്കോസിൻറെ ഭാര്യ ഉഷ ലൂക്കോസ്, മകളും, ഫൗണ്ടേഷൻ ട്രസ്റ്റിയുമായ സെറിൻ ലൂക്കോസ് എന്നിവർ പങ്കെടുത്തു.

ഇൻഡ്യ പ്രസ് ക്ലബ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി സ്വാഗതം പറഞ്ഞു. പ്രസ് ക്ലബ്ബിനെ പ്രതിനിധീകരിച്ചു ഐ.പി.സി.എൻ.എ നാഷണൽ പ്രസിഡൻറ് സുനിൽ ട്രൈസ്റ്റാർ, മുൻ പ്രസിഡന്റ് താജ് മാത്യു, ഐ.പി.സി.എൻ.എ കൺവൻഷൻ ചെയർമാൻ സജി എബ്രഹാം, ചാപ്റ്റർ ട്രഷറർ ബിനു തോമസ്, ട്രഷറർ ജേക്കബ് മാനുവേൽ തുടങ്ങിയവരും പങ്കെടുത്തു.

കൂടാതെ ഫോമ നേതാക്കളായ തോമസ് കോശി, ലാലി കളപ്പുരക്കൽ, തോമസ് ഉമ്മൻ, ബിജു ചാക്കോ, ജയിംസ് മാത്യൂ, ബേബികുട്ടി തോമസ്, അലക്സ് എസ്തപ്പാൻ, ഷാജി വർഗീസ്, ജോസി സ്കറിയ, ജെശിൻ സാമുവേൽ, അലക്സ് സിബി എന്നിവരും സംബന്ധിച്ചു.

മെട്രോ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ ടൂർണ്ണമെന്റിനെ സാമ്പത്തികമായി സഹായിച്ച എല്ലാ സ്പോൺസേർസിനോടുമുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നതായി ഭാരവാഹികൾ പറഞ്ഞു.


MALABAR
GOLD & DIAMONDS
300 BRANCHES SPREAD ACROSS USA, UAE, OMAN, QATAR, KUWAIT, BAHRAIN, KSA, SINGAPORE, MALAYSIA & INDIA

# ഡിട്രോയിറ്റ് കേരള ക്ലബ്ബിന്റെ 'കേരളീയം' വേറിട്ട അനുഭവമായി




അലൻ ചെന്നിത്തല

മിഷിഗൺ: 1975-ൽ സ്ഥാപിതമായ മിഷിഗണിലെ ആദ്യ ഇന്ത്യൻ കലാ സാംസ്കാരിക സംഘടനയായ ഡിട്രോയിറ്റ് കേരള ക്ലബ്ബിന്റെ സുവർണ്ണ ജൂബിലി ആഘോഷം 'കേരളീയം' മിഷിഗണിലെ ഇന്ത്യൻ സമൂഹത്തിന് വേറിട്ട അനിഭവമായി മാറി. അഞ്ച് പതിറ്റാണ്ട് പിന്നിട്ട ഡിട്രോയിറ്റ് കേരള ക്ലബ്ബിന്റെ കേരളീയം എന്ന മെഗാ ഷോയിലൂടെ വർണ്ണാഭമായ പരിപാടികളാണ് അവതരിപ്പിക്കപ്പെട്ടത്. മിഷിഗണിലെ സാമൂഹിക സാംസ്കാരിക രാക്ഷ്ട്രീയ നേതാക്കൾ പങ്കെടുത്തു. മിഷിഗണിലെ ഇന്ത്യൻ സമൂഹത്തോടൊപ്പം ഇന്ത്യാന, ഒഹായോ, കലാമസൂ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ളവരും ഒത്തുചേർന്നപ്പോൾ വ്യത്യസ്തമായ ഇന്ത്യൻ സംസ്കാരത്തിന്റെ ഒത്തുചേരലായി മാറി.




കേരളത്തിന്റെ കലാ സാംസ്കാരിക പാരമ്പര്യവും വിശ്വാസാചാര മൂല്യങ്ങളും വിളിച്ചോതുന്ന നിറപ്പകിട്ടാർന്ന കലാപരിപാടികളും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പരമ്പരാഗത നൃത്തകലാ രൂപങ്ങളും അവതരിപ്പിക്കപ്പെട്ടു. കഥകളി, കളരിപ്പയറ്റ് തുടങ്ങിയവക്കൊപ്പം കേരളത്തിന്റെ മതമൈത്രി വിളിച്ചോതുന്ന മോഹിനിയാട്ടം, ഒപ്പന, മാർഗ്ഗംകളി എന്നിവയും അരങ്ങേറി. കേരളത്തിന്റെ ചെണ്ടമേളം, മ





ഹാരാഷ്ട്ര ഫോക്ക് ഡാൻസ്, തെലുങ്കു ബാത്തുകാമ്മ, ധോൽ-ചെണ്ട ഫ്യൂഷൻ, ഫ്ലാഷ്മോബ് എന്നിവ കാണികളിൽ ആവേശകരമായ ആനന്ദമാണ് സൃഷ്ടിച്ചത്.

കേരളീയ സംസ്കാരത്തിന്റേയും കലയുടേയും വിശ്വാസാചാരങ്ങയുടെയും നേർക്കാഴ്ചയായിരുന്നു കേരളീയത്തിലൂടെ സൗത്ഫീൽഡ് പവലിയനിൽ ഒരുക്കിയ എക്സിബിഷൻ സെന്ററുകൾ. കേരളത്തിന്റെ പ്രകൃതി ഭംഗി വിളിച്ചോതുന്ന മനോഹരമായ കട്ടൗട്ടുകൾ കൊണ്ട് അലങ്കരിച്ച എക്സിബിഷൻ സെന്ററുകൾ കേരളത്തിൽ നേരിട്ടെത്തിയ ഒരനുഭവം കാണികൾക്ക് സമ്മാനിച്ചു. പ്രശസ്ത ഗായകർ ഫ്രാങ്കോയും ലക്ഷ്മി നായരും ചേർന്ന ബാക്ക് വാട്ടേഴ്സ് ബീറ്റ്സിന്റെ ഗാനമേള, വർണ്ണാഭമായ ഫാഷൻ ഷോ, വെർച്യുൽ റിയാലിറ്റി ഷോ എന്നിവയും കേരളീയത്തിന് മാറ്റു കൂട്ടി.

കേരളത്തനിമയാർന്ന ഭക്ഷണങ്ങളുടേയും വസ്ത്രങ്ങളുടേയും കരകൗശല വസ്തുക്കളുടേയും വിപുലമായ ശേഖരവുമായി നിരവധി സ്റ്റാളുകൾ പ്രവർത്തിച്ചു. പവലിയനിൽ ഒരുക്കിയ കേരളക്ലബ് ചായക്കട ഏവർക്കും കേരളത്തിലെ ചായക്കടയുടേയും അതിലെ നാടൻ വിഭങ്ങളുടെയും ഗൃഹാതുരത്വമാർന്ന അനുഭവമായി മാറി. മിഷിഗണിലെ ഇന്ത്യൻ സമൂഹത്തിന് എന്നും ഓർമ്മയിൽ സൂക്ഷിക്കുവാൻ നവ്യാനുഭവം സമ്മാനിച്ച ഡിട്രോയിറ്റ് കേരള ക്ലബ്ബിന്റെ ‘കേരളീയം‘ വൻവിജയമായി പര്യവസാനിച്ചു.




MEN
PATHANAMTHITTA
KOTTAYAM
ERNAKULAM





# പത്തരമാറ്റ് തിളക്കത്തിൽ – മാറ്റ് (MAT) ഓണാഘോഷ പരിപാടികൾ അരങ്ങേറി




രാജു മൈലപ്രാ

നടത്തപ്പെട്ടു. തനി നാടൻ രുചിയിൽ 'മാർട്ടിൻ കേറ്ററേഴ്സ്' തയ്യാറാക്കിയ ഓണസദ്യയോടു കൂടി, പതിനൊന്നു മണിയോടെ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ ആഘോഷങ്ങൾക്കു തുടക്കമായി.

തുടർന്ന് താലപ്പൊലിയുടെയും, താളമേളങ്ങളുടേയും അകമ്പടിയോടു കൂടി മാവേലിത്തമ്പുരാനെ വേദിയിലേക്കാനയിച്ചു.

മാസ്റ്റർ ഓഫ് സെറിമണീസ് ജോമോൻ തെക്കേതോട്ടിയിലിന്റെ ആമുഖ പ്രസംഗത്തിനുശേഷം, ശ്രീവികാ ദീപക് അമേരിക്കൻ ദേശീയഗാനവും, 'ഷീ മാറ്റ്' ഇൻഡ്യൻ ദേശീയ ഗാനവും ആലപിച്ചു.

തുടർന്ന് മാവേലി മന്നന്റെ നേതൃത്വത്തിൽ പ്രസിഡന്റ് ജോൺ കല്ലോലിക്കൽ, മാറ്റ് ഭാരവാഹികൾ, വന്ദ്യ പുരോഹിതന്മാർ, ബിജു തോണിക്കടവിൽ (FOMAA), ജോമോൻ ആന്റണി(ആർ.വി.പി. സൺഷൈൻ റീജിയൻ), രാജീവ് കുമാരൻ(ഫൊക്കാന), ലിന്റോ ജോളി(ആർ.വി.പി.–ഫ്ളോറിഡ), സ്പോൺസേഴ്സ് ആയ മാത്യു മുണ്ടിയാങ്കൽ, സാബു ലൂക്കോസ് എന്നിവർ ചേർന്ന് വിശിഷ്ടാതിഥികളുടെ സാന്നിദ്ധ്യത്തിൽ ഭദ്രദീപം കൊളുത്തി.

മാവേലിയുടെ ഓണാശംസകൾക്കു ശേഷം പ്രസിഡന്റ് ജോൺ കല്ലോലിക്കൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ വൻജനപങ്കാളിത്തം എന്ന് അദ്ദേഹം എടുത്തു പറഞ്ഞു.

അമേരിക്കൻ മലയാള സാഹിത്യകാരൻ രാജു മൈലപ്രാ ഓണ സന്ദേശം നൽകി. ഫൊക്കാനയെ പ്രതിനിധീകരിച്ച് ശ്രീ.രാജീവ് കുമാരനും, ഫോമയെ പ്രതിനിധീകരിച്ച് മുൻ സെക്രട്ടറി ശ്രീ.ബിജു തോണിക്കടവിലും ആശംസകൾ



നേർന്നു. കർഷക ശ്രീ അവാർഡ് നേടിയ മേഴ്സി പീറ്ററിനും, തോമസ് പീറ്ററിനുമുള്ള പുരസ്ക്കാരം ശ്രീമതി സുനിതാ ഫ്ളവർഹില്ലിന്റെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് കമ്മറ്റി കൈമാറി.

സെക്രട്ടറി ശ്രീമതി അനഘാ വാര്യർ നന്ദി പ്രകാശനം നടത്തി.

സമയബന്ധിതമായി തീർന്ന പൊതുസമ്മേളനത്തിനു ശേഷം, ഇടവേളകളില്ലാതെ തുടർച്ചയായി അരങ്ങേറിയ പരിപാടികൾ കാണികളുടെ മുക്തകണ്ഠം പ്രശംസ നേടി.

പൂജാ ഡാൻസ്, തിരുവാതിര, മോഹിനിയാട്ടം, നയനയും, മീരയും അവതരിപ്പിച്ച ക്ലാസിക്കൽ ഡാൻസ്, യുവജനങ്ങളുടേയും, കുട്ടികളേയും നയനമനോഹരമായ നൃത്തങ്ങൾ, രമ്യയും, ശ്രുതിയും അവതരിപ്പിച്ച ഡാൻസ്, അബിയുടേയും, ഹരിയുടേയും ഗാനാലാപം തുടങ്ങിയ വിവിധ കലാപരിപാടികൾ കാണികളുടെ മനം കവർന്നു.

തുടർന്ന് സമ്മാനദാന ചടങ്ങു നടന്നു. മാവേലിയായി വേഷമണിഞ്ഞതു ശ്രീ.എം.എം.മാത്യുവാണ്. മാത്യു മുണ്ടിയാംങ്കൽ, സാബു ലൂക്കോസ് എന്നിവരായിരുന്നു പരിപാടികളുടെ പ്രധാന സ്പോൺസേഴ്സ്- Pixel Riders Media-ആണ് ഫോട്ടോ 4 വീഡിയോ ചുമതല നിർവ്വഹിച്ചത്. ജോമോൻ ആന്റണി (TMA President), സാബു ആന്റണി (ORMA പ്രസിഡന്റ്), ജിബി ജോസഫ് (ORUMA പ്രസിഡന്റ്), അരുൺ ഭാസ്കർ (ATHMA പ്രസിഡന്റ്), ജെറി കാമ്പിയിൽ (MAD പ്രസിഡന്റ്), ടോണി ജാനു (Telugu Association Presient), ഇളയ രാജാ (Tamil Association President), വിജയ രാഘവൻ (ശ്രീ.അയ്യപ്പാ ടെമ്പിൾ പ്രസിഡന്റ്), ശ്രീ.ഹരിപ്രസാദ് (Temple Priest), സാഹിബ് സുബൈർ കസീമി; ഫാദർ ജിമ്മി ജെയിംസ് (സീറോ മലബാർ ചർച്ച്), റവ.ഫാ.ജോർജ് എബ്രാഹാം (മാർ ഗ്രീഗോറിയോസ് യാക്കോബായ ചർച്ച്), ഫാ.പ്രേം (മാർത്തോമ്മ ചർച്ച്); ഫാദർ ജോസഫ് ചാക്കോ, ഫാദർ ജോർജ് വർക്കി, ഫാദർ ജോബി, ഫാദർ ജോസ് അടവപ്പള്ളിൽ, കമാൻഡർ ജോർജ് കോരുത്, മാത്യു മുണ്ടിയാംങ്കൽ, സാബു ലൂക്കോസ് തുടങ്ങി നിരവധി വിശിഷ്ടാതിഥികൾ പരിപാടികളിൽ സംബന്ധിച്ചു.ജോമോൻ തെക്കേതോടിയിൽ മാസ്റ്റർ ഓഫ് സെറിമണീസ് ആയി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.















# ഇൻഡ്യ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അന്താരാഷ്ട്ര മാധ്യമ സമ്മേളനം ഫിലാഡൽഫിയ ചാപ്റ്റർ കിക്ക് ഓഫ് വിജയകരം




emalayalee.com

**സുമോദ് തോമസ് നെല്ലിക്കാല,**
**IPCNA ഫിലാഡൽഫിയ ചാപ്റ്റർ സെക്രട്ടറി**

ഫിലാഡൽഫിയ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂ ജേഴ്സിയിൽ നടക്കുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിനു മുന്നോടിയായി ഫിലാഡൽഫിയ ചാപ്റ്റർ സംഘടിപ്പിച്ച കിക്ക് ഓഫ് സമ്മേളനം മയൂര റെസ്റ്റാറൻ്റിൽ വച്ച് നടന്നു. ഇൻഡ്യ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഫിലാഡൽഫിയ ചാപ്റ്റർ പ്രെസിഡൻ്റ് അരുൺ കോവാട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ നാഷണൽ പ്രെസിഡൻ്റ് സുനിൽ ട്രൈസ്റ്റാർ, നാഷണൽ ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, നിയുക്ത പ്രെസിഡൻ്റ് രാജു പള്ളത്തു, കൂടാതെ ഫിലാഡൽഫിയയിലെ പ്രസ് ക്ലബ് അംഗങ്ങളും, സാംസ്കാരിക സാമൂഹിക നേതാക്കളും ഈ ചടങ്ങിൽ പങ്കെടുത്തു. ചാപ്റ്റർ സെക്രട്ടറി സുമോദ് നെല്ലിക്കാല യോഗ നടപടികൾ നിയന്ത്രിച്ചു. ട്രെഷറർ വിൻസെൻ്റ് ഇമ്മാനുവേൽ ഇൻഡ്യ പ്രെസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അന്താരാഷ്ട്ര മാധ്യമ കോൺഫെറൻസിനു ഫിലാഡൽഫിയ ചാപ്റ്ററിൻ്റെ എല്ലാവിധ സഹകരണങ്ങളും അറിയിക്കുകയുണ്ടായി.

ഈ കോൺഫറൻസിലേക്ക് ഫിലാഡൽഫിയയിലെ മാദ്ധ്യമ സ്നേഹികളായ എല്ലാവരെയും ക്ഷണിക്കുന്നതായി നാഷണൽ പ്രസിഡൻ്റ് സുനിൽ ട്രൈസ്റ്റാർ പറഞ്ഞു. തികച്ചും വെത്യസ്ഥമായി വരുന്നവർക്കെല്ലാം തന്നെ ഈ കോൺഫറൻസിൽ പങ്കെടുക്കുവാനും കേരളത്തിൽ നിന്നും ഇവിടെയുമുള്ള മുതിർന്നതും പ്രശസ്തരുമായ മാധ്യമ പ്രവർത്തകരോടൊപ്പം തന്നെ രാഷ്ട്രീയ രംഗത്തെ അതികായരുമായി സമയം പങ്കിടാനും അവരുമായി സംവാദത്തിലേർപ്പെടാനുമുള്ള നോർത്തമേരിക്കയിലെ ഏക വേദി ആണ് ഇന്ത്യ പ്രസ് ക്ലബ് കോൺഫറൻസ് സമ്മേളന സ്ഥലം എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു! ഇത് വരെ ഫിലാഡെൽഫിയ ഏരിയയിൽ നിന്ന് വൻ പിച്ച സഹകരണമാണ് ഉണ്ടായിട്ടുള്ളതെന്നും ഈ വർഷവും അത് പ്രതീക്ഷിക്കുന്നതായും



നാഷണൽ ജനറൽ സെക്രട്ടറി ഷിജോ പൗലോസ് തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. വെറും ഒരു മണിക്കൂർ യാത്ര ചെയ്താൽ എത്താവുന്ന ന്യൂ ജേഴ്സിയിലെ എഡിസണിലാണ് ഇപ്രാവശ്യത്തെ സമ്മേളനം എന്നതും അദ്ദേഹം പറഞ്ഞു.

അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിൻസിനു കേരളത്തിൽ നിന്നുള്ള പ്രശസ്തരായ മാധ്യമപ്രവർത്തകർ ജോണി ലൂക്കോസ്, ഹാഷ്മി താജ് ഇബ്രാഹിം, ലീൻ ജെസ്മസ്, അബ്ജോത് വർഗീസ്, സുജയ പാർവതി, കൂടാതെ രാഷ്ട്രീയ രംഗത്തെ പ്രഗത്ഭരും ഒരേ വേദിയിൽ പങ്കെടുക്കുന്നതാണ്. ഇന്ത്യ പ്രസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ അഭംഗുരം തുടരും എന്നും ഇപ്രാവശ്യത്തെ കോൺഫറൻസിന്റെ വിജയത്തിനായി അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നാഷണൽ ട്രഷറർ വിശാഖ് ചെറിയാൻ, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം കൂടാതെ അഡ്വൈസറി ബോർഡും, ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലിയുടെ നേത്രത്വത്തിൽ ചാപ്റ്റർ ഭാരവാഹികളും പ്രവർത്തിച്ചു വരുന്നു എന്നു നിയുക്ത പ്രസിഡന്റ് രാജു പള്ളത്തു അറിയിച്ചു. സമ്മേളന മികവ് കൊണ്ട് ഖ്യാതി നേടിയ പ്രസ് ക്ലബ്ബിന്റെ സമ്മേളനത്തോടനുബന്ധിച്ചു പ്രശസ്ത സിനിമ ടി.വി കലാകാരൻമാരുടെ എന്റർടൈൻമെന്റ് നൈറ്റ് ഒരുക്കിയിട്ടുണ്ട് എന്നദ്ദേഹം പറഞ്ഞു.

യാതൊരു പ്രതിഫലവും പ്രതീക്ഷികാതെ എല്ലാ സംഘടനകളുടെയും വളർച്ചക്കുവേണ്ടി നിരന്തരം വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന റീജിയണൽ ലേഖകർ മുതൽ മുതൽ ഓൺലൈൻ ചാനലുകളും പത്രങ്ങളും ടെലിവിഷനും അമേരിക്കൻ മലയാളികളുടെ ഇടയിൽ ചെയ്യുന്ന പ്രേവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണെന്നും അതിനു എല്ലാവിധ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യേണ്ടത് സമൂഹത്തിന്റെ കടമയാണെന്നും പ്രമുഖ അറ്റോർണി ജോസഫ് കുന്നേൽ തന്റെ ആശംസ പ്രസംഗത്തിൽ ഓർമിപ്പിച്ചു. അങ്ങോട്ട് ചോദിക്കാതെ തന്നെ അറ്റോർണി കുന്നേൽ സിൽവർ സ്പോൺസർ തന്നു തന്റെ പിന്തുണ അറിയിച്ചു. അറ്റോർണി കുന്നേലിൽ നിന്നും സെക്രട്ടറി ഷിജോ പൗലോസ് സിൽവർ സ്പോൺസർഷിപ് തുക കൈപ്പറ്റി. അതോടൊപ്പം പ്രസ് ക്ലബ്ബിന്റെ സ്വന്തം എന്ന് വിശേഷിപ്പിക്കാവുന്ന ഫിലാഡൽഫിയ ചാപ്റ്റർ അംഗം സുധ കർത്തയും മുന്നോട്ട് വന്നു സ്പോൺസർഷിപ് തുക ഷിജോക്ക് കൈമാറി. ഫിലാഡൽഫിയയിലെ തന്നെ തോമസ് പോളും തന്റെ സംഭാവന കൈമാറി പ്രസ് ക്ലബ്ബിന്റെ പ്രവർത്തങ്ങളെ സഹായിച്ചു.

ഫിലാഡൽഫിയയിലെ വിവിധ സാമൂഹിക സാംസ്കാരിക സംഘടകൾക്കുവേണ്ടി ജോൺ പണിക്കർ, അഭിലാഷ് ജോൺ, സജി സെബാസ്റ്റ്യൻ, തോമസ് പോൾ, സ്റ്റാൻലി ജോൺ, ജോസ് തോമസ്, കോര ചെറിയാൻ എന്നിവർ ആശംസ അർപ്പിക്കാനെത്തിയിരുന്നു. ഫിലാഡൽഫിയ മറ്റു ചാപ്റ്റർ അംഗങ്ങളായ റോജിഷ് സാമുവേൽ (വൈസ് പ്രെസിഡൻറ്റ്), ജോർജ് ഓലിക്കൽ (ജോയ്ൻറ്റ് സെക്രട്ടറി), സിജിൻ തിരുവല്ല (ജോയ്ൻറ്റ് ട്രെഷറർ), ചാപ്റ്റർ മെംബേർസ് ജോബി ജോർജ്, സുധാകർത്താ, ജോർജ് നടവയൽ, രാജു ശങ്കരത്തിൽ, ജീമോൻ ജോർജ്, ജിജി കോശി, ലിജോ ജോർജ്, ജിനോ ജേക്കബ്, സജു വർഗീസ്, എബിൻ സെബാസ്റ്റ്യൻ എന്നിവർ ചടങ്ങിലെ സജീവസാന്നിധ്യമായിരുന്നു.



# ആവേശ ഗാലറികളെ ത്രസിപ്പിച്ച് കോട്ടയം ബ്രദേഴ്സ് കാനഡ, ടിസാക്ക് അന്താരാഷ്ട്ര വടംവലി ചാമ്പ്യൻസ്; ഗ്ലാഡിയേറ്റേഴ്സ് കാനഡ റണ്ണേഴ്സ് അപ്പ്




ജീമോൻ റാന്നി

ഹൂസ്റ്റൺ: ആവേശത്തിമിർപ്പിന്റെ പോർക്കളത്തിൽ കാരിരുമ്പിന്റെ കരുത്തുമായി കാലുറപ്പിച്ച് കമ്പക്കയറിൽ സിംഹഗർജനത്തോടെ ആഞ്ഞുവലിച്ച് ആയിരങ്ങളുടെ ആവേശമായിമാറിയ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ, ടെക്സസ് ഇന്റർനാഷണൽ സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബിന്റെ (ടിസാക്ക്) അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ചാമ്പ്യൻമാരായി. മെയ്ക്കരുത്തും മനക്കരുത്തും സ്വന്തമാക്കിയ ഗ്ലാഡിയേറ്റേഴ്സ് കാനഡ റണ്ണറപ്പായി ട്രോഫി ഉയർത്തി. കായികശേഷി പരീക്ഷിച്ച് ഗാലക്സി ഡബ്ളിൻ അയർലൻഡ് മൂന്നാം സ്ഥാനക്കാരുടെ കപ്പെടുത്തു. ന്യൂയോർക്ക് കിങ്സാണ് നാലാം സ്ഥാനത്തെത്തിയത്.

ഓഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച രാവിലെ രാവിലെ മുതൽ വൈകുന്നേരം 10 മണി വരെ ഫോർട്ബെൻഡ് കൗണ്ടി എപ്പിസെന്ററിലായിരുന്നു മല്ലൻമാർ ചേരിതിരിഞ്ഞ് ചുവടുറപ്പിച്ച് താളത്തിനൊത്ത് കയറിൽ പിടിമുറുക്കിയ വടംവലിയുടെ പെരും





പോരാട്ടം അരങ്ങേറിയത്. ഏതാണ്ട് ആറായിരത്തിലധികം കാണികൾ സാക്ഷ്യം വഹിച്ച ടിസാക്കിന്റെ ഈ നാലാം സീസൺ മൽസരം അമേരിക്കൻ മലയാളി സമൂഹത്തിൽ കായികാഭിനിവേശത്തിന്റെ വേറിട്ട ചരിത്രമെഴുതി. എരിയുന്ന കനലിൽ കാരിരുമ്പിട്ട് വെട്ടി കൊത്തുപണിയിലൂടെ കടഞ്ഞെടുത്ത ഉരുക്ക് മുഷ്ഠിയും അടിപതറാത്ത പാദച്ചുവടുകളുമായി ശ്വാസമടക്കിപ്പിടിച്ചിരുന്ന കാണികൾക്ക് ആവേശത്തിന്റെ പൂരക്കാഴ്ചയാണ് കായിക കേരളത്തിന്റെ പോരാട്ടങ്ങൾക്ക് അമേരിക്കൻ മണ്ണിൽ ആസ്ഥാനമുറപ്പിച്ച ടിസാക്ക് സമ്മാനിച്ചത്.


ചാമ്പ്യൻമാരായ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീം, മെൽവിൻ തോമസ് വാഴപ്പള്ളിൽ-എക്സൽ റിയൽറ്റി & സി.ഒ & മാത്യു കല്ലിടുക്കിൽ സ്പോൺസർ ചെയ്ത 8001 ഡോളറും പ്രോംപ്റ്റ് റിയൽറ്റിയുടെ പേരിലുള്ള ട്രോഫിയും, റണ്ണേഴ്സ് അപ്പായ കുളങ്ങര ഫാമിലി നേതൃത്വം നൽകിയ ഗ്ലാഡിയേറ്റേഴ്യ് കാനഡ ടീം ഫോർസൈറ്റ് കൺസ്ട്രക്ഷൻ-അനീഷ് സൈമൺ സ്പോൺസർ ചെയ്ത 6001 ഡോളറും എം.എച്ച്.എസ് കൺസ്ട്രക്ഷന്റെ പേരിലുള്ള ട്രോഫിയും, മൂന്നാം സ്ഥാനക്കാരായ ഗാലക്സി ഡബ്ളിൻ അയർലൻഡ് ടീം യു.ജി.എം-പ്രിൻസ് പോൾ & ഡോ. ഷിജു സക്കറിയ സ്പോൺസർ ചെയ്ത 4001 ഡോളറും അർകോള ഡന്റൽ ഡോ. നവീൻ നൻകിയ ട്രോഫിയും, സ്വന്തമാക്കി. നാലാം സ്ഥാനത്തെത്തിയ ന്യൂയോർക്ക് കിങ്സ്, ഷോൺ ലൂക്ക് വെട്ടിക്കൽ-താജംസ് മാർബിൾസ് & ഗ്രാനൈറ്റ് സ്പോൺസർ ചെയ്ത 2001 ഡോളറും സെന്റ് മേരീസ് പെട്രോളിയത്തിന്റെ പേരിലുള്ള ട്രോഫിയും സ്വന്തമാക്കി.

അഞ്ചുമുതൽ എട്ടുവരെ സ്ഥാനങ്ങളിലെത്തിയ ടീമുകളുടെ പേര് വിവരങ്ങൾ ഇപ്രകാരം. ബ്രായ്ക്കറ്റിൽ സ്പോൺസേഴ്സിന്റെ പേരുവിവരങ്ങളാണ് രേഖപ്പെടുത്തി






യിരിക്കുന്നത്. * അഞ്ചാം സ്ഥാനം: ഹൂസ്റ്റൺ ബ്രദേഴ്സ്-$ 1001 (ബെൽ ഫോർട്ട് ലോയൽ ഇൻവസ്റ്റ്മെന്റ്) * ആറാം സ്ഥാനം: ഗരുഡൻസ് ടൊറന്റോ-$ 1001 (സന്ദീപ് തേവർവേലിൽ-പെറിഹോംസ്: എ ട്രഡീഷൻ ഓഫ് എക്സലൻസ്) * ഏഴാം സ്ഥാനം: കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക്- $ 1001 (ആൻസ് ഗ്രോസറി) * എട്ടാം സ്ഥാനം: ഹോക്സ് കാനഡ- $ 1001 (സീബ്രാ പ്രോഡക്ട്സ് എൽ.എൽ.സി).



പുരുഷകേസരികൾക്കൊപ്പം മഹിളാമണികളും വിട്ടുവീഴ്ചയില്ലാതെ പോരടിച്ചപ്പോൾ, ഡാളസ് ഡാർളിങ്സിന്റെ പെൺകരുത്ത് ട്രോഫിയിൽ മുത്തമിടുകയും മസാല ഹട്ട്-റിമൽ & സുനിൽ സ്പോൺസർ ചെയ്ത $ 2501 നേടിയെടുക്കുകയും ചെയ്തു. രണ്ടാം സ്ഥാനം ഹൂസ്റ്റൺ കാന്താരീസും-$ 1501 (മാസ് മ്യൂച്വൽ ഇൻഷുറൻസ്-ജോർജ് ജോസഫ് സി.എച്ച്.എഫ്.സി), മൂന്നാം സ്ഥാനം ഷിപ്പ്മാൻ കോവ് ടഗ് റിബൽസും-$ 1001 (ജെനുവിൻ ക്രാഫ്റ്റ്-മാത്യു & അലക്സ്) കരസ്ഥമാക്കി.

ഹെവി വെയ്റ്റ് വിഭാഗത്തിൽ ഹൂസ്റ്റൺ കിങ്സ് ക്ലബ് ഒന്നാം സ്ഥാനത്തെത്തി സൈക്കിൾ അഗർബത്തീസ് സ്പോൺസർ ചെയ്ത $ 1501 സ്വന്തമാക്കി. രണ്ടാം സ്ഥാനം-ഹൂസ്റ്റൺ സ്റ്റാലിയൻസും-$ 1001 (നെക്സിനോവ്, സൊല്യൂഷൻസ് ഫോർ ബിസിനസ്), മൂന്നാം സ്ഥാനം ഹൂസ്റ്റൺ റോയൽസും-$ 501 (ലിജോ ലൂക്കോസ്) നേടി.

കൊടുങ്കാറ്റിലും ആടിയുലയാത്ത മെയ്ക്കരുത്തും മനക്കരുത്തും കാട്ടി 1 മുതൽ 7 വരെയുള്ള ബെസ്റ്റ് പൊസിഷനുകളിലെത്തിയ ശ്രീരാഗ്-ഗ്ലാഡിയേറ്റർ, ഗീരു-കെ.ബി.സി, ജെയ്സ്-ന്യൂയോർക്ക് കിങ്സ്, ജിനേഷ്-ഗാലക്സി അയർലൻഡ്, റോബിൻസൺ-ഗ്ലാഡിയേറ്റർ, സുമൽ-കെ.ബി.സി, ഷിന്റോ-ഗാലക്സി അയർലൻഡ് ട്രോഫിയും ആകർഷകമായ പ്രൈസ് മണിയും കരസ്ഥമാക്കി. ഗ്ലാഡിയേറ്ററിന്റെ അജീഷ് ആണ് മോസ്റ്റ് വാല്യുബിൾ പ്ലെയർ. ഗ്ലാഡിയേറ്ററിന്റെ അനന്തു ബെസ്റ്റ് കോച്ചായി.

പോരാട്ടച്ചൂട് ശമിപ്പിക്കാൻ എയർ കണ്ടീഷൻ ചെയ്ത ഇൻഡോർ സ്റ്റേഡിയത്തിലാണ് ടിസാക്കിന്റെ സീസൺ-4 വടംവലി പോരാട്ടങ്ങൾ നടന്നത്. അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലി മൽസരമായിരിരുന്നു ഇത്. കൈയ്യും മെയ്യും മറന്ന് ശക്തിയും ബുദ്ധിയും ഓരേ ബിന്ദുവിൽ കേന്ദ്രീകരിച്ച ഗോദയിലേയ്ക്ക് കച്ചമുറുക്കി എത്തിയത് യു.എസ്.എയ്ക്ക് പുറമെ കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി ടീമുകളാണ്.

മേയർ റോബിൻ ഇലക്കാട്ട് അഡ്വൈസറി ചെയർമാനായുള്ള കമ്മറ്റിയാണ് വടംവലി മത്സരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചത്. ടിസാക്ക് ചെയർമാൻ ഡോ. സക്കറിയ തോമസ്, പ്രസിഡന്റ് ഡാനി വി രാജു, സെക്രട്ടറി ജിജോ കരോട്ട്മുണ്ടയ്ക്കൽ, ട്രഷറർ റിമൽ തോമസ്, പി.ആർ.ഒ ജിജു കുളങ്ങര, വൈസ് പ്രസിഡന്റ് ജോയി തൈയിൽ, ജോയിന്റ് സെക്രട്ടറി മാത്യൂസ് കറുകക്കളം, ജോയിന്റ് ട്രഷറർ ഫിലിപ്പ് ചോരത്ത്, ടൂർണമെന്റ് കോ-ഓർഡിനേറ്റർമാരായ ചാക്കോച്ചൻ മേടയിൽ, ലൂക്ക് കിഴക്കേപ്പുറത്ത് തുടങ്ങിയവർ മത്സരങ്ങളുടെ ചുക്കാൻ പിടിച്ചു.





# ഇന്റർ പാരിഷ് ടാലന്റ് ഫെസ്റ്റിനു (IPTF 2025) വിജയകരമയ സമാപനം:

## കൊപ്പേൽ, മക്കാലൻ ഇടവകകൾ വീണ്ടും ചാമ്പ്യരായി; റീജണിലെ വലിയ സീറോ മലബാർ കൂട്ടായ്മ.




മാർട്ടിൻ വിലങ്ങോലിൽ

ടെക്സാസ് (പേർലാൻഡ്) : ടെക്സാസ് - ഒക്കലഹോമ റീജണിലെ എട്ടാമത് സീറോ മലബാർ ഇന്റർ പാരിഷ് ടാലന്റ് ഫെസ്റ്റിനു (IPTF 2025) ഹൂസ്റ്റണിലെ പേർലാന്റിൽ തിരശീല വീണു. പേർലാൻഡ് സെന്റ് മേരീസ് സീറോ മലബാർ ഇടവകയുടെ ആഭിമുഖ്യത്തിൽ ജൂലൈ 1 മുതൽ 3 വരെ തീയതികളിൽ ആയിരുന്നു ടാലന്റ് ഫെസ്റ്റ്.

ഡിവിഷൻ ’എ’ വിഭാഗത്തിൽ 146 പോയിന്റുകൾ നേടി കൊപ്പേൽ സെന്റ്. അൽഫോൻസാ സീറോ മലബാർ പാരീഷ് ഓവറോൾ ചാമ്പ്യരായി. ഗാർലാൻഡ് സെന്റ് തോമസ് ഫൊറോനാ, ഹൂസ്റ്റൺ സെന്റ് ജോസഫ് ഫൊറോനാ എന്നീ പാരീഷുകൾ 84, 79 പോയിന്റുകൾ നേടി യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഡിവിഷൻ ’ബി’ യിൽ ഡിവൈൻ മേഴ്സി മക്കാലൻ, സെന്റ് മറിയം ത്രേസ്യാ മിഷൻ നോർത്ത് ഡാളസ് എന്നീ പാരീഷുകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

കായികമേളയുടെ ആദ്യദിനമാ






യ വെള്ളിയാഴ്ച വൈകുന്നേരം നടന്ന പൊതു സമ്മേളനത്തിൽ, ചിക്കാഗോ രൂപതാധ്യക്ഷൻ മാർ. ജോയി ആലപ്പാട്ട് തിരി തെളിച്ചു ഫെസ്റ്റിന്റെ ഒദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.

രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, പേർലാന്റ് സെന്റ് മേരീസ് ഇടവക വികാരിയും, ഇവന്റ് ഡയറക്ടറുമായ ഫാ. വർഗീസ് ജോർജ് കുന്നത്ത്, മറ്റു ഇടവക വികാരിമാരായ ഫാ. മാത്യുസ് മുഞ്ഞനാട്ട്, ഫാ. ജോണിക്കുട്ടി പുലിശ്ശേരി, ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, ഫാ. ജോർജ് പാറയിൽ, ഫാ. സിബി സെബാസ്റ്റ്യൻ, ഫാ. റോയ് മൂലേച്ചാലിൽ, ഫാ. ജിമ്മി എടക്കളത്തൂർ, ഫാ. ആന്റോ. ജി ആലപ്പാട്ട്, ഫാ. സുനോജ് തോമസ്, ഫാ. ബിനീഷ് മാത്യു എന്നിവരും, സിസ്റ്റർ ആഗ്നസ് മരിയ, സിസ്റ്റർ ബെൻസി റപ്പായി, മുഖ്യ സ്പോൺസറായ സിജോ വടക്കൻ (സിഇഒ ട്രിനിറ്റി ഗ്രൂപ്പ്), ജോസി ജോർജ് (ഗോൾഡ് സ്പോൺസർ, സിഇഒ ഡോൾഫിൻ ഡിജിറ്റൽ) തുടങ്ങിയവരും സന്നിഹിതരായിരുന്നു.

ഇതോടനുബന്ധിച്ചു വേദിയിൽ നടന്ന ഇടവകകളുടെ മാർച്ച് പാസ്സും, ഓപ്പണിങ് സെറിമണിയും വർണ്ണാഭമായി.




ടെക്സാസ് - ഒക്ലഹോമ റീജണിലെ പത്തു ഇടവകകളിൽ നിന്നായി അറുനൂറോളം മത്സരാർത്ഥികളാണ് മൂന്നു ദിവസം നീണ്ട കലാമേളയിൽ പങ്കെടുത്തത്. കുട്ടികളും, യുവജനങ്ങളും, അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത കലാമേള റീജണിലെ സീറോ മലബാർ വിശ്വാസികൾ പങ്കെടുത്ത വലിയ കൂട്ടായ്മ കൂടിയായി.

മേളയോടനുബന്ധിച്ചു നടന്ന റാഫിൾ നറുക്കെടുപ്പും, ഭക്ഷ്യമേളയും വൻവിജയമായിരുന്നു.

സമാപന ദിവസം നടന്ന പുരസ്കാരദാന ചടങ്ങിൽ, ചിക്കാഗോ രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ, ഇവന്റ് ഡയറക്ടർ ഫാ. വർഗീസ് ജോർജ് കുന്നത്ത്, മറ്റു ഇടവക വികാരിമാരും സ്പോൺസേഴ്സും ചേർന്ന് വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിച്ചു.

ഫാ. വർഗീസ് ജോർജ് കുന്നത്ത് (ഇവന്റ് ഡയറക്ടർ), ഫ്ലെമിംങ് ജോർജ് (ജനറൽ കോ-ഓർഡിനേറ്റർ), അഭിലാഷ് ഫ്രാൻസിസ് (ഫിനാൻസ്), ജോഷി വർഗീസ് (ഐ.ടി/രജിസ്ട്രേഷൻ), എക്സിക്യൂട്ടീവ് ടീം അംഗങ്ങളായ ആനി എബ്രഹാം, ജെയ്സി സൈമൺ, അലീന ജോജോ, ട്രസ്റ്റിമാരായ സിബി ചാക്കോ, ഷാജു ഷാജു നേരെപറമ്പിൽ, ബെന്നിച്ചൻ ജോസഫ്, റജി സെബാസ്റ്റ്യൻ തുടങ്ങിയവരും വിവിധ സബ് കമ്മറ്റികളും കലാമേളയുടെ വിജയത്തിനു നേതൃത്വം നൽകി.


SYRO-MALABAR
INTER PARISH
TALENT FEST
TEXAS OKLAHOMA REGION
AUGUST 1 - 3
2025






INTER PARISH
TALENT FEST
2025


"I will strengthen you and help you"
Isaiah 41:10
SYRO-MALABAR
INTER PARISH
TALENT FEST
TEXAS OKLAHOMA REGION
AUGUST 1 - 3
2025
ST. MARY'S SYRO-MALABAR CHURCH, PEARLAND, TX
powered by
TRINITY GROUP
2031


S OKLAHOMA REGION
2025


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി




**നേഹ ഷിജു ജോൺസൺ**

ന്യൂയോർക്ക് : കടമ്പനാട് തെക്ക് കൈതറേത്ത് പുത്തൻ വീട്ടിൽ ഷിജു കെ ജോൺസന്റെ മകൾ നേഹ ഷിജു ജോൺസൺ (17 വയസ്സ്) ന്യൂയോർക്കിൽ വച്ച് അന്തരിച്ചു.



**ചിന്നമ്മ ഏബ്രഹാം**

ഫിലഡൽഫിയ: കളരിക്കൽ എബ്രഹാംചാക്കോയുടെ ഭാര്യ കേരള ഗവ. റിട്ട. നഴ്സ് ചിന്നമ്മ ഏബ്രഹാം (71) ഫിലഡൽഫിയയിൽ അന്തരിച്ചു



**ജോസഫ് ജോർജ് ഡിക്രൂസ്**

ന്യൂയോർക്ക്: ദീർഘകാലമായി ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലന്റിൽ താമസിച്ചു വന്നിരുന്ന ജോസഫ് ജോർജ് ഡിക്രൂസ്(96) അന്തരിച്ചു. പരേതയായ മറിയാമ്മ ജോസഫ് ആയിരുന്നു സഹധർമ്മിണി. നെൽസൺ ജോസഫ്, ലാലി ജോക്സൺ, ബിജു ജോസഫ്, ഷീജ ഏബ്രഹാം, ഡോ.റിജി വിൻസന്റ്, പരേതയായ മേരി മാത്യു എന്നിവരാണ് മക്കൾ. ഉഷ, ഡൊമിനിക്ക്, ജേക്കബ്, സോണി, ഏബ്രഹാം, വിൻസന്റ് എന്നിവർ ജാമാതാക്കളുമാ ണ്. ഷീജ, ടോം, ജിജോ, ജിബി, ജോയൽ, റോഷൻ, റിയ, ബ്രൈസ്, ഷോൺ, ആഷർ, ചിന്നു, നോയൽ, നിക്കോൾ, നവീൻ എന്നിവർ കൊച്ചു മക്കളും, യോഹാൻ, ഡൊമിനിക്ക് എന്നിവർ കൊച്ചുമക്കളുടെ മക്കളുമാണ്.




**ഭാസ്ക്കരൻ നായർ**

ന്യൂയോർക്ക്: ന്യൂയോർക്കിൽ സ്ഥിര താമസമാക്കിയിരുന്ന കൊയ്പ്പള്ളി കാരാഴ്മ വാർഡ്10-ൽ അമ്പോലിൽ വടക്കതിൽ ഭാസ്ക്കരൻ നായർ അന്തരിച്ചു. കുടുംബാംഗങ്ങൾ സുധ നായർ, രാജേഷ് നായർ, രമേഷ് നായർ, അർച്ചന നായർ, അഞ്ജന നായർ, സരസമ്മ നായർ, പരേതനായ ഉണ്ണികൃഷ്ണൻ നായർ.

**ഏലിക്കുട്ടി തോമസ്**

മേമ്മുറി:നൂറോക്കരിയിൽ ഏലിക്കുട്ടി തോമസ് (103) അന്തരിച്ചു. ഭർത്താവ്: പരേതനായ തോമസ്. മക്കൾ. കുഞ്ഞമ്മ, ആലീസ്, ഫിലോമിന, ബേബി, സിസ്റ്റർ ആനി (ആലുവ), ത്രേസ്യാമ്മ, പരേതനായ ചാക്കോ. മരുമക്കൾ: ജോസഫ്, കുഞ്ഞമ്മ (കുമരകം), അപ്പച്ചൻ കുഞ്ഞമ്മ ജോയി കാച്ചപ്പള്ളി (മധുരവേലി), പരേതനായ ജോസഫ് ചെങ്ങളത്ത് (മേമ്മുറി).



**കെ വി. ഫിലിപ്പ്**

ന്യൂയോർക്ക്: കെ .വി .ഫിലിപ്പ് അരിസോണയിലെ ഫീനിക്സിൽ അന്തരിച്ചു. റിട്ട. മിലിട്ടറി പോലീസ് ഓഫീസറും മികച്ച സ്പോർട്മാനും വോളിബാൾ താര വും ആയിരുന്നു.ഭാര്യ ഏലിയാമ്മ ഫിലിപ്പ് അടൂർ പറക്കോട് കുളഞ്ഞിയിൽ പുത്തൻ വീട് കുടുംബാംഗം . മക്കൾ: സ്റ്റാൻലി കളത്തിൽ, മേബിൾ, സ്റ്റീജാ, റോസൻ .മരുമക്കൾ: ബിന്ദു വറുഗീസ്, ജോയ്സ് എബ്രഹാം , ലിറ്റു ജോസഫ്, എജി ജോർജ് . കൊച്ചുമക്കൾ: സ്നേഹ കളത്തിൽ, ജോബിൻ എബ്രഹാം, റിയ ജോസഫ് , സ്റ്റീവ്, രൂബേൻ ജോസഫ് , ആബിഗേൽ ജോർജ് , സൈറ , ഐഡൻ ജോർജ്.

**എൻ.ജെ.ജോസ്**

ഉഴവൂർ:പയസ് മൗണ്ട് നിരപ്പിൽ എൻ.ജെ.ജോസ് (72) അന്തരിച്ചു.ഭാര്യ: മേരി.



**ആൽവിൻ**

ന്യൂ യോർക്ക് : ആൽവിൻ (27) പന്തപ്പാട്ട് റോക്ക്‌ലാൻഡ് കൗണ്ടിയിലെ സ്റ്റോണി പോയിന്റിൽ കാർ അപകടത്തിൽ മരണമടഞ്ഞു. പരേതൻ കോട്ടയം തോട്ടക്കാട് പന്തപ്പാട്ട് വർഗ്ഗീസിന്റെയും എലിസബത്തിന്റെയും ഇളയ പുത്രനാണ്. സഹോദരങ്ങൾ : ജോവിൻ വർഗീസ്, മെറിൻ ജോബിൻ. സഹോദരി ഭർത്താവ് ജോബിൻ ജോസഫ് ,ഇടാട്ടിൽ,ലോങ്ങ് ഐലൻഡ്ക്രസ്ട്രോൺ ഇലക്ട്രോണിക്സ് , ഓറഞ്ച്ബർഗ്, ന്യൂജേഴ്സി സിസ്റ്റം മാനേജർ ആയിരുന്നു ആൽവിൻ.


**തമ്പാൻ വർഗീസ്**

കോട്ടയം:ജെ ആൻഡ് ടി സൈക്കിൾ ഷോപ്പ് ഉടമ മുട്ടമ്പലം വളവുചിറയ്ക്കൽ തമ്പാൻ വർഗീസ് (72) അന്തരിച്ചു. ഭാര്യ: ഗീ തമ്മ. മക്കൾ: ടിജോ (യുകെ), ടോം.മരുമകൾ: സീന.



**കുഞ്ഞമ്മ കുഞ്ഞപ്പി**

ഡാളസ്: കൊല്ലം കുന്നത്തൂർ തുരുത്തിക്കര മരുതിനാംവിളയിൽ പരേതനായ കുഞ്ഞപ്പി ചാക്കോയുടെ ഭാര്യ കുഞ്ഞമ്മ കുഞ്ഞപ്പി (101) ഡാളസിൽ അന്തരിച്ചു. കല്ലട തരകൻ പറമ്പിൽ കുടുംബാംഗമാണ്. കുന്നത്തൂർ പ്രദേശത്തെ ആദ്യ പെന്തക്കോസ്ത് വിശ്വാസിയാണ്. മക്കൾ: തങ്കമ്മ കുര്യൻ, പൊടിയമ്മ ഏബ്രഹാം, പെണ്ണമ്മ മാത്യു, മേരിക്കുട്ടി വർഗ്ഗീസ്, പാസ്റ്റർ കെ. ജോയി (ഡൽഹി), കെ. ബാബു, റോസമ്മ മാത്യു, കെ. തോമസ് കുട്ടി. മരുമക്കൾ: പരേതനായ പാസ്റ്റർ ടി. എൽ. കുര്യൻ, പി. സി. ഏബ്രഹാം, മാത്യു മത്തായി, ടൈറ്റസ് വർഗ്ഗീസ്, സൂസമ്മ ജോയി, സിസിലാമ്മ ബാബു, ഷാജു മാത്യു, ഷേർലി തോമസ്. 24 കൊച്ചുമക്കൾ ഉണ്ട്.സാം മാത്യൂ കൊച്ചുമകനാണ്.



**വി.ജി രാജു**

ന്യൂയോർക്ക്:മാത്തൂർ വാണിയപള്ളിൽ വി.ജി. രാജു (75) അന്തരിച്ചു. ഭാര്യ: പന്തളം കുരമ്പാല അമ്പലത്തിനാൽ സുമ രാജു. മകൾ :റിൻസി ലിജോ മരുമകൻ ലിജോ തങ്കച്ചൻ(ദുബായ് ). റോസമ്മ മാത്യു (സെന്റ് തോമസ് മാർത്തോമാ ചർച്ച,ന്യൂയോർക്ക്),ഡെയ്സി ഓഗസ്റ്റിൻ, (വിൻസെന്റ് ഡി പോൾ കാത്തലിക് ചർച്ച്,ന്യൂയോർക്ക്) എന്നിവർ സഹോദരിമാരാണ്.

**പി.കെ.ശോശാമ്മ**

മുളയംവേലി:തെങ്ങുപള്ളിൽ പരേതനായ പി.എം.ജോണിന്റെ (റിട്ട. അധ്യാപകൻ) ഭാര്യ പി.കെ.ശോശാമ്മ (92) അന്തരിച്ചു. മകൾ: ഡെയ്സി പോൾ. മരുമകൻ: ഫാ. പോൾ ഏബ്രഹാം (വികാരി സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി മീനടം).



**ഏലിയാമ്മ പരേഖ്**

ഡിട്രോയിറ്റ്: മുളക്കുഴ പിരളശ്ശേരി മക്കാട്ടിൽ കുടുംബാംഗമായ ഏലിയാമ്മ പരേഖ് (88) ഡിട്രോയിറ്റിൽ അന്തരിച്ചു.ആദ്യകാല പ്രവാസികളിൽ ഒരാളായ ഏലിയാമ്മ പരേഖ് ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക അംഗമാണ്. പരേതനായ മന്ഹർ പരേഖിന്റെ സഹധർമ്മിണി ആണ്. മക്കൾ: ഡോ. അനിത, അഞ്ജു മരുമക്കൾ: ഡോ. റാണ്ടി, ക്രെയിഗ് കൊച്ചുമക്കൾ: അമീര, ലീല, ജയ്ഡൻ, ജയ, ജീവൻ.

**ജോർജ് ജോസഫ്**

നാലുകോടി:കൊണ്ടോടി വെട്ടികാട് ജോസ് ഭവനിൽ ജോർജ് ജോസഫ് (72) അന്തരിച്ചു. ഭാര്യ: പരേതയായ ഏലമ്മ ജോർജ്. മക്കൾ: ക്രിസ്റ്റി, അന്നു, ജോസഫ് ജോർജ്. മരുമക്കൾ: ജോബിൻ പാറാന്തോട്ടം, മാത്യു ഡോ. സുനന്യ ജോസഫ്.



**ആന്റണി തോമസ്**

ഹ്യൂസ്റ്റൺ: ഒല്ലൂർ സ്വദേശി മൊയലൻ ആന്റണി തോമസ്, 95, ഹൂസ്റ്റണിൽ അന്തരിച്ചു. ബർമയിലും പിന്നീട് ഒറീസയിൽ ഗവൺമെൻറ് സർവീസിലും ജോലി ചെയ്തു. ഭാര്യ സെലിൻ സ്കൂൾ പ്രിൻസിപ്പലായിരുന്നു. റിട്ടയർമെന്റിനു ശേഷം കേരളത്തിലേക്ക് മടങ്ങി. 2000-ൽ മക്കളോടൊപ്പം ചേരാൻ അമേരിക്കയിലെത്തി. മക്കൾ: ബിജോയ് (ഭാര്യ നിർമ്മല); മകൻ സന്തോഷ്, (ഭാര്യ ഷൈനി); ഡോ ആനി (സീമ) മൈക്കൾസ് (ഭർത്താവ് കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡന്റ് മൈജോ മൈക്കൾസ്).

**എ.എൻ.രാജപ്പൻ**

കറിക്കാട്ടൂർ:അമ്പാട്ടുപറമ്പിൽ എ.എൻ.രാജപ്പൻ (64) അന്തരിച്ചു. ഭാര്യ: രാധാമണി. മക്കൾ: രാജേശ്വരി, രാഹുൽ.



**ബേബി തോമസ്**

കാനഡ : ഫോട്ടോഗ്രാഫർ എസ്.എച്ച് മൗണ്ട് മഠത്തിപ്പറമ്പിൽ ബേബി തോമസ് (72) കാനഡയിൽ അന്തരിച്ചു. ഭാര്യ: ഓണംതുരുത്ത് പാട്ടശേരിൽ മേരിക്കുട്ടി. മക്കൾ : സ്മിത മനോജ് (യുകെ), ടോം ബേബി (കാനഡ). മരുമക്കൾ: മനോജ് റോസ് വില്ല കൊടുമൺ (മസ്കത്ത്) പ്രിയ ടോം കൂടുന്തയിൽ പുന്നത്തുറ (കാനഡ).

**പോത്തൻ ഏബ്രഹാം**

ഞീഴൂർ:എൻഎംആർ റിട്ട. ജീവനക്കാരൻ മുകളേൽ പോത്തൻ ഏബ്രഹാം (86) അന്തരിച്ചു. ഭാര്യ: ഏലിയാമ്മ. മക്കൾ: സാബു , സലീജ, സോഫിയ (ഇരുവരും യുഎസ്), പരേതയായ സീന. മരുമക്കൾ: സിനി തച്ചേരിൽ (ഇരവിമംഗലം), ജോസ് കൂവക്കട, ഷിബു മുടിക്കുന്നേൽ (ഉഴവൂർ), ജോണി ആക്കംപറമ്പിൽ.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News